
LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 ജൂൺ വാല്യം 3 ലക്കം 6




## വിശ്വാസത്തിന്റെ കല്പന

**ദേവസ്യാ മുല്ലക്കര സാർ**

# വിശുദ്ധിയും വേർപാടും എന്നത് കനത്ത വിശ്വാസം തന്നെയോ?

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

**വി**ശ്വാസികൾ ഉണർന്നെഴുന്നേൽക്കണം; എന്നും വിശ്വാസിയുടെ അനുദിനജീവിതത്തിൽ യേശുവിന്റെ വിജയം ഒരു യാഥാർത്ഥ്യം തന്നെയായിരിക്കണം. യേശുവിലൂടെയുള്ള വിശ്വാസത്താൽ നമ്മുടെ ജീവിതത്തിലെ സകല രംഗങ്ങളിലും വൻ വിജയം ഉണ്ടാകും, അതിന് പരിശുദ്ധാത്മാവ് സഹായിക്കുക തന്നെ ചെയ്യും. മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ ദൈവം ഇന്ന് അത്ഭുതങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ലോകത്തെ ജയിച്ച ജയമൊ നമ്മുടെ വിശ്വാസം തന്നെയെന്ന് ബൈബിൾ പഠിപ്പിക്കുന്നു. വീണ്ടും ബൈബിൾ ചോദിക്കുന്നു, യേശു ദൈപുത്രൻ എന്ന് വിശ്വസിക്കുന്നവനല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ? (1 യോഹ.5:4,5).

നല്ല പ്രാർത്ഥനയുള്ളവർക്ക് നല്ല വിശ്വാസമില്ലെങ്കിൽ പ്രാർത്ഥനകൊണ്ട്, കുറച്ചുനേട്ടമേ ഉണ്ടാകൂ. നല്ല വചനപരിജ്ഞാനമുള്ളവർക്ക് പ്രാർത്ഥനയും നല്ലപോലെ ഉണ്ടെങ്കിലും, വിശ്വാസം വേണ്ടത്രയില്ലെങ്കിൽ വളരെ കുറച്ചേ നേട്ടങ്ങളുണ്ടാവുകയുള്ളു.

ദൈവത്തെ പ്രീതിപ്പെടുത്തുന്ന ഏറ്റവും വലിയ ആത്മീയസംഭവമാണ് വിശ്വാസം. സാത്താൻ ഏറ്റവും കൂടുതൽ വെറുക്കുന്നതും വിശ്വാസത്തെയും വിശ്വാസിയെയുമാണ്. യോഹ.11:40-ൽ യേശു പറഞ്ഞ വചനം എല്ലാവരും ഓർത്തിരിക്കും: "വിശ്വാസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്ന് ഞാൻ നിന്നോട് പറഞ്ഞില്ലയോ?"

വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു എന്ന് എബ്രാ.11:1-ൽ നാം പഠിക്കുന്നുവല്ലൊ. അതായത് യാതൊരു കാര്യത്തിലായാലും ഒരു ഉറപ്പില്ലായ്മയുണ്ടെങ്കിൽ അത് വിശ്വാസമല്ല. വിശ്വാസം എന്നത് ഒരു ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ യാഥാർത്ഥ്യമാണ്. വിശ്വാസം ദൃഢവിശ്വാസമാണ്. നമ്മുടെ എല്ലാ സാഹചര്യങ്ങളും പരസ്പരം വിരുദ്ധമായിരുന്നാലും കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ് വിശ്വാസം.

മർക്കോ.11-ൽ 23,24 വാക്യങ്ങളിൽ സത്യദൈവമായ യേശുക്രിസ്തു പറയുകയാണ്, "ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കുമെന്ന് വിശ്വസിച്ചുംകൊണ്ട് ഈ മലയോട് നീ നീങ്ങി കടലിൽ ചാടിപോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും, എന്ന് സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ" എന്ന്.

ഇത്തരം വിശ്വാസത്തിന് മാത്രമേ അമാനുഷിക ഫലങ്ങൾ ഉളവാക്കുവാൻ കഴിയുകയുള്ളു. അത് മാത്രമാണ്, ഹൃദയത്തിന്റെ വിശ്വാസം. മത്താ.21:22-ൽ യേശു

(ശേഷം 4-ാം പേജിൽ)

CONTENTS

**എഡിറ്റോറിയൽ..................................2,4**
**വിശ്വാസത്തിന്റെ കല്പന..........3,5-12,14**
**സത്യസാക്ഷ്യം......................................13**
**തിരുവെഴുത്തുകളുടെ വ്യാഖ്യാനം..........**
**............................................15-20,22-26,28**
**സത്യസാക്ഷ്യം......................................21**
**സമ്പൂർണ്ണസുവിശേഷം...........27,29-33**
**വാർത്തകൾ..........................................34**




**ആ**ദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് പറഞ്ഞുകൊണ്ടാണ് വേദപുസ്തകം ആരംഭിക്കുന്നത്. പക്ഷെ അനാദിയായും ശാശ്വതമായും ദൈവം മാത്രമേ ഈ ലോകത്തിലുള്ളു. ആദിയിൽ എന്നു പറഞ്ഞുകൊണ്ടു തുടങ്ങുമ്പോൾ അനാദിയിലേ ഒന്നുണ്ട്; അത് ദൈവം തന്നെയാണ് എന്ന് നാമറിയണം. ദൈവം മാത്രം ശാശ്വതമായിട്ടുള്ളവൻ. ഓരോ മനുഷ്യനിലും ഈ അനാദിത്വം അഥവാ നിത്യത്വം ദൈവം നിക്ഷേപിച്ചിട്ടുണ്ട്. വേദപുസ്തകത്തിൽ ഇത് പറയുന്നുണ്ട്. സഭാപ്രസംഗി എന്ന പുസ്തകത്തിലെ 3-ാം അദ്ധ്യായത്തിന്റെ 11-ാം വാക്യത്തിൽ "അവൻ സകലവും അതതിന്റെ സമയത്തിൽ ഭംഗിയായ് ചെയ്ത് നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു'' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും ദൈവം ആദിയോട് അന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്ക് കഴിവില്ല എന്നും സഭാ.3:11-ൽ പറയുന്നു. അപ്പോൾ ഈ നിത്യത എന്നത് അനാദി മുതൽ ഉള്ള ഒരു സംഭവമാണ്. ഈ നിത്യത എന്നത്, ദൈവം അതാതിന്റെ സമയത്ത് ഭംഗിയായി ചെയ്ത് ദൈവം മനുഷ്യന്റെ ഹൃദയത്തിൽ വെച്ചിരിക്കുന്നു എന്നതാണ്. ദൈവം സ്വാഭാവികമനുഷ്യന്റെയുള്ളിൽ പോലും നിത്യത വെച്ചിട്ടുണ്ട്. വേദപുസ്തകം തന്നെയും പുതിയനിയമത്തിൽ യോഹ.3-ൽ നിത്യജീവൻ പ്രാപിക്കേണ്ടതിന് എന്ന പ്രയോഗം നടത്തിയിരിക്കുന്നു 16-ാം വാക്യത്തിൽ, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" എന്നാണ്. അപ്പോൾ ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് എന്തിനാണ്? മനുഷ്യന് നിത്യജീവൻ നല്കാനാണ്. മനുഷ്യന് എന്നല്ലാതെ ഇന്ന മതത്തിലെ മനുഷ്യന് എന്നില്ല, ഇന്ന ജാതിയിലെ മനുഷ്യന് എന്നില്ല, ഇന്ന സംസ്കാരത്തിലെ മനുഷ്യന് എന്നില്ല; സ്ത്രീ എന്നോ പുരുഷൻ എന്നോ വ്യത്യാസമില്ല. യേശുവിനെ ലോകത്തിലേക്ക് പിതാവയച്ചത് ആ യേശുവിനെ ആർ വിശ്വസിക്കുന്നുവോ അവൻ നിത്യജീവൻ പ്രാപിക്കേണ്ട തിനുവേണ്ടിയാണ്.

ഏതാനും വർഷങ്ങൾ മാത്രം ജീവിക്കുന്ന മനുഷ്യന് നിത്യജീവൻ പ്രാപിക്കാൻ തക്ക ഒരു വലിയ പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ടാണ് ദൈവം യേശുവിനെ ലോകത്തിലേക്ക് അയച്ചത് എന്നാണ് യോഹ.3:16-ൽ പറയുന്നത്. പക്ഷേ, ഈ ലോകത്തെ വിധിക്കാൻ വേണ്ടിയല്ല ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത്. ആ കാര്യം വേദപുസ്തകത്തിലുള്ളത് രേഖപ്പെടുത്താം. യോഹ.3:17 ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ഈ ലോകത്തെ വിധിക്കാൻ വേണ്ടിയല്ല; അവനിൽ വിശ്വസിക്കുന്ന വ്യക്തിക്ക് ന്യായവിധിയില്ല. വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. ഇത് ഗൗരവമുള്ള പ്രശ്നമാണ്. ജാതി-മത-രാഷ്ട്രീയ സംവിധാനങ്ങൾക്കപ്പുറം ഏഷ്യാ എന്നോ യൂറോപ്പ് എന്നോ ഉള്ള ഭൂഖണ്ഡങ്ങളുടെ ചിന്തകൾക്കപ്പുറത്ത് യേശുവിൽ വിശ്വസിക്കുന്നവർക്ക് ന്യായവിധിയില്ല എന്ന സത്യവും, വിശ്വസിക്കാത്തവന് ആ ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു, എന്നു പറയുന്ന ആ തിരുവചനസത്യവും നാം മനസ്സിലാക്കാതെ യിരിക്കരുത്. മനസിലാക്കാതെയിരുന്നാൽ നിത്യത എന്നത് നഷ്ടപ്പെടും. അറവുശാലകളിലെ കാളകളെയൊ ചിക്കൻ സറ്റാളുകളിലെ കോഴികളെയൊ കൊല്ലുമ്പോൾ അവയുടെ ജീവിതം തീർന്നുപോകും. ഒരു കാളയുടെ ജീവിതമൊ കോഴിയുടെ ജീവിതമൊ അല്ല നമുക്കുള്ളത്. ദൈവത്തിൽ നിന്നാരംഭിച്ച് മനുഷ്യരിലൂടെ കടന്ന് തിരിച്ച് ദൈവത്തിലേക്ക് പോകുന്ന, പരിശുദ്ധാത്മാവിനോട് ചേർന്നുള്ള നിത്യതയുടെ ജീവിതമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ കൂടെക്കൂടെ

(ശേഷം 5-ാം പേജിൽ)

# വിശുദ്ധിയും വേർപാടും എന്നത് കനത്ത വിശ്വാസം തന്നെയോ?

**എഡിറ്റോറിയൽ**

ദേവസ്യാ മുല്ലക്കരസാർ

(2-ാം പേജിൽ നിന്നും തുടർച്ച)

പറയുകയാണ്, നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്ത് യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും എന്ന്. "ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചുംകൊണ്ട് ഈ മലയോട് നീങ്ങി കടലിൽ ചാടിപോക എന്ന് പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ. എന്നാൽ അത് നിങ്ങൾക്കുണ്ടാകും, എന്ന് ഞാൻ നിങ്ങളോട് പറയുന്നു."

യഥാർത്ഥ വിശ്വാസം വൻപർവ്വതങ്ങളെപോലും ചലിപ്പിക്കുവാൻ കഴിയുന്നതാണ്. അത് ഹൃദയത്തിന്റെ അഥവാ ആത്മാവിന്റെ വിശ്വാസമാണ്. ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നത് ശ്രേഷ്ഠമാണ് (റോമ.10:10).

ഇത്തരത്തിലുള്ള ആത്മാവിന്റെ വിശ്വാസം നമുക്ക് നിത്യജീവൻ നൽകുന്നതാണ്. നമ്മുടെ സാഹചര്യങ്ങളെ മാറ്റുന്നതുമാണ്. തീരെ ദരിദ്രനായ ഒരാൾ ആത്മാവിന്റെ വിശ്വാസത്തിലേക്ക് വന്നാൽ കൃപയാൽ അയാൾക്ക് സമ്പന്നനാകാം. വലിയ രോഗിയായ ഒരാൾക്ക് ആത്മാവിന്റെ വലിയ വിശ്വാസം ലഭിച്ചാൽ രോഗസൗഖ്യം ലഭിച്ചതുതന്നെ. പാമരനായ ഒരാൾ ആത്മാവിന്റെ വിശ്വാസത്തിലേക്കുയർന്നാൽ ദൈവം നൽകുന്ന പാണ്ഡിത്യത്തിലേയ്ക്കെത്തും.

കാരണം, വിശ്വാസം ദൈവത്തെ പ്രസാദിപ്പിക്കുന്നു. എബ്രാ.11:6 ''വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ചിലർക്ക് ദൈവം എന്നത് വേർതിരിച്ചെടുക്കാൻ കഴിയാത്ത ഒരു അസാമാന്യ സങ്കല്പമാണ്. ആദരസമന്വിതമായ ഒരു അത്ഭുതഭക്തിയാണ് അവർക്ക് ദൈവത്തോട്. അത്തരക്കാർ അവരുടെ നിസ്സാര ആവശ്യങ്ങളുമായി ദൈവത്തെ സമീപിക്കുകയില്ല. രണ്ടാമത് ഒരു കൂട്ടർ തങ്ങളുടെ ദൈനംദിന ആവശ്യങ്ങളുമായി ഒരിക്കലും ദൈവത്തെ സമീപിക്കുകയില്ല, കാരണം അവർക്ക് ദൈവം വലിയവനും മനസ്സിലാക്കാൻ കഴിയാത്തവനും ഒറ്റപ്പെട്ട് നിൽക്കുന്നവനും ഏറ്റവും ഉന്നതനും ഭയം ജനിപ്പിക്കുന്നവനുമാകുന്നു. വേറെ ചിലർക്ക് തീരെയുൾക്കൊള്ളാൻ കഴിയാത്തവനാണ്.

**ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ ചിന്ത**

1. ദൈവം നമുക്ക് സമീപസ്ഥനാണ്.
2. യാതൊരു പ്രതികാരവും ചെയ്യാത്തവനും എല്ലാം ക്ഷമിക്കുന്നവനും അത്യന്ത സ്നേഹവുമാകുന്നു.
3. ദൈവം വചനവും വെളിച്ചവും ആത്മാവുമാണ്.

എന്നാൽ കണ്ണിൽ കാണുന്ന സകലവും കണ്ണടച്ച് നശിപ്പിക്കുന്ന ഒരു ഭീകരജീവിയായിട്ടാണ് സാത്താൻ ദൈവത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഒരു സാർവ്വലൗകീക പോലീസായിട്ടാണ് സാത്താൻ പലപ്പോഴും ദൈവത്തെ പറഞ്ഞുവെയ്ക്കുന്നത്. ഒരു യഥാർത്ഥ വിശ്വാസിക്ക് മാത്രമേ ചോദിക്കുന്നതെല്ലാം തരുന്ന പെറ്റമ്മയേക്കാൾ വലിയ സ്നേഹമാണ് ദൈവം എന്ന് മനസ്സിലാകുകയുള്ളു. ദൈവത്തിന്റെ പ്രതിരൂപവും ദൈവവുമായ യേശു ദൈവത്തിന്റെ ഹിതം ചെയ്യുവാനായിട്ടാണ് ഭൂമിയിൽ വന്നത്. പിതാവ് എന്തുപറഞ്ഞുവൊ അത് മാത്രം യേശു പറഞ്ഞു. പിതാവ് എന്തു ചെയ്തുവൊ അത് മാത്രം യേശു ചെയ്തു. യോഹ.5:19 -ൽ ''പിതാവ് ചെയ്ത് കാണുന്നതല്ലാതെ പുത്രന് സ്വതേ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു.'' ഈ സത്യം വിശ്വസിക്കാൻ നമുക്ക് കൃപ കിട്ടണം. ആ കൃപ തരാൻ ദൈവം ഒരുക്കമാണ്. വാങ്ങുവാൻ നാമും ഒരുങ്ങണം.

നിങ്ങൾക്ക് ഇപ്പോൾതന്നെ വിശ്വാസം ഉണ്ടെന്ന അറിവില്ലായ്മ തിരുത്താമോ? ദൈവഹിതത്തെപ്പറ്റിയുള്ള അജ്ഞതയിൽ നിന്ന് കരകയറാമോ? ദൈവവചനത്തെ അപ്പടിയേ വിശ്വസിക്കുവാനും യഥാർത്ഥ ദൈവദാസനെ അനുസരിക്കുവാനും ഉള്ള മനസ്സില്ലായ്മ മാറ്റിയെടുക്കാമോ? ഏറ്റവും നല്ല ഒരു ഏറ്റുപറച്ചിലിന് എന്നുമെപ്പോഴും ഒരുങ്ങാമോ? മനുഷ്യനെ സ്നേഹിക്കുന്ന പ്രവൃത്തിയുടെ അഭാവം മാറ്റിയെടുക്കാമോ? സ്ഥിരോത്സാഹത്തിന്റെ കുറവുകളും പ്രാർത്ഥനയുടെയും ദൈവവചന

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

(3-ാം പേജിൽ നിന്നും തുടർച്ച)

വേദപുസ്തകത്തിലെ വചനങ്ങൾ പറയുന്നതോർത്ത് നിങ്ങളാരും വിഷമിക്കേണ്ട സന്തോഷിക്കുകയാണ് വേണ്ടത്.

ഉല്പ.1:27,28-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു "ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു; ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതികളിൻമേലും സകല ഭൂതലജന്തുവിന്മേലും വാഴുവിൻ എന്ന് അവരോട് കല്പിച്ചു.'' എന്തിനാണ് ഞാൻ ഈ വാക്യം ഉദ്ധരിച്ചതെന്നോ? ദൈവം തന്റെ സ്വരൂപത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നും അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിൽ ദൈവത്തിന് സന്തോഷമാണ് എന്നും, മനസ്സിലാക്കുവാൻവേണ്ടിയാണ്. അതെ ദൈവം തന്റെ ഏകജാതനായ പുത്രനെ വിശ്വസിക്കുവാൻ വേദപുസ്തകത്തിലൂടെ നമ്മോടാവാശ്യ പ്പെടുകയാണ്. അപ്പോൾ നമുക്ക് നിത്യജീവൻ തരും എന്ന് വേദപുസ്തകം ഇവിടെ പറയുകയാണ്. ഈ ദൈവം എന്ന സത്യത്തെ ക്രിസ്തു എന്ന യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവന്ന് കൂട്ടിച്ചേർത്ത് വായിക്കുമ്പോഴാണ് ദൈവത്തിന്റെ മഹത്തായ സ്നേഹവും, മഹത്തായ അസ്ഥിത്വവും കൃപയും നമുക്ക് മനസ്സിലാകുക. അനേകം മതങ്ങൾ ലോകത്തിലുണ്ട്. അനേകം സാംസ്ക്കാരിക സമന്വയങ്ങൾക്കുവേണ്ടി വാദിക്കുന്ന വ്യക്തികൾ ലോകത്തിലുണ്ട്. ആരായാലും എന്തായാലും എല്ലാവരും ദൈവം എന്ന് കേൾക്കുമ്പോൾ ഭയഭക്തിവിവശനാവുകയോ വിഷമിക്കുകയോ സന്തോഷിക്കുകയോ ചെയ്യുന്നു. ആ ഒരു ചിന്തയിൽ അവിടെത്തന്നെ അതെല്ലാം അവസാനിപ്പിക്കരുത്, പിന്നെയോ ദൈവത്തെ ക്രിസ്തുവിന്റെ തലത്തിലേക്ക് കൊണ്ടുവന്ന് അങ്ങനെയൊന്ന് കേട്ട് അങ്ങനെയൊന്ന് അനുഭവിച്ച് ജീവിക്കുവാനുള്ള, ഒരു ഭ്രഷ്ട് കല്പിക്കാത്ത മനസ്സ്, ഇപ്പോൾ മുതൽ നമുക്കുണ്ടായാൽ അതെത്രയോ വലുതാണെന്ന് വേദപുസ്തകം പറയുകയാണ്.

കൊളൊസ്യർക്ക് എഴുതിയ ലേഖനത്തിന്റെ 1-ാം അദ്ധ്യായത്തിന്റെ 15,16 തിരുവചനങ്ങൾ ''അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാണ് സർവ്വസൃഷ്ടിക്കും ആദ്യജാതനുമാകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ കർതൃത്വങ്ങളാകട്ടെ, വാഴ്ചകളാകട്ടെ, അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു അവൻ മുഖാന്തരം അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു. സകലത്തിനും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെയിടയിൽനിന്ന് ആദ്യമായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സല സമ്പൂർണ്ണതയും വസിക്കുന്നു.''

ഇത് വേദപുസ്തകത്തിലുള്ള സത്യമാണ്. ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദൈവത്തിന്റെ സകല ജ്ഞാനവും ക്രിസ്തുവിൽ വസിക്കുന്നു എന്ന സത്യമാണ് നാമിപ്പോൾ കണ്ടത്. ഇവിടെ നമ്മൾ ദൈവത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ, ക്രിസ്തുവിന്റെ ആളത്വം പരിചയപ്പെടുകയാണ്. 'ദി പാഷൻ ഓഫ് ക്രൈസ്റ്റ്' മാത്രമല്ല, ക്രിസ്തുവിന്റെ പ്രവൃത്തികളെയും കാണുകയാണ്. അപ്പോൾ ദൈവം ദൈവം എന്നു പറയുമ്പോൾ, രണ്ടായിരത്തോളം കൊല്ലങ്ങൾക്കുമുമ്പ് ബെത്ലഹേമിലെ കാലിത്തൊഴുത്തിൽ ജനിച്ച് ഗോൽഗോഥായിലെ കുരിശിൽ താൽക്കാലിക ജഡജീവിതം അവസാനിപ്പിച്ച് മൂന്നാമത്തെ ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് പോകാൻവേണ്ടി തന്റെ ശിഷ്യന്മാരെയെല്ലാം ഒരുക്കി, പിന്നീട് തക്കസമയത്ത് സ്വർഗ്ഗത്തിലേക്ക് പോയി പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരുന്നുകൊണ്ട്, നിത്യ പുരോഹിതന്റെ ശുശ്രൂഷ ചെയ്തുകൊണ്ടും നിത്യമാദ്ധ്യസ്ഥത്തിന്റെ ശുശ്രൂഷ ചെയ്തുകൊണ്ടും ഇപ്പോൾ പിതാവിന്റെ മടിയിലിരിക്കുന്ന ക്രിസ്തുവിന്റെ ആളത്വത്തെയും ക്രിസ്തുവിന്റെ പ്രവൃത്തികളെയും മനസ്സിലാക്കുമ്പോഴാണ് എല്ലാവർക്കും ദൈവം എന്ന

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

സത്യത്തെ തന്മയത്വത്തോടുകൂടി മനസ്സിലാവുക. അനേകർ വിവിധ ലോകമതങ്ങളിൽപെട്ട്, ആ ആരാധനകളിലും ആ പ്രാർത്ഥനകളിലും കഴിയുന്നവരാണ്. ക്രൈസ്തവമത സംവിധാനങ്ങൾ തന്നെ നിരവധിയാണ്. അതെല്ലാം ഓരോ പാരമ്പര്യവുമായി ബന്ധപ്പെട്ടതാണ്. ഈ മതചിന്തകളെല്ലാം വളരെ വലിയ ഗ്രന്ഥസമുച്ചയങ്ങളോട് ബന്ധപ്പെട്ടതാണ്. വലിയ പണ്ഡിതന്മാരുടെ ചിന്തകളോട് ബന്ധപ്പെട്ടതാണ്. ഇന്ത്യയിലെ സംസ്ക്കാരം ഒരു വിധത്തിൽ, അതുപോലെ ഗൾഫ് രാജ്യങ്ങളുടെ മതസംസ്ക്കാരങ്ങൾ മറ്റൊരു വിധത്തിൽ. അമേരിക്ക പോലെയും യൂറോപ്പു പോലെയും - ഉള്ളയിടത്തെ മതചിന്തയും പൊതു ചിന്തയും വേറെ ഓരോരോ വിധത്തിലാണല്ലൊ. അതൊക്കെ അങ്ങനെ ആയിരിക്കുമ്പോൾ ഞാനൊക്കെ ഈ പറയുന്ന ആശയങ്ങൾ ഒന്ന് കാണുവാനും ഒന്ന് കേൾക്കുവാനും ഒന്ന് ചിന്തിക്കുവാനും ലോകമതങ്ങളും അതിൽപെട്ട മനുഷ്യരും ആ സംസ്ക്കാരങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ആചാര്യന്മാരും അനുയായികളും ഒക്കെയൊന്ന് ശ്രമിച്ചാൽ ഒത്തിരി നല്ലതാണ് എന്നഭിപ്രായപ്പെട്ടുപോവുകയാണ്.

ഹെബ്രായ ലേഖനത്തിന്റെ ഒന്നിന്റെ മൂന്നാം വാക്യത്തിൽ '' അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ട് പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലതു ഭാഗത്ത് ഇരിക്കയും അവൻ ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയായതിന് ഒത്തവണ്ണം അവരേക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു.'' നീ എന്റെ പുത്രൻ ഞാനിന്ന് നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നും ഞാനവന് പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കുന്നു എന്നും ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിചെയ്തിട്ടുണ്ടോ? ആദ്യജാതനെ പിന്നെയും ഭൂമിയിലേക്ക് പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കണം എന്ന് താൻ അരുളിച്ചെയ്യുന്നു. അവൻ കാറ്റുകളെ തന്റെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു എന്ന് ദൂതന്മാരെ കുറിച്ച് പറയുന്നു. പുത്രനോടോ ദൈവമേ നിന്റെ സിഹാസനം എന്നും എന്നേക്കുമുള്ളത്. നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ. നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കയും ചെയ്തിരിക്കുകയാൽ, ദൈവമേ, നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു എന്നും കർത്താവേ നീ പൂർവ്വ കാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു; ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവ നശിക്കും നീയോ നിലനിൽക്കും. അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും. ഉടുപ്പുപൊലെ അവയെ ചുരുട്ടും. വസ്ത്രം പോലെ അവ മാറിപ്പോകും. നീയോ അനന്യൻ, നിന്റെ സംവത്സരങ്ങൾ അവസാനിക്കയും ഇല്ല എന്നു പറയുന്നു. ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്തിരിക്ക എന്ന് ദൂതന്മാരോടാരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ? അവരൊക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്നവരുടെ സേവകാത്മാക്കളല്ലയോ?'' ഹെബ്രായ ലേഖനത്തിൽ ഒന്നാം അദ്ധ്യായത്തിൽ 3-14 വരെയുള്ള വാക്യങ്ങളാണ്, ഇപ്പോൾ കണ്ടത്. ദൈവം നിത്യതനൽകുവാൻ തന്റെ സ്വരൂപത്തിലും തന്റെ സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ചിരിക്കുന്നു. അമ്മയുടെ ഉദരത്തിൽ ഒരു മനുഷ്യൻ ഉരുവാകുന്നതിനു മുമ്പ് ത്രീത്വത്തിൽ അനാദിയിലെ ഈ മനുഷ്യന്റെ ഉണ്മയുണ്ട്. അവൻ അമ്മയുടെ ഉദരത്തിൽ ജനിച്ച് നൂറിൽ താഴെ വർഷങ്ങൾ ഇവിടെ ജീവിച്ചിരിക്കുമ്പോൾ ഈ മൺകൂടാരത്തിൽ ഈ വാക്കും ഈ കയ്യും ഈ കാലും ഈ ചിന്തയും ഈ പഠിത്തവും ഈ സ്നേഹവും പ്രാർത്ഥനയും ഒക്കെയായിട്ട് നടക്കുന്നു. പിന്നെ മരിച്ച് കഴിയുമ്പോൾ നിത്യതയുടെ ഭാഗമായി വീണ്ടുമവൻ മാറുന്നു. ഇങ്ങനെ നിത്യതയെ (ഇറ്റേണിറ്റി) യെക്കുറിച്ച് അവയോടുബന്ധമുള്ള ഒരാത്മീയസംസ്കൃതി പടുത്തുയർത്തുമ്പോൾ, നമ്മൾ സ്നേഹത്തിൽ സമ്പൂർണ്ണരാകും; നമ്മൾ സേവനത്തിൽ സമ്പൂർണ്ണരാവും; നമ്മൾ ദൈവാനുഭവത്തിൽ സമ്പൂർണ്ണരാവും. അവിടെ ദൈവം ഏതെങ്കിലും ഒരു കഥയിൽ ഒളിച്ചുനിൽക്കുകയില്ല. ഒരു യാഥാർത്ഥ്യത്തിലേക്ക് വരികയാണ്.

ക്രിസ്തു ഒരു പുസ്തകത്തിന്റെ താളുകളിൽ ഒളിച്ചിരിക്കുകയല്ല, ഏതെങ്കിലും ഒരു പ്രഗത്ഭ പ്രഭാഷകന്റെ പ്രസംഗപരമ്പരകളിലൊ അദ്ദേഹം രചിച്ച പുസ്തക പരമ്പരകളിലൊ, ഒളിച്ചിരിക്കുകയല്ല. ഏതെങ്കിലും, ഒരു യൂണിവേഴ്സിറ്റിയിലെ പ്രഫസർമാരുടെ ചിന്താമുകുളങ്ങ

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

ളിൽ മാത്രം ഒതുങ്ങി നിൽക്കുകയല്ല. ദൈവം അവിടെ ദൈവം എന്ന സത്യത്തിലേക്ക് ഉയരുകയാണ്.

വേദപുസ്തകത്തിൽ യോഹ.4:24-ൽ ദൈവം ആത്മാവാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം ആത്മാവാണെന്ന് അംഗീകരിച്ചാൽ ദൈവം പ്രതിമ അല്ല എന്ന് മനസ്സിലാകും. ദൈവം വചനമാണെന്ന് വേദപുസ്തകത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽ 1-ാം അദ്ധ്യായത്തിൽ 1-ാം വാക്യത്തിൽ പറയുമ്പോൾ ആ വചനം ബൈബിളിലേതാണെന്ന് ബോധ്യപ്പെടുകയും വേണം. ദൈവം വചനവും ആത്മാവും ആകുമ്പോൾ ആത്മാവിന്റെയും വചനത്തിന്റെയും ഫോട്ടൊ എടുത്ത് ഒരു ചിത്രകാരന് വരയ്ക്കാനൊ അങ്ങനെയൊരു പ്രതിമയുണ്ടാക്കാനൊ കഴിയില്ല, എന്നുകൂടി നാം തിരിച്ചറിയുന്നു. പുരുഷ ദൈവത്തിന്റെയും സ്ത്രീ ദൈവങ്ങളുടെയും പ്രതിമയുണ്ടാക്കി വിൽക്കൽ ഇവിടെ അതൊരു വ്യവസായമാണ്. അത് ലാഭകരമായ ഒരു തൊഴിലാണ്. വാസ്തുശിൽപ്പകലയോട് ബന്ധപ്പെട്ട് കുറെ സംഭവങ്ങളും ഇതിലുണ്ട്. നിത്യതയോട് ബന്ധപ്പെടുത്തുമ്പോൾ ഇവയെ കാണുന്നതിലും തൊടുന്നതിലും എടുത്തുകൊണ്ടു നടക്കുന്നതിലുമൊക്കെ അപാകതകൾ മാത്രമേയുള്ളൂ. അപ്പോൾ ദൈവത്തെ, വേദപുസ്തകം പറയുന്ന, ആത്മാവെന്ന അവസ്ഥയിലും വചനമെന്ന അവസ്ഥയിലും, സ്നേഹമെന്ന അവസ്ഥയിലുമൊക്കെ, കാണുമ്പോൾ, ആ ദൈവസ്നേഹത്തെ കാണുവാനും കേൾക്കുവാനും അറിയുവാനുംവേണ്ടി പ്രാർത്ഥനയോടെ വിശ്വാസഗന്ധിയായ അവസ്ഥകളിലേക്ക് ഉയരുവാനൊക്കെ മനുഷ്യൻ ശ്രമിക്കുമ്പോൾ, അവിശ്വാസികൾക്ക് ദൈവം ഒരു ബാലികേറാമലയായി തോന്നും. എന്നാൽ വിശുദ്ധനായ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവം ഇമ്മാനുവേലാണ്.

വേദപുസ്തകത്തിൽ, കൊരിന്ത്യരുടെ 1-ാം പുസ്തകത്തിൽ 12-ാ മത്തെ അദ്ധ്യായത്തിൽ കൃപാവരത്തേക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ആ കൃപാവരങ്ങളേക്കുറിച്ച് പറഞ്ഞിരിക്കുന്നത് വായിച്ച് ഗ്രഹിച്ചാൽ മാത്രമേ കൃപാവരങ്ങളെ ഞാനോ എന്നേക്കാളും ആത്മീയമായി ഒത്തിരി ഉയർന്നവരോ വളർന്നവരോ അവതരിപ്പിക്കുമ്പോൾ അത് ഉൾക്കൊള്ളാൻ പറ്റുകയുള്ളൂ. അവ ശുശ്രൂഷാ വരങ്ങളാണ്. വീര്യപ്രവൃത്തികൾ എന്നു പറയുന്നു. ഇതെല്ലാം ദൈവാത്മാവിന്റെ ഒരു പ്രദർശന ശാലയാണ്. ഇതെല്ലാം അറിയുവാനുള്ള ശക്തിയും ജ്ഞാനവും വിവേചനവും എല്ലാം ദൈവം തന്നെ നമുക്ക് തന്നാലല്ലേ അവയെ ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ. ഇവയെപ്പറ്റി അറിയുവാനുള്ള ശക്തിവേണം, അവ ഉപയോഗിച്ചുകൊണ്ട് സഭയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള ശക്തിയും വേണം. വരങ്ങളെതന്നെ മൂന്നായിട്ട് തിരിക്കാം. അറിയുവാനുള്ള ശക്തി തരുന്നത്, ജ്ഞാനവരവും പരിജ്ഞാനവരവും വിവേചനാവരവും ആണ്. രണ്ടാമത്തെ സെറ്റ് പ്രവർത്തിക്കുവാനുള്ള ശക്തിയാണ്, അത് വിശ്വാസത്തിന്റെ കൃപയാണ്. ഒപ്പം അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള കൃപയും രോഗശാന്തി നൽകുവാനുള്ള വരങ്ങളുമാണ്. ഇനിയുള്ളത് പ്രസംഗം, സംസാരം എന്നിവയോട് ബന്ധപ്പെട്ടതാണ്. അത് വ്യാഖ്യാനവരവും ഭാഷാവരവും പ്രവചനവരവും ആണ്. അത് പരിജ്ഞാനത്തിന്റെ വചനം (The word of knowledge) അറിവിന്റെ വചനമെന്നോ പരിജ്ഞാനമെന്നോ ഇതിനെ വിളിക്കാം. അത് ദൈവത്തെക്കുറിച്ചുള്ള അറിവാണ്. 2 കൊരി.10-ാം അദ്ധ്യായത്തിലെ 5-ാം വാക്യത്തിലെത്തുമ്പോൾ ദൈവത്തെക്കുറിച്ചുള്ള അറിവാണത്. ദൈവത്തേക്കുറിച്ചുള്ള അറിവ് കൂടാതെ ദൈവത്തിനുള്ളവയെപ്പറ്റിയുള്ള അറിവും വേണം. റോമാ.11:33-ലൊക്കെ ദൈവത്തിനുള്ളവയെക്കുറിച്ചുള്ള അറിവിന്റ കാര്യം രേഖപ്പെടുത്തിയിരിക്കുന്നു.

ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള മൊത്തം കാഴ്ച്ചപ്പാട് നമുക്കുണ്ടായിരിക്കണം. റോമ.15:14, 1 കൊരി.1:5 ഇവിടെയെല്ലാം ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള അറിവ് നമുക്ക് വേണമെന്ന് പറയുന്നു. കൂടാതെ ഭക്തി വിഷയമായ തികവുറ്റ അറിവും നമുക്കാവശ്യമാണ്. 1 കൊരി.8-ലും 13:2-ലുമൊക്കെ ഈ ഭക്തി വിഷയമായ തികവുറ്റ അറിവ് നമുക്കാവശ്യമാണെന്ന് സൂചിപ്പിച്ചിരിക്കുന്നു. ക്രിസ്തീയ വളർച്ചയിലെ പടികളിലൊന്നു എന്ന നിലയിലും ഈ പരിജ്ഞാനത്തെ നമ്മൾ കരുതേണ്ടതുണ്ട്. നിങ്ങൾക്ക് പരിജ്ഞാനമുണ്ടോ? ദൈവത്തെക്കുറിച്ചുള്ള അറിവ് വേദപുസ്തകമനുസരിച്ച് സാമാന്യമായി നിങ്ങൾക്കുണ്ടോ? വളരെ കൂടുതൽ നിങ്ങൾക്കുണ്ടോ? ദൈവത്തിനുള്ളവയെക്കുറിച്ചുള്ള സാമാന്യമായ പരിജ്ഞാനം നിങ്ങൾക്കുണ്ടോ? നിങ്ങൾ ഒരു ബൈബിൾ കോളേജിലെ പ്രഫസർ ആണെങ്കിൽ നിങ്ങൾക്കിവ ഉണ്ടായിരിക്കും. നിങ്ങൾ ഒരു കൃപാവര ശുശ്രൂഷ ചെയ്യുന്ന വ്യക്തിയാണെങ്കിൽ അവ നിങ്ങൾക്കു

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

ണ്ടായിരിക്കാം. ഇത് രണ്ടുമല്ലെങ്കിൽ നിങ്ങൾക്കിതിനേക്കുറിച്ചുള്ള ജ്ഞാനം കുറവാണെന്ന് സ്വയം അംഗീകരിച്ചുകൊണ്ട് ജ്ഞാനം സമ്പാദിക്കുവാൻവേണ്ടി നിങ്ങൾ നിങ്ങളെ വിട്ടുകൊടുക്കുകയാണ് വേണ്ടത്.

1 കൊരി.12:4 മുതലുള്ള തിരുവചനങ്ങളിൽ വിശ്വാസം എന്ന കൃപാവരത്തെ, സകലതും സാധിക്കുമാറാക്കുന്ന, ദൈവത്തിന്റ ശക്തിയുള്ള നമ്മുടെ മനസ്സിന്റെ തൃപ്തികരമായ കരുത്തേറിയ ചിന്തയേയാണ്, വിശ്വാസമായി അവതരിപ്പിച്ചിരിക്കുന്നത്. നമ്മൾ ഒരു റാസ നടത്തുമ്പോഴൊ, ഒരു പ്രദക്ഷിണം നടത്തുമ്പോഴൊ അതിൽ ക്യൂവായിട്ട് ആളുകൾ പോകുന്നതുകൊണ്ട് അത് വിശ്വാസസംബന്ധിയായ ഒരു കാര്യമാണ്, എന്ന ഒരു ധാരണ വേണ്ട. അതൊരു മതപരമായ ഒരു സംബന്ധമാണ്. അത് അവരവർക്കു തന്നെയും ഭക്തി വർദ്ധിക്കുവാനും ആ മതത്തിൽ നിന്ന് വിട്ട് പോകാതെയിരിക്കാനും വേണ്ടിയും അവരവർ തന്നെ സംഘടിപ്പിക്കുന്ന ഒരു കാര്യമാണെന്ന് മാത്രം നാം ചിന്തിച്ചാൽ മതി. ആശയമെന്നാൽ സകലതും സാധിക്കുമാറാക്കുന്ന ദൈവത്തിന്റെ ഇച്ഛാശക്തിയിലും മേധാശക്തിയിലും ഉള്ള, ഒരു നിമിഷം പോലും പുറകോട്ട് പോകാതെയുള്ള ഒരു മാനസിക കരുത്തിനെയാണ് യഥാർത്ഥത്തിൽ വിശ്വാസമെന്ന് വിളിക്കേണ്ടത്. അദൃശ്യ കാര്യങ്ങളുടെ നിശ്ചയമെന്നാണ് ബൈബിൾ ഇതിനെ വിളിക്കുന്നത്. എബ്രാ.11:1 അനുസരിച്ച് അദൃശ്യ കാര്യങ്ങളുടെ ദൃശ്യമായ അവതരിപ്പിക്കലാണ് വിശ്വാസം. വിശ്വാസത്തിൽ തന്നെ രക്ഷാകരമായ വിശ്വാസം എന്നും കൃപാവരവിശ്വാസമെന്നും ഇനിയും തിരിക്കാൻ സാധിക്കും. ഇതിൽ രക്ഷണ്യവിശ്വാസം ദൈവത്തിന്റെ ദാനമാകുന്നു. കൃപാവരവിശ്വാസം അളവേറിയതും അത്ഭുതകരവുമായ മറ്റൊന്നാകുന്നു. അങ്ങനെ രക്ഷണ്യവിശ്വാസത്തിലൂടെ മനുഷ്യൻ ക്രിസ്തുവിലേക്ക് വന്നുവന്ന് പ്രാർത്ഥനാജീവിതത്തിലും ഉയർന്നുയർന്നു വരുമ്പോൾ അവൻ കൃപാവരവിശ്വാസത്തിലേക്ക് വരും. ഇത് രണ്ടും ഒന്നു തന്നെയാണെങ്കിലും രക്ഷണ്യ വിശ്വാസത്തിന്റെ കൽപ്പടവിൽ മന്ദീഭവിച്ച് നിൽപ്പാൻ പാടില്ല. കൃപാവരവിശ്വാസത്തിലേക്ക് അവൻ വളരുകതന്നെ വേണം.

മർക്കോ.16:17,18 വാക്യങ്ങളിലെത്തുമ്പോൾ "അവർ എന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും, രോഗികളെ സുഖപ്പെടുത്തും" എന്നെല്ലാം. നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു. ഇതൊരു കടുത്ത വിശ്വാസിക്ക് ദൈവം കൊടുക്കുന്ന ഒരു ദാനമാണ്. ഭൂതങ്ങളെ പുറത്താക്കുകയും, പുതുഭാഷകൾ സംസാരിക്കപ്പെടുകയും, വമ്പിച്ച രോഗികളെ സുഖപ്പെടുത്തുകയും യേശുവിന്റെ നാമത്തിൽ ചെയ്യുവാൻ വിശ്വാസിയും കരുത്തുള്ളവനാകുമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും രക്ഷയെ സാക്ഷീകരിക്കുക എന്നത് ദൈവം ചെയ്യുന്ന കാര്യമാണ്. ദൈവം അത് മനുഷ്യരിലൂടെ ചെയ്യുന്നു. ദൈവം അത് ചെയ്യുന്നതിന് നമ്മൾ നമ്മളെ വിട്ടുകൊടുക്കുക എന്നതാണ്. യുക്തിയുടെ പേര് പറഞ്ഞ്, സയൻസിന്റെ പേര് പറഞ്ഞ്, പ്രപഞ്ചസംസ്ക്കാരത്തിന്റെ പേര് പറഞ്ഞ്, ലോകാ സമസ്താ സുഖിനോ ഭവന്തു എന്നൊക്കെയുള്ള ആശയങ്ങൾ പറഞ്ഞ് ഒരു ജാതി വേറൊരു ജാതിക്ക് എതിരാകരുത്, ഒരു മതം വേറൊരു മതത്തിന് എതിരാകരുത്, ഒരു ജനസംസ്ക്കാരം വേറൊരു ജനസംസ്ക്കാരത്തിന് എതിരാകരുത്, വർഗ്ഗ വർണ്ണ വ്യത്യാസങ്ങളുണ്ടാകരുത്, ഇവിടെ എല്ലാവരും നല്ല സന്തോഷത്തോടുകൂടി കഴിയണം, എന്നൊക്കെ പേര് പറഞ്ഞുകൊണ്ട് ദൈവവും ദൈവപുത്രനായ ക്രിസ്തുവും ക്രിസ്തുവിന്റെ ആത്മാവും ആവിഷ്ക്കരിക്കുന്ന വേദപുസ്തകസത്യങ്ങളെ ഒളിച്ചുവെച്ചിട്ട്, ഇവിടെ യാതൊന്നും നേടുവാനില്ല. അപ്പോൾ ആർക്കും നിത്യത കിട്ടാതെ പോവുകയേ ഉള്ളു. എബ്രാ.2:1 മുതലുള്ള വാക്യങ്ങളിൽ "അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതെയിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു" എന്നാണ്, കണ്ടോ വേദപുസ്തകം പറയുന്നത്. കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു.

ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം, സ്ഥിരമായിരിക്കുകയും ഓരോരൊ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കുകയും ചെയ്യും, എങ്കിൽ കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്കുറപ്പിച്ചു തന്നതുമായ "ഇത്ര വലിയ രക്ഷ" നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിയൊഴിയും? (എബ്രാ.2:2-4)

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

പഴയനിയമത്തിൽ, ഏലിയാവിലൂടെ എന്തുമാത്രം അടയാളങ്ങൾ നടന്നു. പുതിയനിയമത്തിൽ, ക്രിസ്തു നേരിട്ടും പിന്നെ അപ്പൊസ്തലന്മാർ മുഖാന്തരവും എത്ര, എത്ര വലിയ വലിയ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു. ക്രിസ്തുവിലൂടെ ദൈവം ഇന്നുമെന്നും ജീവിക്കുന്നു. അവൻ പിതാവായ ദൈവത്തിന്റെ വലതു ഭാഗത്തിരിക്കുക മാത്രമല്ല അവൻ അവിടെ നിത്യപൗരോഹിത്യ ശുശ്രൂഷയും അവിടെ ഏക മാദ്ധ്യസ്ഥ്യ ശുശ്രൂഷയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ ദൈവത്തിൽ ശക്തമായി വിശ്വസിക്കുന്ന വ്യക്തിയിലൂടെയും ദൈവം നിരന്തരം ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കും. ഇത് നമ്മൾ തിരിച്ചറിയണം.

പിതാവ് ചെയ്തുകൊണ്ടിരിക്കുന്നതല്ലാതെ പുത്രൻ ഒന്നും ചെയ്യാൻ കഴിയുകയില്ല. യോഹ.5:19 മുതൽ 25 വരെ വാക്യത്തിൽ കർത്താവ് ഇങ്ങനെ പറയുന്നു **"ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രനോ സ്വതവേ ഒന്നും ചെയ്‌വാൻ കഴിയുകയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു. പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതൊക്കെയും അവന് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ ആശ്ചര്യപ്പെടുമാറ്, ഇവയിൽ വലിയ പ്രവൃത്തികളും അവന് കാണിച്ചു കൊടുക്കും. പിതാവ് മരിച്ചവരെ ഉയർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രന് കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നത്: എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിങ്കൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. പിതാവിൽ തന്നിൽതന്നെ ജീവനുള്ളതുപോലെ, അവൻ, പുത്രനും തന്നിൽ ജീവനുള്ളതാകുമാറ് വരം നൽകിയിരിക്കുന്നു".** വേദപുസ്തക സത്യങ്ങൾ നിങ്ങൾ വായിക്കുകയായിരുന്നു. യഥാർത്ഥത്തിൽ ദൈവം ഇപ്പോൾ സംസാരിക്കയായിരുന്നു. ദൈവത്തിന് ഒന്നും അസാധ്യമായിട്ടില്ല. ലൂക്കാ.1:37, ആ വേദപുസ്തക സത്യം നമ്മൾ കാണുകയാണ്. ദൈവം അത്ഭുതങ്ങൾ പ്രവൃത്തിക്കും. പുത്രനിൽ വിശ്വസിച്ചുകൊണ്ട് അപ്പൊസ്തലന്മാർ സഞ്ചരിച്ചു. അവർ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഈ ദൈവത്തെ വിശ്വസിച്ചാൽ തീർച്ചയായിട്ടും, നിങ്ങൾക്കും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ കഴിയും. അതിന് കഴിയണം. ഇതര മതങ്ങളിലെ ദൈവമാണെന്ന് പറയുന്ന വ്യാജസിദ്ധാന്തങ്ങൾ യാതൊന്നും പ്രവർത്തിക്കാതിരിക്കുന്നതുപോലെയല്ല, യഥാർത്ഥ ദൈവമായ ക്രിസ്തുവിൽ, ആ ക്രിസ്തു വഴി ദൈവം പ്രവർത്തിക്കുന്നുവെന്നത്, പ്രവർത്തിപ്പിച്ചു നാം കാണിച്ചു കൊടുക്കേണ്ടേ? വേണം. ഇല്ലെങ്കിൽ ഈ ദൈവവും നോക്കുകുത്തിയാവുക തന്നെ ചെയ്യും.

ഇനി നമുക്ക് യോഹന്നാന്റെ അഞ്ചാം അദ്ധ്യായത്തിലെ ഒരു സംഭവം വായിക്കാം. ക്രിസ്തു ചെയ്ത അത്ഭുതമാണ്; രണ്ടു മുതലുള്ള വാക്യങ്ങൾ, "യെരുശലെമിൽ ആട്ടുവാതുക്കൽ ബേഥേസ്ദാ എന്ന് ഹെബ്രായ പേരുള്ള ഒരു കുളം ഉണ്ട്. അതിന് അഞ്ച് മണ്ഡപമുണ്ട്. അവയിൽ വ്യാധിക്കാർ കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയൊരു കൂട്ടം വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ട് കിടന്നിരുന്നു. അതാത് സമയത്ത് ഒരു ദൂതൻ കുളത്തിലിറങ്ങി വെള്ളം കലക്കും. വെള്ളം കലങ്ങിയ ശേഷം ആദ്യമിറങ്ങുന്നവൻ ഏത് വ്യാധി പിടിച്ചവനായാലും അവന് സൗഖ്യം വരും. എന്നാൽ 38 വർഷം രോഗം പിടിച്ച് കിടന്ന ഒരു മനുഷ്യൻ അവിടെയുണ്ടായിരുന്നു. അവൻ കിടക്കുന്നത് യേശു കണ്ടു. ഇങ്ങനെ ഏറിയ കാലമായിരിക്കുന്നു എന്നറിഞ്ഞു. നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന് യേശു അവനോട് ചോദിച്ചു." യോഹ.5:6 – "നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ" രോഗി പറഞ്ഞു "യജമാനനേ വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിലാക്കുവാൻ എനിക്കാരുമില്ല. ഞാൻ തന്നെ ഇറങ്ങുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു" എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട് " എഴുന്നേറ്റ് നിന്റെ കിടക്ക എടുത്ത് നടക്ക എന്ന് പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്കയെടുത്തു

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

നടന്നു". വേദപുസ്തകത്തിലെ ഈ സംഭവം നുണയാണെന്ന് ആരെങ്കിലും പറഞ്ഞേക്കാം. ഇനി ഈ വേദപുസ്തകത്തിലെ സംഭവം ശരിയാണെങ്കിൽ തന്നെയും ഇന്നത്തെ കാലത്ത് ഇത്തരം അത്ഭുതങ്ങളും അടയാളങ്ങളും ഒക്കെ നടക്കുന്നു എന്ന് പറയുന്നത് പച്ചക്കള്ളമാണെന്ന് ആർക്ക് വേണമെങ്കിലും പറയാം. എന്നാൽ വേദപുസ്തകത്തിലുള്ളതും ശരിയാണ്, ആ നാമത്തിൽ നടക്കുന്നതും നേരാണെന്ന് സ്ഥാപിച്ചുകൊണ്ട് "ഇന്ന് ജീവിക്കുന്ന, എന്നും ജീവിക്കുന്ന" ദൈവത്തെ യേശുവിലൂടെ കാണിച്ചുകൊടുക്കാനുള്ള ബാദ്ധ്യതയാർക്കാണ്? ക്രിസ്ത്യാനിക്കും, ക്രിസ്ത്യാനികളായ ശുശ്രൂഷകന്മാർക്കും. ഹെബ്രായ ലേഖനം 13:8-ാം വാക്യമനുസരിച്ച് " ഇന്നലെയും ഇന്നും എന്നും" ഒരുവൻ മാത്രമായ "അനന്യനായ" യേശു, യോഹന്നാൻ അഞ്ചാം അദ്ധ്യായത്തിൽ മുപ്പത്തെട്ടു വർഷം പഴക്കമുള്ള ആ തളർവാതരോഗിയുടെ മേൽ ആത്മാവിനെ അയച്ചു. വചനത്തെ, അയച്ചു; അനുഗ്രഹത്തെ അയച്ചു. അതിന് യേശുവിന് അയയ്ക്കാനുള്ള കഴിവുണ്ട്. ആ കഴിവ് അവൻ ദൈവപുത്രനാണെന്നതാണ്. ആ കഴിവ് അവൻ ദൈവമാണെന്നുള്ളതാണ്. ദൈവത്തിന് വല്ലതും അസാധ്യമായിട്ടുണ്ടോ? അവൻ അത് മനസ്സിൽ ചിന്തിച്ചതേയുള്ളു. അതങ്ങനെ നടന്നു. കിടക്കയുമെടുത്തുകൊണ്ട് ആ വലിയ തളർവാതരോഗി എഴുന്നേറ്റ് നടന്നുവെന്നതാണ് ഇപ്പോൾ നാം വായിച്ചറിഞ്ഞത്. അത് യേശു ചെയ്ത വലിയ അത്ഭുതമാണ്. ഇതുപോലെതന്നെയാണ് യേശുവിൽ വിശ്വസിച്ച അപ്പൊസ്തലന്മാരിൽ യേശു പ്രവർത്തിച്ചത്. പണ്ട് ജീവിച്ചിരുന്നവരാണ് അവർ. ഇന്നവരില്ല. പക്ഷേ, ആ ക്രിസ്തുവിലും ഈ അപ്പൊസ്തലന്മാർ ചെയ്ത പ്രവൃത്തിയിലും, അവരിൽ കുടികൊള്ളുന്ന ദൈവാനുഗ്രഹകൃപയിലും ശക്തിയിലും ഞാനും നീയും വിശ്വസിച്ചാൽ ആ വിശ്വസിക്കുന്നവരിലൂടെ ദൈവം അതെല്ലാം പ്രവർത്തിക്കും.

അപ്പൊസ്തലന്മാർ ചെയ്ത കാര്യം എഴുതാമല്ലോ. അപ്പൊ.3:12 - "ഒരിക്കൽ പത്രൊസും യോഹന്നാനും 9-ാം മണി നേരംപ്രാർത്ഥനാസമയത്ത് ദേവാലയത്തിലേക്ക് ചെല്ലുമ്പോൾ അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരാളെ ചിലർ ചുമന്നുകൊണ്ടു വന്നു. അവനെ ദേവാലയത്തിൽ ചെല്ലുന്നവരോട് ഭിക്ഷ യാചിക്കുവാൻ സുന്ദരം എന്ന ദേവാലയഗോപുരത്തിങ്കൽ ദിനംപ്രതി ഇരുത്താറുണ്ട്. അവൻ പത്രൊസും യോഹന്നാനും ദേവാലയത്തിൽ കടപ്പാൻ പോകുന്നത് കണ്ടിട്ട് ഭിക്ഷ യാചിച്ചു. പത്രൊസ് യോഹന്നാനോടുകൂടെ അവനെ ഉറ്റുനോക്കി. ഞങ്ങളെ നോക്കൂ എന്ന് പറഞ്ഞു. അവൻ വല്ലതും കിട്ടുമെന്ന് കരുതി അവരെ സൂക്ഷിച്ചു നോക്കി. അപ്പോൾ പത്രൊസ്: വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളത് നിനക്ക് തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു. അവനെ വലംകൈക്ക് പിടിച്ച് എഴുന്നേൽപ്പിച്ചു. ക്ഷണത്തിൽ അവന്റെ കാലും നെരിയാണിയും ഉറച്ച് അവൻ കുതിച്ചെഴുന്നേറ്റ് നടന്നു. നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിക്കൊണ്ട് അവരോടുകൂടെ ദേവാലയത്തിൽ കടന്നു. അവൻ നടക്കുന്നതും ദൈവത്തെ പുകഴ്ത്തുന്നതും ജനമൊക്കെയും കണ്ടു. ഇവൻ സുന്ദരം എന്ന ദേവാലയഗോപുരത്തിൽ ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്നവൻ എന്നറിഞ്ഞു. അവന് സംഭവിച്ചതിനെക്കുറിച്ച് വിസ്മയവും പരിഭ്രമവും നിറഞ്ഞവരായിത്തീർന്നു."

ഈ സംഭവം പത്രൊസ് മുതൽ അപ്പൊസ്തലന്മാരാൽ സംഭവിച്ച കാര്യമാണ്. അവൻ മുടന്തനെ സുഖപ്പെടുത്തി എഴുന്നേൽപ്പിച്ച് വിടുകയായിരുന്നു, ദൈവനാമത്തിൽ. ആദ്യം ഞാൻ പറഞ്ഞത് യേശു ചെയ്തത്, ഇപ്പോൾ ഞാൻ പറയുന്നത് ദൈവാത്മാവിന്റെ ശക്തി നിറഞ്ഞ് അപ്പൊസ്തലൻ ചെയ്തത്. ഇന്ന് ഇതേ ശക്തി, ദൈവശക്തി, പരിശുദ്ധാത്മശക്തി, യേശു നൽകുന്ന ശക്തി, ഉപയോഗിച്ചുകൊണ്ട്, വിശ്വാസം, വീര്യപ്രവൃത്തി, രോഗസൗഖ്യം എന്നീ വരങ്ങളുടെ സമ്മിശ്രഭാവങ്ങളെ പ്രാർത്ഥനയാൽ എളിയവനായ ഞാനും എന്റെ കൂട്ടുകാരും ആവിഷ്ക്കരിച്ചപ്പോൾ നടന്ന കാര്യമാണ്. ചങ്ങനാശ്ശേരിയിൽ നിന്നും ആലപ്പുഴക്കുള്ള ബൈപാസ് റോഡിനരികിലാണ് നെടുമുടി എന്ന സ്ഥലം. അവിടെ കത്തോലിക്കാസഭയിലെ ഒരു ലാറ്റിൻ ചർച്ചുണ്ടായിരുന്നു. അവിടെ ഞങ്ങൾ ഒരു കാലഘട്ടത്തിൽ, കൂടെക്കൂടെ പോകുമായിരുന്നു. ഒരു ദിവസം കോട്ടയം മെഡിക്കൽ കോളേജിൽ നിന്നം മരണാസന്നയായ മാട്ടനാനിയ്ക്കൽ ഷിന്റോ എന്ന ആലുവാക്കാരിയായ ഒരു പെൺകുട്ടിയെ പ്രാർത്ഥിക്കാൻ കൊണ്ടുവന്നു. അവൾക്ക് സന്ധിവാതം മൂർച്ഛിച്ച് അസ്ഥികൾ ദ്രവിച്ച് പൊടിഞ്ഞ് ദേഹം മുഴുവൻ പൊട്ടിയൊലിക്കുന്ന ഒരു അവസ്ഥയാണ്. 2004-ലാണ് ഈ സംഭവം. അവൾ, മരണത്തെ മുന്നിൽ കാണുകയായിരുന്നു. അവ

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

ൾ ജിവീവിച്ചിരിക്കുന്നുവെന്ന് അവൾക്കുതന്നെ അറിയില്ലായിരുന്നു. അന്നവിടെയുണ്ടായ ആ ശുശ്രൂഷകൾ അന്ന് ഞങ്ങൾ വീഡിയോ കാസെറ്റിൽ പകർത്തിയില്ലായിരുന്നുവെങ്കിൽ ഇന്ന് പച്ചയായിട്ട് നിങ്ങളെ കാണിക്കാൻ പറ്റുകയില്ലായിരുന്നു. വീഡിയോ ക്യാമറയുമായി പേകുമ്പോൾ എന്തിനാണ് എന്നൊക്കെ പലരും ചോദിക്കുമ്പോൾ അതിന്റെയുത്തരം ഇതാണ്. ദൈവപ്രവൃത്തികളെ സത്യം സത്യമായി ക്യാമറക്കണ്ണുകൊണ്ട് ഒപ്പിയെടുക്കുവാനും അത് പ്രപഞ്ചത്തിലുള്ളവരെ കാണിക്കുവാനും, ഈ ദൈവം മരിച്ചൊരു ദൈവമല്ല അവൻ ജീവിച്ചിരിക്കുന്ന സത്യദൈവമാണ്, അവൻ ആത്മാവാണ്, അവൻ വചനമാണ്, അവൻ കർമ്മങ്ങൾകൊണ്ട് മഹത്വമെടുക്കുന്നവനല്ല, വിശ്വാസികളുടെ അഭിഷേകത്തിലൂടെ മഹത്വമെടുക്കുന്നവനാണ് എന്ന് തെളിയിക്കുവാനുമാണ്. ആലുവാക്കാരി ഷിന്റോ പാലാ നഗരത്തിൽ അൽഫോൻസാകോളേജിൽ ബി.കോമിന് പഠിക്കുകയായിരുന്നു ആ വർഷം. അവളിൽ നിന്നുതന്നെ നമുക്ക് കേൾക്കാം.

"എന്റെ പേര് ഷിന്റോ, എന്റെ വീട്ടുപേര് മാട്ടനാനിയ്ക്കൽ, 2004 ആലപ്പുഴ നെടുമുടി ചർച്ചിൽവെച്ച് നടന്ന പ്രാർത്ഥനയാലാണ് എനിക്ക് സൗഖ്യമുണ്ടായത്. ആർത്രൈറ്റിസ് എന്ന അസുഖം കാരണം കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് ഡോക്ടേഴ്സ് ഉപേക്ഷിച്ചതായിരുന്നു. 22 മണക്കൂർ മാത്രമേ ജീവിച്ചിരിക്കൂ എന്നാണ് ഡോക്ടേഴ്സ് പറഞ്ഞത്, അതിനുശേഷം എന്നെ വീടിനടുത്തുള്ള ജയ്സൺ എന്ന ആളാണ് ആലപ്പുഴ നെടുമുടിയിൽ പ്രാർത്ഥനയ്ക്കായി കൊണ്ടുപോയത്. നെടുമുടി പള്ളിയിൽ വെച്ച് റവ. ദേവസ്യാ മുല്ലക്കരസാർ എന്റെ തലയിൽ കൈ വെച്ച് പ്രാർത്ഥിക്കുകയും ആ സമയത്തുതന്നെ എന്റെ ശരീരം വളരെ വിയർക്കുകയും ചെയ്തു. ശരീരം പ്രതികരിക്കാൻ തുടങ്ങുന്നത് ആ സമയം മുതലാണ്. ആദ്യത്തെ ദിവസം തന്നെ മുഖത്തെ പാടുകൾ മാറുകയും രക്തചംക്രമണം ശരിയാവുകയും ചെയ്തു. അതിനുശേഷം മൂന്ന് ദിവസത്തെ പ്രാർത്ഥനയ്ക്കുശേഷം മൂന്നാമത്തെ ദിവസം എഴുന്നേറ്റ് നടന്നു. ഇപ്പോൾ യാതൊരു അസുഖവുമില്ലാതെ കോളേജിൽ പോകാനും ഡിഗ്രിക്ക് പഠിക്കാനും ഞാൻ തുടങ്ങി. ദൈവം തന്ന അനുഗ്രഹത്തിന് വളരെ നന്ദി പറയുന്നു."

കുറച്ച് അല്മായരും ഞാനുംകൂടി ചേർന്ന് യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുകയായിരുന്നു. അതും എഴുതി വച്ച പ്രാർത്ഥനയല്ല പ്രാർത്ഥിച്ചത്. ഹൃദയത്തിൽ അപ്പോൾ കിട്ടിയത് വളരെ സിംപിൾ ആയിട്ട്. ഹൃദയം ദൈവത്തിന് സമർപ്പിച്ചുകൊണ്ട് വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുകയാണ് ചെയ്തത്. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന സ്വർഗ്ഗത്തെ ചലിപ്പിക്കും. ആംബുലൻസിലായിരുന്നു ഷിന്റോയെ കൊണ്ടുവന്നത്. തോട് പൊളിച്ച ഒരു കൂനചെമ്മീൻ പോലെ ഷിന്റോയെ അവർ കൊണ്ടുവന്നു കിടത്തി. ഞങ്ങൾ ആവേശത്തോടെ പ്രാർത്ഥിച്ചു. വിശ്വാസത്തിന്റെ പ്രവൃത്തിയും കല്പനയും അപ്പൊസ്തലപ്രവൃത്തി 3-ൽ നിന്നും ഞങ്ങൾ തോണ്ടിയെടുത്തുകൊണ്ടുവന്നു. നസ്രായനായ യേശുവിന്റെ നാമത്തിൽ നടക്ക എന്ന് കല്പിച്ചു. മത്താ.12-ന്റെ 13-ൽ വരണ്ട കയ്യുള്ള മനുഷ്യനോട് "കൈ നീട്ടുക" എന്ന് പറഞ്ഞപ്പോൾ ആ മനുഷ്യൻ സൗഖ്യമുള്ളവനായി തീർന്നു. യോഹ.11:43-ൽ ലാസറേ പുറത്തുവരിക എന്ന് കല്പിച്ചപ്പോൾ മരിച്ചവൻ പുറത്തുവന്നു. അപ്പൊസ്തലപ്രവൃത്തികൾ 14-ന്റെ 10-ൽ ഗർഭം മുതൽ മുടന്തനായിത്തീർന്ന് ഒരുവനെ കണ്ട് പൗലൊസ് നീ എഴുന്നേറ്റ് കാലൂന്നി നിവർന്നു നിൽക്ക എന്ന് കല്പിച്ചു. അവൻ ക്ഷണത്തിൽ സൗഖ്യമുള്ളവനായി തീർന്നു. ഒരു വെളിച്ചപ്പാടത്തിയിൽ ഇരുന്നിരുന്ന ഭൂതത്തോട് അവളെ വിട്ടുപോവുക എന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ കല്പിക്കുന്ന നാഴികയിൽ അത് അവളെ വിട്ടുപോയതായി അപ്പൊ.14:8-ൽ കാണുന്നു.

നെടുമുടിയിൽ വെച്ച് ഷിന്റോയെ കണ്ടപ്പോൾ ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഒരുറീത്ത് സംഘടിപ്പിച്ച് വെയ്ക്കാമെന്ന് മാത്രമേ തോന്നിയിരുന്നുള്ളു. എന്നാൽ വിശ്വാസത്തിന്റെ കല്പനകളെ സുവിശേഷത്തിന്റെ താളുകളിൽ താലോലിച്ച ഓർമ്മകൾ നെടുമുടിയിലെ തണുത്ത കാറ്റിൽ പള്ളിയകത്തേക്ക് ഒലിച്ചിറങ്ങി വന്നപ്പോൾ ഞങ്ങളുടെ പ്രാർത്ഥനാവരങ്ങൾ ഉജ്ജ്വലിച്ചു. അപ്പൊ.3-ലെ സ്വർണ്ണമൊ വെള്ളിയൊ അല്ല നിനക്ക് തരുന്നത്, എനിക്കുള്ളത് ഞാൻ തരുന്നു. നീ കർത്താവായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക എന്ന് കല്പിക്കുക തന്നെ ചെയ്തു. അത്ഭുതം നടന്നു! ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ച് തരണമേ എന്ന് ശിഷ്യന്മാർ യേശുവിനോട് അപേക്ഷിച്ചപ്പോൾ അതിനുവേണ്ടി കൂടുതൽ സ്തോത്രം ചെയ്യണമെന്നോ കൊന്ത ചൊല്ലണമെന്നോ വമ്പൻ കാണിക്ക ഇടണമെന്നോ അല്ല യേശു

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

പഠിപ്പിച്ചത്. "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് നീങ്ങിപ്പോകുവാൻ പറഞ്ഞാൽ അത് സംഭവിക്കും" എന്നാണ് (മത്താ.17:21). നിങ്ങൾ സംശയിക്കാതെ വിശ്വാസമുള്ളവരായാൽ ഈ അത്തിയോട് ഞാൻ ചെയ്തതുപോലെ നിങ്ങളും ചെയ്യും എന്നു മാത്രമല്ല, ഈ മലയോട് നീങ്ങി കടലിലേക്ക് ചാടിപ്പോവുക എന്ന് പറഞ്ഞാൽ അത് സംഭവിക്കുമെന്ന് ഞാൻ സത്യമായും നിങ്ങളോട് പറയുന്നു (മത്താ.21:21). ഷിന്റോയ്ക്കുവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥന ആത്മാവിന്റെ പ്രാർത്ഥന ആയിരുന്നു. പുത്രന്റെ ഫലദായകമായ മദ്ധ്യസ്ഥ ശക്തിയോട് ചേർത്തുള്ള പ്രാർത്ഥനയായിരുന്നു.

ഇനി അടുത്ത പ്രശ്നമുള്ളത് ഈ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് അനുഗ്രഹം തന്നത് ദൈവമാണൊ പിശാചാണൊ എന്നുള്ളതാണ്. ഒരാളിൽ ദൈവാത്മാവാണൊ അതോ പിശാചാണൊ പ്രവർത്തിക്കുന്നതെന്നും വേദപുസ്തകം വ്യക്തമായി ചില സൂചനകളോടെ പഠിപ്പിക്കുന്നുണ്ട്. അങ്ങോട്ടേയ്ക്ക് വരാം. 1 യോഹ.4-ന്റെ 2,3 വാക്യങ്ങൾ **"ദൈവാത്മാവിനെ ഇതിനാൽ അറിയാം, യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളതാണ്. യേശുവിനെ സ്വീകരിക്കാത്ത ഏതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല: അത് എതിർക്രിസ്തുവിന്റെ ആത്മാവുതന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. യേശുക്രിസ്തുവിനെ അവൻ ജഡത്തിൽ വന്നു എന്നും അവൻ നമ്മുടെ പാപങ്ങളെ ഏറ്റെടുത്ത് മരിച്ചു എന്നും അവൻ ഇപ്പോൾ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നും എനിക്കും നിനക്കും വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്തും പൗരോഹിത്യ ശുശ്രൂഷ ചെയ്തും ഇരിക്കുന്നുവെന്നും വിശ്വസിക്കുന്നവനാരൊ അവന്റെ ആത്മാവ് ദൈവത്തിന്റേതാണ്. പുണ്യവാന്മാർ, പുണ്യവതികൾ പരിശുദ്ധന്മാർ എന്നിങ്ങനെ കാലാകാലങ്ങളിൽ മതപരമായ ആവിഷ്ക്കാരങ്ങൾ വരുത്തുന്നവരുടെമേൽ ഉള്ള ആത്മാവ് സാത്താന്റേതാണ്. സാംസ്ക്കാരിക സമന്വയങ്ങൾക്ക് അത് നല്ലതായേക്കാം. ദൈവാത്മാവ് എഴുതിക്കുന്ന വേദപുസ്തകമനുസരിച്ച് അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നെ. 1 യോഹ.4:3-ൽ അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.**

എന്നിട്ടും വിശ്വാസത്തോടുകൂടി ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നവരെപ്പറ്റി വേദപുസത്കം ഇങ്ങനെ പറയുന്നു. നിങ്ങൾ ദൈവത്തിനുള്ളവർ ആകുന്നു. 1 യോഹ.4:4-ൽ "നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനല്ലോ." ലോകത്തിലുള്ളവൻ എന്ന് പറഞ്ഞാൽ പിശാച്. അവനെക്കാൾ വലിയവൻ എന്ന് പറഞ്ഞാൽ, 1 യോഹ.2:27-ൽ ക്രിസ്തുവിൽ നിന്ന് നിങ്ങൾക്ക് ഒരു അഭിഷേകം കിട്ടും; അങ്ങനെ കിട്ടിയാൽ നിങ്ങളെ ആരും പഠിപ്പിക്കേണ്ടതില്ല എന്ന് നാം കാണുന്നു. ക്രിസ്തുവിൽ നിന്ന് ലഭിച്ച അഭിഷേകം എന്നിലും എന്റെ പ്രിയപ്പെട്ടവരിലുമുള്ളതുകൊണ്ടാണ് ഷിന്റോ സുഖപ്പെട്ടത്.

മതപരമായ ആചാരപരമായ അതിർവരമ്പുകൾക്കപ്പുറം ദൈവത്തിന്റെ വചനത്തിന്റെ ശക്തിയിലേക്ക് നാം വരണം. യോഹന്നാന്റെ മൂന്നാമത്തെ ലേഖനത്തിൽ രണ്ടാമത് വാക്യത്തിൽ നിന്റെ ആത്മാവ് സുഖമായിരിക്കുന്നതുപോലെ നീയും സകലത്തിലും സുഖമായിരിക്കേണം എന്നുണ്ട്. സൗഖ്യമാകലും വിടുതലും, ദൈവത്തിന് നമ്മുടെ ആത്മാവിനോടും മനസ്സിനോടും ശരീരത്തോടുമുള്ള കരുതലിനെയുമാണ് കാണിക്കുന്നത്. അല്ലാതെ കേവലം ശരീരത്തിലെ ഏതെങ്കിലും ഒരു പ്രത്യേക ഭാഗത്തിന്റെ മാത്രം സൗഖ്യമാണെന്ന് കരുതരുതെന്നാണ് 3 യോഹ.2-ാം വാക്യത്തിലുള്ളത്. അതായത് രോഗസൗഖ്യം മനുഷ്യന് കിട്ടുന്ന വിടുതലാണ്. അത് ആത്മാവും മനസ്സുമുള്ള മനുഷ്യന് കിട്ടുന്ന ദൈവീകസ്പർശനമാണ്. രോഗസൗഖ്യത്തെയും രോഗശാന്തിപ്രാർത്ഥനക്കാരെയും ഏതൊ രണ്ടാംതരം പൗരന്മാരാക്കാനുള്ള പ്രവണത മാറിയേ പറ്റൂ. അല്ലെങ്കിൽ അത് കൊടുക്കുന്ന ദൈവവും രണ്ടാം തരം ദൈവമാണെന്ന് സമ്മതിച്ചുകൊടുക്കേണ്ടി വരും. സൗഖ്യമാക്കലും വിടുതലും നമ്മോടുള്ള ദൈവത്തിന്റെ നിത്യസ്നേഹത്തെയാണ് കാണിക്കുന്നത്. ദൈവം നമ്മുടെ വ്യാധികളെയും ബലഹീനതകളെയും സൗഖ്യമാക്കുന്നവനും നമ്മെ ബന്ധനത്തിൽ നിന്നും വിടുവിക്കുന്നവനുമാണെന്നാണ് യോഹന്നാന്റെ 3-ാം ലേഖനം 2-ാം വാക്യത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. അതുകൊണ്ട് എല്ലാ ക്രൈസ്തവമതകൂട്ടുകെട്ടുകളും വചനമായ ദൈവത്തിലേക്ക്, വചനം മാംസം ധരിച്ച ദൈവത്തിലേക്ക് ദയവായി കടന്നുവരേണം. പൗരോഹിത്യ ശുശ്രൂഷകളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും

(ശേഷം 14-ാം പേജിൽ)

# ക്യാൻസറിൽ നിന്നും അത്ഭുതസൗഖ്യം



ആദർശ്
(ലിജി നിഥോഷ്,എറണാകുളം, തേവര, 8089141338)

എന്റെ പേര് ലിജി. ഭർത്താവ് നിഥോഷ്. ഞങ്ങൾക്ക് രണ്ട് ആൺകുട്ടികളാണ്. മൂത്തവൻ ആദർശ് 13 വയസ്സ്. എറണാകുളംജില്ലയിൽ തേവരയിലാണ് ഞങ്ങൾ താമസിക്കുന്നത്. ഭർത്താവ് ടാറ്റാ റ്റീ ഐലന്റിൽ സൂപ്പർവൈസറായി ജോലി ചെയ്യുന്നു. ഞാൻ കൊറിയർ സർവ്വീസിലും. യേശു എന്റെ ജീവിതത്തിൽ ദേവസ്യാ സാറിലൂടെ ചെയ്ത വലിയൊരത്ഭുതത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്താനാണ് ഞാൻ ഇതെഴുതുന്നത്. ഞങ്ങളുടെ മകൻ ആദർശിന് 12 വയസ്സ് തുടങ്ങുമ്പോൾ തൊണ്ടയിൽ ഒരു മുഴ രൂപപ്പെട്ടു. എറണാകുളം വൈറ്റിലയിലുള്ള 'വെൽകെയർ' ആശുപത്രിയിൽ കൊണ്ടുപോയി. വിശദമായ പരിശോധനയ്ക്കുശേഷം ഡോക്ടർമാർ ആ ഞെട്ടിപ്പിക്കുന്ന സത്യം ഞങ്ങളോട് പറഞ്ഞു. നിങ്ങളുടെ മകന് 'ലിംഫോമ' എന്ന ക്യാൻസറാണ്. വർഷങ്ങൾക്കുമുമ്പുതന്നെ നെഞ്ചിൽ നിന്നാരംഭിച്ച് ഇപ്പോൾ തൊണ്ടയിൽ എത്തിയിരിക്കുന്നു. ഉടൻ തന്നെ ഓപ്പറേഷൻ വേണം. അനുസരിക്കയല്ലാതെ ഞങ്ങൾക്ക് വേറെ മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ലായിരുന്നു. എന്നാൽ ഓപ്പറേഷനിൽ മുഴയുടെ കാൽഭാഗം മാത്രമേ എടുക്കുവാൻ സാധിച്ചുള്ളു. അതിൽത്തന്നെ 43 സ്റ്റിച്ചുകൾ ഇടേണ്ടി വന്നു. ഡോക്ടർമാർക്കും വിഷമമായി ഞങ്ങളുടെ സങ്കടംകണ്ട്. അവർ ഞങ്ങളെ ആശ്വസിപ്പിച്ചു. അവർ പറഞ്ഞു നമുക്ക് 'കീമോ' എടുക്കാം. ഞങ്ങളുടെ ഒരു സമാധാനത്തിനുവേണ്ടിയാണ് അവർ പറയുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലായി. 2 കീമോ എടുത്തതിനുശേഷം ടെസ്റ്റ് ചെയ്യാമെന്ന് പറഞ്ഞ ഡോക്ടർമാർ ആറ് കീമോ എടുത്തതിനുശേഷം ടെസ്റ്റ് ചെയ്തു. റിസൾട്ട് നോക്കിശേഷം അവർ പറഞ്ഞു 13 കീമോ എടുത്തതിനുശേഷം നമുക്ക് റേഡിയേഷൻ കൂടി ചെയ്തുനോക്കാം. ഞങ്ങളുടെ എല്ലാ പ്രത്യാശയും അസ്തമിച്ചു. ഈ സമയത്താണ് അത്ഭുതരോഗശാന്തി വരപ്രാപ്തിയുള്ള ദേവസ്യാ സാർ എല്ലാ ഒന്നാം ഞായറാഴ്ചകളിലും സുരേഷ് പാസ്റ്റർ നേതൃത്വം കൊടുക്കുന്ന സാറിന്റെ തന്നെ സഭയിൽ ധ്യാനവും രോഗശാന്തിപ്രാർത്ഥനയും നടത്തുന്നുണ്ടെന്ന് ഞങ്ങൾ അറിഞ്ഞത്. അനേകം മാറാരോഗികൾ ആ പ്രാർത്ഥനയിൽവെച്ച് സുഖപ്പെടുന്നുണ്ടെന്നും ഞങ്ങളറിഞ്ഞു. ഞങ്ങൾക്കും ഒരു പ്രത്യാശയായി. 2017 ആഗസ്റ്റ് മാസത്തിൽ ഞങ്ങൾ കുഞ്ഞിനെയും കൊണ്ട് അവിടെച്ചെന്നു. സാർ പ്രത്യേകം കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കുശേഷം സാർ പറഞ്ഞു ഡോക്ടർമാർ അവരുടെ ചികിത്സ ചെയ്തുകൊള്ളട്ടെ. ക്യാൻസർപോലെയുള്ള ഒരു മഹാരോഗത്തിന്റെ ചികിത്സ ഇപ്പോൾത്തന്നെ നിർത്തിക്കൊള്ളാൻ പറഞ്ഞാൽ ഒരുപക്ഷേ നിങ്ങൾക്ക് അത് ഉൾക്കൊള്ളാൻ കഴിഞ്ഞെന്നുവരില്ല. പക്ഷേ ഇപ്പോൾ ഈ ഒറ്റ പ്രാർത്ഥനയിൽ കുഞ്ഞ് സമ്പൂർണ്ണമായി സുഖപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇത് വിശ്വസിച്ചാൽ മാത്രം മതി. ദൈവത്തോട് നന്ദി പറയാൻ നിങ്ങൾ എല്ലാ ഞായറാഴ്ചകളിലും ഇവിടെ പ്രാർത്ഥനയ്ക്ക് വരിക. ഞങ്ങൾ വിശ്വസിച്ചു. സാർ പറഞ്ഞതനുസരിച്ച് എല്ലാ ഞായറാഴ്ചകളിലും പാലാരിവട്ടത്ത് മാർക്കറ്റിന് സമീപം മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് മുകളിൽ രണ്ടാമത്തെ നിലയിലുള്ള 'ചർച്ച് ഓഫ് ഇറ്റേണിറ്റി' സഭയിലൊ അല്ലെങ്കിൽ തൃപ്പൂണിത്തുറയിലുള്ള സാറിന്റെ തന്നെ ചർച്ചിലൊ ഞങ്ങൾ ആരാധനയ്ക്ക് പൊയ്ക്കൊണ്ടിരുന്നു. 13 കീമൊ കഴിഞ്ഞ് റേഡിയേഷനുള്ള തയ്യാറെടുപ്പുകളോടുകൂടിത്തന്നെ ഡോക്ടർമാർ റിസൾട്ട് പരിശോധിച്ചു. അവർ മുഖത്തോടു മുഖം നോക്കുന്നതും സ്വകാര്യം പറയുന്നതും എല്ലാം വീർപ്പടക്കി ഞങ്ങൾ നോക്കിനിന്നു. അവർ അത്ഭുതപ്പെട്ടു. പിന്നെ ഞങ്ങളെ സാധാരണജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്ന ആ സന്തോഷവാർത്ത ഞങ്ങളെഅറിയിച്ചു. നിങ്ങളുടെ മോൻ പൂർണ്ണമായി സുഖപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ സന്തോഷം എങ്ങനെയാണ് നിങ്ങളോട് വിവരിക്കുക. ഒരു സത്യം ഞങ്ങൾക്കറിയാം, സാറിന്റെ പ്രാർത്ഥനയിലൂടെ യേശുവാണ്, യേശു മാത്രമാണ് ഞങ്ങളുടെ കുഞ്ഞിനെ സുഖപ്പെടുത്തിയത്. കർത്താവിനുവേണ്ടി ഞങ്ങൾ ജീവിക്കും. ലോകം മുഴുവൻ ഞങ്ങൾ ഈ സാക്ഷ്യം പറയും. യേശു ഒരു സങ്കൽപ്പമൊ ചരിത്രമൊ അല്ല.അവൻ ജീവനുള്ള ദൈവമാണ്. അതെ, പ്രാർത്ഥന കേൾക്കുന്ന ജീവനുള്ള ദൈവം യേശു മാത്രം. യേശുവെ അങ്ങേയ്ക്കാരാധന.

**Oh, that men would give thanks to the Lord for His goodness,
And for His wonderful works to the children of men! ( Psalm 107:8 )**

# വിശ്വാസത്തിന്റെ കല്പന

## ദേവസ്യാ മുല്ലക്കരസാർ

(12-ാം പേജിൽ നിന്നും തുടർച്ച)

എല്ലാവരും ചെയ്തുകൊണ്ടിരിക്കുന്ന സ്റ്റൈലിൽ കാര്യങ്ങളെ ഇനിയങ്ങോട്ട് മുന്നോട്ട് കൊണ്ടു പോകുന്നത് തുടരണമൊ എന്നാലോചിക്കണം. ക്രിസ്തുവിനെ ദൈവം ജഡത്തിൽ വന്നവനാണെന്ന് കരുതണം. ക്രിസ്തു ഇപ്പോൾ ജീവിക്കുന്നവനാണെന്ന് സ്വീകരിക്കണം. ക്രിസ്തു ആണ് പാപം മോചിക്കുന്നവനെന്ന് സ്വീകരിക്കണം. അതേ 2 യോഹ.7-ാം വാക്യം ശ്രദ്ധിക്കുക; "യേശുക്രിസ്തുവിനെ ജഡത്തിൽ വന്നു എന്ന് സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലൊ." അങ്ങനെ പലരും ലോകത്തിലുണ്ട്. ഇവർ വഞ്ചകനും എതിർ ക്രിസ്തുവിന്റെ ആത്മാവുള്ളവനുമാണ്. മാത്രമല്ല. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കുവാനാണ് 2 യോഹ.9-ാം വാക്യം പറയുന്നത്. 2 യോഹ.9 - **"ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവമില്ല. ഉപദേശത്തിൽ നിലനിൽക്കുന്നവനൊ പിതാവും പുത്രനും ഉണ്ട്. ഒരുത്തനും ഈ ഉപദേശം കൊണ്ടല്ലാതെ നിങ്ങളുടെയടുക്കൽ വന്നു എങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവനോട് കുശലം പറയുകയും ചെയ്യരുത്. അവനോട് കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തിക്ക് കൂട്ടാളിയല്ലൊ."** ഇവിടെ ബൈബിളിലെ ദൈവാത്മാവ് എഴുതിച്ചതല്ലാതെ, ബിഷപ്പുമാരുൾപ്പെടെയുള്ളവർ പറയുന്നതും അനുഷ്ഠിക്കുന്നതും തെറ്റാണെന്ന് ഓരോ ക്രൈസ്തവ മതവിഭാഗക്കാരും മനസ്സിലാക്കണം. ബൈബിൾ വിരുദ്ധ ആശയങ്ങൾ പ്രവർത്തിക്കുന്ന പൗരോഹിത്യ വൃന്ദങ്ങൾ സൗഖ്യമറിഞ്ഞു കഴിഞ്ഞ് ക്രിസ്തുവിലേക്ക് വരികയൊ വരുന്നില്ലെങ്കിൽ അവരെ ഭ്രഷ്ട് കല്പിക്കുകയൊ ചെയ്യണം. അത്യാവശ്യമാണത്. എന്നേപ്പോലെയുള്ളവരെ വീട്ടിൽ കയറ്റുകയും അവരുടെ ഉപദേശം ഗ്രഹിക്കുകയും ചെയ്താൽ നിങ്ങൾ സത്യത്തിലേക്ക് വരും. ദൈവാത്മാവിലേക്ക് വരും; മരിക്കുമ്പോൾ സ്വർഗ്ഗത്തിലേക്ക് പോകും; അങ്ങനെയുണ്ടാകാതെയിരിക്കാൻവേണ്ടി നിങ്ങൾക്ക് ഞങ്ങളേപ്പോലെയുള്ളവരുടെ ശുശ്രൂഷ ലഭിക്കാതെയിരിക്കാൻവേണ്ടി ചില ക്രൈസ്തവമതത്തിന്റെ ബന്ധപ്പെട്ട നേതാക്കന്മാർ ഞങ്ങളെ വീട്ടിൽ കയറ്ററുതെന്നും ഞങ്ങളുടെ ശുശ്രൂഷക്ക് പോകരുത് എന്നും പറയുമ്പോൾ പിശാചാണത് പറയിപ്പിക്കുന്നതെന്ന് ദയവായി നിങ്ങൾ മനസ്സിലാക്കണം. ആരെയാണ് വീട്ടിൽ കയറ്റിക്കൂടാത്തത് എന്നും നിങ്ങൾ മനസ്സിലാക്കണം. അതാണ് 2 യോഹ.9 -ാം വാക്യം. "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവമില്ല. ഉപദേശത്തിൽ നിലനിൽക്കുന്നവനൊ പിതാവും പുത്രനും ഉണ്ട്."

ഈയൊരു സാക്ഷ്യത്തിന്റെ അകമ്പടിയോടുകൂടി ദൈവവചനസത്യങ്ങൾ പറഞ്ഞത് അവസാനിപ്പിക്കുവാൻ ഞാൻ ശ്രമിക്കുമ്പോൾ നിങ്ങൾ ഏത് ആദ്ധ്യാത്മികസംവിധാനങ്ങളിൽപ്പെട്ടവരുമായിക്കോട്ടെ, ഏത് മതവിഭാഗങ്ങളിൽപ്പെട്ടവരുമായിക്കോട്ടെ, നിങ്ങൾ വേദപുസ്തകസത്യങ്ങളിലേക്ക് വരണം. പ്രത്യേകിച്ച് പുതിയനിയമസത്യങ്ങളെ കൂടുതൽ ആവേശത്തോടെ സ്വീകരിക്കണം. അങ്ങനെ നിങ്ങൾ ക്രിസ്തുവിൽ വളർന്ന് പടർന്ന് പന്തലിക്കണം. അപ്പോൾ ദൈവാത്മാവ് നിങ്ങളിൽ നിറയും. ദൈവാത്മാവ് പ്രവർത്തിക്കണം നമ്മുടെ ആരാധനാഹാളുകളിൽ. രോഗികളും ദു:ഖിതരും വന്നിട്ട്, ആരാധനാസമയത്ത് അവർ ക്രിസ്തുവിൽ സമർപ്പിക്കുവാനും, ശുശ്രൂഷകന്റെയും കൂട്ടായ്മയുടെയും മദ്ധ്യസ്ഥ പ്രാർത്ഥനയാൽ അവയ്ക്ക് പരിഹാരമുണ്ടാക്കുവാനുമിടയാകണം. സാമ്പത്തിക ദുരിതങ്ങളിലും തൊഴിലില്ലായ്മയിലും കുടുംബത്തകർച്ചയിലും പോലീസ് കേസുകളിലുമൊക്കെ കിടന്നുഴലുന്നവർക്കും, എല്ലാം, സകല പ്രശ്നങ്ങൾക്കും പരിഹാരകനാണ് ക്രിസ്തു എന്ന് തിരിച്ചറിഞ്ഞ് ആരാധിക്കാനും സമാധാനത്തോടെ മടങ്ങിപ്പോകാനും കഴിയണം. അന്നോ, തൊട്ടടുത്ത ദിവസങ്ങളിലൊ കൃപയാൽ അവയ്ക്കൊക്കെ പരിഹാരമുണ്ടാകാനും ഇടയാകണം. ഇതിനൊന്നും യാതൊരു പരിഹാരവുമുണ്ടാകുന്നില്ലെങ്കിൽ മനുഷ്യരെന്തിനാണ് അന്യമതാചാരങ്ങൾ ഉപേക്ഷിച്ച് സത്യാരാധനയിലേക്ക് വരുന്നത്? അവിടെത്തന്നെയങ്ങ് നിന്നാൽ പോരെ? ഈ വിഷമസന്ധികളിലൊക്കെ ഞങ്ങളെ സഹായിക്കുന്ന ക്രിസ്തു മുഖാന്തരം നിത്യജീവനും കിട്ടുക എന്നതാണ് പരമപ്രധാനമെന്ന തിരിച്ചറിവും അവർക്കത്യാവശ്യമാണ്.

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

പാ. രാധാകൃഷ്ണൻ

പാപം കത്തിയാളുന്ന ഉഷ്ണഭൂമിയാണീ ലോകം. എന്നാൽ, ദൈവകൃപ, തണുത്ത തെളിനീർപ്രവാഹം പോൽ ഒഴുകിപ്പോകവെ അതിന്റെ ദിവ്യസ്പർശനമേറ്റ് ജീവൻ ലഭിച്ച് പുഷ്ടി പ്രാപിച്ച ഒരുപറ്റം മനുഷ്യരെ കൂട്ടിക്കൊണ്ട് പോകുവാൻ മനുഷ്യപുത്രൻ വീണ്ടും വരുവാൻ സമയവുമായി. കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികൻ പറഞ്ഞതുപോലെ മനുഷ്യനെ മയക്കുന്ന 'കറുപ്പാ'യി മതം ഒരു വശത്തും, അഭിസാരികയുടെ കരവലയത്തിനുള്ളിൽ സ്വയം മറന്ന് രസിക്കുന്ന നരാധമന്മാരേപ്പോലെ പാപം മറുവശത്തും അരങ്ങ് തകർക്കുമ്പോൾ, സകല മനുഷ്യർക്കുമായി യെരുശലേം നഗരവാതിലിന് പുറത്ത് കാൽവരിയിലെ ബലിവേദിയിൽ സ്വയം യാഗമായി കീറി മുറിക്കപ്പെട്ട് "മനുഷ്യനല്ലാ എന്ന് തോന്നുമാറ് ആകൃതിയിലാകപ്പെട്ട" (യേശ.52:14) ദൈവത്തിന്റെ ഊനമറ്റ കുഞ്ഞാടായ ക്രിസ്തുവിനെ ലജ്ജിപ്പിക്കുമെന്ന് തോന്നും വിധം, തെരുവീഥിയിൽ നൂറാവർത്തി വെട്ടിയിട്ടും കലി തീരാത്ത കായീന്റെ സമൂഹം ഇന്ന് പാപക്കറ പുരണ്ട കൊടുവാളുമായി ഓടി നടക്കുകയും വീണ്ടും രക്തദാഹികളായി പരസ്പരം തല തല്ലി തകർക്കുകയും ചെയ്തുകൊണ്ട് അന്തിക്രിസ്തുവിനെ വരവേൽക്കുകയാണ്. മറുവശത്ത്, വടക്കേ ഇന്ത്യയിലെ ഗ്രാമ ഗ്രാമാന്തരങ്ങളിലും അഫ്ഗാനിസ്ഥാനിലും ഏകസത്യദൈവത്തേക്കുറിച്ച് വെളിപ്പാട് ലഭിച്ച ഒരുപറ്റം മനുഷ്യർ, സത്യവചനത്തിന് മുന്നിൽ മാത്രം മുട്ടു മടക്കാൻ ശീലിച്ചവർ, പ്രാണത്യാഗം ചെയ്തും സത്യത്തെ നിഷേധിക്കാത്തവർ മതതീവ്രവാദികളുടെ കൈകളാൽ രക്തസാക്ഷികളാകുന്നു. എങ്കിലും നൊന്ത്പെറ്റ് സ്വന്തം കുഞ്ഞിനെ നഷ്ടപ്പെട്ട ഒരമ്മയുടെ വിലാപംപോലെ, പട്ടണങ്ങളിലും ഗ്രാമങ്ങളിലും കുടിലിലും കൊട്ടാരങ്ങളിലും സുവിശേഷം, പാപിയായ മനുഷ്യനെ തേടി നീട്ടിവിളിച്ചുകൊണ്ടു നടക്കുന്നു, "മനുഷ്യാ നീ എവിടെ" (ഉല്പ.3:9,10). സുവിശേഷം ദൈവത്തിന്റെ ഹൃദയത്തുടിപ്പാണ്, വിലാപമാണ്. ദൈവത്തിന്റെ പുസ്തകത്തിൽ അവയെല്ലാം രേഖപ്പെടുത്തിവെച്ചിരിക്കുന്നു.

ഒരു സ്ത്രീ താൻ പ്രസവിച്ച കുഞ്ഞിനെ മറന്നാലും ദൈവം തനിക്കുള്ളവരെ മറക്കില്ല (യെശ.49:15-16); കാരണം പെറ്റമ്മയെക്കാൾ സ്നേഹിക്കുന്ന, നിത്യതമുതൽ നിത്യതവരെ സ്നേഹിക്കുന്ന, സ്നേഹമാണ് ദൈവം. ഈ ലോകവും മാനവരാശിയും ഇതുപോൽ നില നിന്നു പോകുന്നതിന്റെ കാരണം ദൈവത്തിന്റെ കൃപാസ്നേഹമാണ്. സത്യദൈവത്താൽ വിളിക്കപ്പെട്ട അനവധിപ്പേർ പിന്നെയും ഈ ലോകത്തിന്റെ മായാ വിസ്മയ കാഴ്ച്ചകളിൽ കുടുങ്ങി അകന്നു പോകുമ്പോഴും വാത്സല്യത്തോടെ നഷ്ടസന്തതിയെ തേടിവരുന്ന താതനാണ് ദൈവം (യിരമ്യ.31:20). ഇതൊക്കെയും നാം കണ്ടെത്തുന്നത്, രക്ഷകനായ ദൈവം യേശുവായി ഭൂതലത്തിൽ പ്രത്യക്ഷനാകുന്നതിനു മുമ്പേ, പൂർവ്വ പ്രവാചകന്മാരിലൂടെ അരുളിച്ചെയ്ത തിരുവെഴുത്തിന്റെ നിവൃത്തിയും വ്യാഖ്യാനവുമായ സുവിശേഷങ്ങളിലൂടെയാണ് (റോമ.16:24-26). പുതിയ നിയമത്തിലെ ആദ്യ നാലു പുസ്തകങ്ങളിൽ ഒതുങ്ങുന്നതല്ല സുവിശേഷം, വെളിപ്പാടു പുസ്തകം വരെയും അപ്പസ്തോലന്മാർക്ക് വെളിവായ രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ സകല വചനവും സുവിശേഷം തന്നെയാണ്. ദൈവത്തിൽ നിഗൂഹനം ചെയ്യപ്പെട്ടത് പരിശുദ്ധാത്മാവ് നിയുക്തരിലൂടെ എഴുതിക്കുകയും ആത്മാവ് തന്നെ ഗ്രഹിപ്പിച്ചു തരികയും ചെയ്യുന്നു. മനുഷ്യ കുലത്തിന് ആത്മരക്ഷയ്ക്കുള്ള ഏക വഴിയാണ് പഴയതിന്റെ പരിപൂർത്തിയായ പുതിയനിയമ തെളിവുകൾ. രക്ഷ അതിൽ ആലേഖനം ചെയ്തിരിക്കുന്നു. കർത്താവ് സഭ മുഖാന്തിരം തന്റെ ശുശ്രൂഷകന്മാരിലൂടെയാണ് അല്ലെങ്കിൽ കൃപലഭിച്ച മനുഷ്യർക്കേവർക്കുമാണ് തിരുവെഴുത്തിന്റെ മർമ്മങ്ങളെ വെളിപ്പെടുത്തുക, അഥവാ വ്യാഖ്യാനം നൽകുക (എഫെ.3:4-5/8-9/10 11). മനുഷ്യന്റെ അന്തരാളത്തിൽ സംവദിക്കാനെത്തുന്ന വചനം അവന്റെ ശരീരങ്ങളെ തകർത്തുകൊണ്ട് സകല

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

പാ. രാധാകൃഷ്ണൻ

ത്തിനും ഉത്തരം നൽകി ദൈവോന്മുഖനാകും; അഗ്നിയും തകർത്തുടയ്ക്കുന്ന കൂടമായും സർവ്വ മണ്ഡലങ്ങളിലും കയറിച്ചെന്ന് അവനിൽ രൂപാന്തരം വരുത്തുന്നതുമായ ദൈവവചനം 'മനുഷ്യന്റെ' സമ്പൂർണ്ണ രക്ഷമാത്രമാണ് ലക്ഷ്യം വയ്ക്കുന്നത്; അവന് നിത്യമായൊരു ജീവിത മണ്ഡലത്തെ അതിലൂടെ ഒരുക്കി വയ്ക്കുകയും ചെയ്തിരിക്കുന്നു.

**ദൈവത്തിന്റെ പുസ്തകം**

മനുഷ്യന് നൽകപ്പെട്ട ദൈവത്തിന്റെ ഏകപുസ്തകമാണ് ബൈബിൾ. മനുഷ്യന്റെ സകല അന്വേഷണങ്ങൾക്കും പ്രശ്നങ്ങൾക്കുമുള്ള ഉത്തരം അതിലുണ്ട്; ആരാഞ്ഞറിഞ്ഞാൽ മാത്രം മതി. വേദപുസത്കം ഇതിനെക്കുറിച്ച് പറയുന്നത്: "യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ച് വായിച്ചുനോക്കുവിൻ; അവയിലൊന്നും കാണാതെയിരിക്കുകയില്ല; ഒന്നിനും ഇണയില്ലാതെയിരിക്കുകയുമില്ല; അവന്റെ വായല്ലോ കല്പിച്ചത്; അവന്റെ ആത്മാവത്രെ അവയെ കൂട്ടിവരുത്തിയത്" (യേശ.34:16). ''പൂരണം കാത്ത് ഇടർകൊണ്ട് മാഴ്കയാണെൻ അന്തഃരംഗം'' എന്ന കാവിവാകൃത്തിലുള്ള സമസ്യാപൂരണമാണ് പുതിയനിയമതിരുവെഴുത്തുകൾ. ക്രിസ്തു എന്ന ദൈവമൊരുക്കിയിരിക്കുന്ന സമ്പൂർണ്ണരക്ഷയും നിത്യജീവിതവും വിശ്വസിക്കുന്ന ഏതൊരു മനുഷ്യനും സൗജന്യമായി ലഭിക്കണമെങ്കിൽ ദൈവാത്മാവിനാൽ തിരുവെഴുത്തുകളിൽകൂടി മാത്രമേ ലഭിക്കുകയുള്ളു. വചനത്തിലൂടെയുള്ള സത്യോപദേശങ്ങളെ സ്വീകരിക്കുകയും തെറ്റുകൾ തിരുത്തപ്പെടുകയും സകല നല്ല പ്രവൃത്തികളാലും തികഞ്ഞവനായ ദൈവനീതിയുള്ള ഒരു മനുഷ്യനായിത്തീരുക എന്നതുമാണ് വിശുദ്ധവേദപുസ്തകത്തിന്റെ പരമോദ്ദേശം (2 തിമൊ.3:14-17).

മനുഷ്യന്റെ ചിന്തയാലൊ ഭാവനയാലൊ രൂപപ്പെട്ട രചനയല്ല വേദപുസ്തകം; മറിച്ച് ദൈവം മനുഷ്യനെ ഒരു തൂലിക എന്നവണ്ണം എടുത്തുപയോഗിച്ചുകൊണ്ട് എഴുതിയതാണിത് (2 പത്രൊ.1:21). ദൈവം ക്രിസ്തുവായി വന്ന് സാക്ഷാത്ക്കരിച്ച രക്ഷണ്യപ്രവൃത്തിയും പരിശുദ്ധാത്മാവ് ഈ വചനസത്യങ്ങളെ മനുഷ്യാത്മാവിലേക്ക് പകർന്ന് നൽകി അവരുടെയും ജീവിതത്തിലൂടെ തെളിയിച്ചതുമായ ഗ്രന്ഥസമുച്ചയമാണിത്. പഴയനിയമവിശുദ്ധന്മാരിലുപരിയായി, പത്രൊസിന്റെയും യോഹന്നാന്റെയും പ്രത്യേകിച്ച് പൗലോസിന്റെയും ജീവിതത്തെ വേദപുസ്തകത്തിന്റെ താളുകളിൽ കോറിയിട്ടതും "നാം പിന്തുടരാൻ ഒരു മാതൃക വെച്ചേച്ചുപോയ" (1 പത്രൊ.2:21) ക്രിസ്തുവിനെ അനുകരിക്കുകയും അനുഗമിക്കുകയും ചെയ്തതുകൊണ്ടാണ്.

ലോകം വായനാശീലത്തിൽനിന്നും വ്യതിചലിച്ച് ദൃശ്യമാദ്ധ്യമങ്ങളുടെ മുന്നിൽ സ്ഥാനം പിടിച്ചിരിക്കുന്നു. അവരുടെ ദുഃഖവും നിരാശയും പ്രേമവും പ്രതികാരവും ഫലിതവും ചൂടോടെ അവർക്കതിലൂടെ ലഭിക്കുന്നുണ്ട്. പാപത്തിന്റെയും പാപബോധമില്ലായ്മയുടെയും ചെളിക്കുണ്ടിൽ പോത്തിനെപ്പോലെ സുഖിച്ചുറങ്ങുകയാണ് ലോകം. മറിച്ച്, വിശ്വാസഗോളത്തിലെ അനേകരുടെ കാര്യവും വ്യത്യസ്തമല്ല! വിഷയദാരിദ്രമൊട്ടുമില്ലെങ്കിലും കേൾക്കുന്നവർക്കൊരു ആത്മാവിഷ്ക്കാരമൊ സ്വരൂപമൊ ലഭിക്കുന്നതിനുതകാത്ത വികാരാവേശപ്രകടനങ്ങളും ഗാനനിർത്ധരികളും കാഴ്ചവെച്ചുകൊണ്ട് പറയുന്നവന്റെ ഉദരപൂരണത്തിനുതകുന്ന വ്യാപാരശൃംഖല വർദ്ധിപ്പിക്കുകയും ചെയ്യവേ ക്രിസ്തുവിന്റെ സാക്ഷ്യം ലോകത്തിനു മുമ്പിൽ ലഭിക്കാതെ ജനം പിന്നെയും ഇരുട്ടിൽ തപ്പുകയാണ്. മനുഷ്യന് ഉണർവ്വും മാനസാന്തരവും നൽകി അവനെ രൂപാന്തരപ്പെടുത്തുവാൻ തിരുവെഴുത്തുകൾക്ക് മാത്രമേ സാധിക്കുകയുള്ളു.

ദൈവത്തെ അറിയണമെങ്കിൽ അവിടുത്തെ വചനത്തെ അറിയണം. തിരുവചനത്തിലൂടെ വെളിപ്പെടുന്ന ക്രിസ്തുവിനെ അറിയുമ്പോഴാണ് ഒരുവൻ ദൈവത്തെ അറിയുന്നത് (2 യോഹ.9). അല്ലാത്ത ഏവരുടെയും വിശ്വാസം "അജ്ഞാതദേവ" (അപ്പൊ.17:23) നിലുള്ള വിശ്വാസമാണ്. ദൈവം മാനവർക്കു ജാതനായി വെളിപ്പെട്ടിരിക്കുന്നു; തിരുവെഴുത്തുകൾ ഇതിന്റെ സമ്പൂർണ്ണാവിഷ്ക്കാരമാണ്. എന്നാൽ പാപിയായ മനുഷ്യന്, അവന്റെ പാപകാരണവും പാപം വിട്ടുപേക്ഷിക്കാത്തതിനാലും വചനത്തെ കേൾക്കുവാനൊ വായിക്കുവാനൊ സാധിക്കുന്നില്ല. ദൈവകൃപ ലഭിക്കുന്ന മനുഷ്യന്റെ ഉൾച്ചെവിയും കണ്ണും തുറന്നുകൊടുക്കുകയും കാണുവാനും കേൾക്കുവാനും വിശ്വസിക്കുവാനും സാധിക്കുകയും ചെയ്യുന്നു; ഇത് ദൈവത്തിന്റെ ഒരു വരദാനമാണ്. ദൈവാത്മാവിനാൽ വീണ്ടുംജനനം പ്രാപിച്ച മനുഷ്യാത്മാവിന് ലഭിക്കുന്ന ദൈവീക വെളിപാടാണ് വചനം; ആത്മീയന്റെ ആത്മീയാഹാരമാണിത് (യോഹ.6:63, 6:51).

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

**പാ. രാധാകൃഷ്ണൻ**

അതിനാലാണ് ''ദൈവസന്തതിയായവൻ ദൈവത്തിന്റെ വചനം കേൾക്കുന്നു'' (യോഹ.8:47) എന്ന് യേശു പറഞ്ഞത്.

തിരുവെഴുത്തുകൾ അറിയാത്തിനാൽ തെറ്റിപ്പോയത് യഹൂദന്മാർ മാത്രമല്ല ലോകം മുഴുവനുമാണ് (മത്താ.22:29, റോമ.3:12). ആധുനികലോകം ബൈബിളിന്റെ ആധികാരികതയെ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നു. രാഷ്ട്രീയഭൗതീകമണ്ഡലങ്ങളിൽ അധികാരങ്ങൾക്ക് വിരോധമായി മനുഷ്യൻ മത്സരിക്കുന്ന നിയമരാഹിത്യത്തിന്റെ നാളുകളിലാണ് നാം ജീവിക്കുന്നത്. ഭരണഘടനയിൽ നിന്നുപോലും 'സെക്യുലർ' എന്നത് എടുത്തുമാറ്റി മതരാഷ്ട്രമാക്കി മാറ്റുവാനുള്ള പരസ്യപ്രസംഗങ്ങളും പ്രവർത്തനങ്ങളും ഇവിടെയും ആരംഭിച്ചിരിക്കുന്നു. ക്രിസ്തു മതാന്ധകാരിയായ ഒരു ദൈവമല്ല. മതത്തിന്റെ കെണിയിൽ നിന്നും മനുഷ്യനെ വിടുവിച്ച് സത്യസ്വാതന്ത്ര്യത്തിന്റെ അനന്തവിഹായസ്സിലേക്ക് പറഞ്ഞുവിടാനാണ് യേശുക്രിസ്തു വന്നത് (1 യോഹ.3:8, യോഹ.8:36).

''ഈ ലോകത്തിന്റെ ദൈവം (പിശാച്) അവിശ്വാസികളായ മനുഷ്യരുടെ മനസ്സ് കുരുടാക്കിയതിനാൽ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പ്രകാശനം അവർക്ക് ലഭിക്കാതെ പോകുന്നു'' (2 കൊരി.4:4). ലോകത്തിൽ വേദപുസ്തകത്തെ മഹത്ഗ്രന്ഥമായി അനേകരും പരിഗണിക്കുന്നുവെങ്കിലും അതിന്റെ ആധികാരികതയെ അവർ നിരാകരിക്കുന്നു. തിരുവെഴുത്തുകളെ സ്വീകരിക്കുന്നവൻ ക്രിസ്തുവിനെയാണ് സ്വീകരിക്കുന്നത്; നിത്യജീവനിലേക്കുള്ള മാർഗ്ഗരേഖയാണ് അത്. അതുകൊണ്ടാണ് യേശു ''ഞാൻ തന്നെ വഴിയും സത്യവും ജീവനും'' (യോഹ.14:6) എന്നു പറഞ്ഞത്. അറിഞ്ഞും അറിയാതെയും സ്വയം രൂപീകരിച്ചെടുക്കുന്ന വിശ്വാസപ്രമാണങ്ങളെ വിട്ടെറിഞ്ഞ് അനേകം ആളുകൾ വേദപുസ്തകവുമായി യോജിപ്പിലെത്തണം. ആയതിനാൽ ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം പഠിപ്പിക്കുന്ന കൂട്ടായ്മയിൽ മാത്രം നാം നിലനിൽക്കണം. പുതിയനിയമശുശ്രൂഷ ആത്മാവിന്റെ ശുശ്രൂഷയാണ് (2 കൊരി.3:6); അതിനാലാണ് കർത്താവ് ശുശ്രൂഷകന്മാരെ നിയമിച്ചത് (എഫേ.4:11). അവർ പുതിയൊരു ഹൃദയം ലഭിച്ചവരാണ്, അഭിഷിക്തരാണ്, ഹൃദയഫലകത്തിൽ ജീവന്റെ വചനത്തെ എഴുതിവെയ്ക്കപ്പെട്ടവരുമാണ്. അവരുടെ ജീവിതം ക്രിസ്തുവിനുള്ളതാണ്, ക്രിസ്തുവിന്റേതാണ്. ക്രിസ്തുവിന്റെ ഭൂമിയിലെ പതിപ്പുകളാണ് ഓരോ ശുശ്രൂഷകനും അഥവാ ആത്മീയമനുഷ്യൻ; ക്രിസ്തുവിൽ നിന്ന് അന്യമായി അവർക്കൊന്നും പറയുവാനില്ല, ചെയ്യുവാനുമില്ല; ജീവനുള്ള വചനത്തിന്റെ വക്താക്കളുമാണവർ. ''ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലയൊ കൊടുക്കുന്നത്'' (യോഹ.3:34, റോമ.1:10, 2 കൊരി.5:19,20, 2 തിമൊ.4:2-5).

സിഗ്നൽ തെറ്റിച്ച് ഓടിയാൽ വലിയ അപകടങ്ങൾ വിളിച്ചുവരുത്തുകയാണ്, കാരണം, ട്രാഫിക് നിയമങ്ങളെല്ലാം കൃത്യതയിലാണ് ആശ്രയിച്ചിരിക്കുന്നത്. ലോകം മുഴുവൻ വഴി തെറ്റിപ്പോകാൻ കാരണം ദൈവത്തിന്റെ നിയമപുസ്തകമായ വേദപുസ്തകത്തെ അവർ അവഗണിച്ചതുകൊണ്ടാണ്. കൃപ ലഭിച്ച മനുഷ്യന്റെ മന:സ്സാക്ഷിയിലൂടെ ദൈവം എന്നും അവനോട് ഇടപെട്ടുകൊണ്ടേയിരിക്കുന്നു; ''ഇതാണ് വഴി ഇതിലേ ................'' എന്നും ''നീ .......... ചെയ്യരുത്'' എന്നും. ഇവിടെ ദൈവത്തിന്റെ കല്പനകൾ നമ്മുടെ പ്രവർത്തനസഹായികളാണ്. നമുക്ക് സ്വയമേവ ഒരിക്കലും പാപത്തെ അതിജീവിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിയിലെത്തുവാൻ സാധ്യമല്ല; ദൈവവചനത്തിന്റെ വ്യവസ്ഥ പ്രകാരം ദൈവാത്മാവിന്റെ സഹായത്താലാണ് സാധിക്കുന്നത്; നാം നല്ല ഫലമുളവാക്കുന്നവരാകാൻ നമ്മിലെ പ്രവർത്തനക്ഷമമല്ലാത്ത മണ്ഡലങ്ങളെ മാറ്റി പുതുതാക്കിതീർക്കുകയും ചെയ്യും. പാപം നമ്മുടെ ആത്മാവിനെയും ദേഹിയെയും തകർത്തുകളയാതിരിക്കാൻ സുനിശ്ചിതമായും വേദപുസ്തകപരിജ്ഞാനമുള്ളവരായിരിക്കണം. സത്യപരിജ്ഞാനം മനുഷ്യന്റെ ഉൾക്കണ്ണു തുറപ്പിച്ച് അവനായി ദൈവമൊരുക്കിയ വാഗ്ദത്തങ്ങളിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോകുമെന്ന പ്രത്യാശയുള്ളവനാക്കുന്നു. ആകയാൽ തിരുവെഴുത്ത് എന്ന ദാനത്തിൽ നാം തൃപ്തരാകണം; കാരണം, അത് ഓരോ ജീവിതത്തിനും വരുവാനുള്ള ജീവിതത്തിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നു.

ദൈവത്തിന്റെ ഉറപ്പുള്ള വാഗ്ദത്തങ്ങളുടെ രേഖയാണ് വേദപുസ്തകം. എന്നാൽ, ''ഇത് കഠിനവാക്ക്, ഇത് ആർക്കു കേൾക്കാൻ കഴിയും'' (യോഹ.6:60) എന്ന് പറഞ്ഞ് പിന്മാറി പോകുന്നവർ അന്വേഷണത്തിൽ പാതിമനസ്സുള്ളവരും പുറമെയുള്ളത് മാത്രം നോക്കുന്നവരു

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

## പാ. രാധാകൃഷ്ണൻ

മാണ്. മനസ്സിലാകാത്തവർക്ക് ആശ്വാസത്തിനായി മറ്റെന്തോ താല്ക്കാലികമായി കിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ദുർഗ്രഹമായതിനെ 'കിട്ടാത്ത മുന്തിരി പുളിക്കുന്നത്' ആയിട്ട് തള്ളിക്കളയുന്നത് കഠിനമായാലും ലളിതമായാലും ആത്മാവിനാൽ മാത്രമേ വചനത്തെ വ്യാഖ്യാനിക്കുവാനും ഗ്രഹിക്കുവാനും സാധിക്കുകയുള്ളു. വചനത്തെ ധ്യാനിച്ചാൽ ഉള്ളിൽ തീ കത്തുകയും ദിവ്യമായ വെളിപ്പാടുകൾ ലഭിക്കുകയും ചെയ്യും. വേദപുസ്തകം, വായിക്കുന്നവന്റെ ഹൃദയത്തെ സചേതനമാക്കിത്തീർക്കുന്നത് പരിശുദ്ധാത്മാവാണ് (2 കൊരി.3:6).

തിരുവെഴുത്തിൽ തെറ്റൊന്നുമില്ല, കാരണം, അപ്രമാദിത്വമുള്ളവനായ കർത്താവാണ് തിരുവെഴുത്തിന്റെ കർത്താവ്; വിവർത്തനത്തിലും വ്യാഖ്യാനത്തിലും തെറ്റ് വന്നേക്കാം. കാരണം മനുഷ്യനാണല്ലോ ഈ മേഘലയിൽ പ്രവർത്തിക്കുന്നതും; എന്നാൽ പരിശുദ്ധാത്മാവിൽ മാത്രം ആശ്രയിച്ചാൽ തെറ്റ് പറ്റില്ല. വചനം പലതും ഗ്രഹിക്കുവാൻ കഠിനമായി തോന്നുന്നത്, അത് മനുഷ്യന്റെ വചനമല്ല, ദൈവത്തിന്റെ വചനമായതിനാലാണ്. 'പൗലൊസിന്റെ സകല ലേഖനങ്ങളിലും' ഗ്രഹിക്കുവാൻ പ്രയാസമുള്ളത് ചിലതുണ്ട് (2 പത്രൊ.3:16) എന്ന് പത്രൊസ് തന്റെ ലേഖനത്തിൽ പറയവെ, അന്ന് അവ്വിധ പ്രയാസമെങ്കിൽ 'പാപം അതിലേറെ വർദ്ധിച്ച' ഈ കാലഘട്ടത്തിൽ ഗ്രഹിച്ചെടുക്കാൻ മിനക്കെടാത്തവർ എത്രമാത്രം അതിനെ വളച്ചൊടിക്കുന്നുണ്ട്. ചെരിപ്പിനൊത്ത് കാൽ മുറിക്കുന്ന കള്ളപ്രവാചകന്മാർ പഴയനിയമകാലത്തും ഈ സഭായുഗത്തിലും ധാരാളമുണ്ട്. ക്രിസ്തുവിനെ പ്രഘോഷിക്കാത്തവർ ക്രിസ്തുവിനുള്ളവരല്ല, ക്രിസ്തുവിന്റെ ആത്മാവിനുള്ളവരുമല്ല.

ക്രിസ്തുവിന്റെ ആത്മാവുള്ളവൻ അപ്പൊസതലനും, പ്രവാചകനും സുവിശേഷകനും ഇടയനും പ്രബോധകനുമായി ശുശ്രൂഷ ചെയ്യുന്നു; ക്രിസ്തുവിനെ സാക്ഷിക്കുന്നു (വെളി.19:10), അല്ലാത്തവർ കള്ളപ്രവാചകരാണ് (ഗലാ.1:8, 2 തിമൊ.4:3,4, അപ്പൊ.20:28-30, 1 യോഹ.4:1-6, മത്താ.7:15-20, 2 പത്രൊ.2:1-22, മത്താ. 23:1-29, യെഹ.13:9, യിര.23:16, ലൂക്കോ.6:26, മത്താ.24:24).

പൗലൊസ് തന്റെ ശിഷ്യനായ തിമോഥെയോസിനെ "ദൈവവചനം വായിക്കുന്നതിൽ ശ്രദ്ധിച്ചിരിക്കുക" (1 തിമൊ.4:13) എന്ന് ആജ്ഞാപിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നതായി കാണാം (1 തിമൊ.4:13). യേശുവും പഴയ നിയമ എഴുത്തുകളെ ഉദ്ധരിച്ചുകൊണ്ട് പരീശന്മാർക്ക് ഗ്രഹിക്കുമാറ് ഉത്തരം നൽകവേ ചില സംഭവങ്ങളെ "നിങ്ങൾ വായിച്ചിട്ടില്ലയോ? (മത്തായി.12:4-5) എന്ന് ചോദിക്കുന്നതായി കാണാം. വചനം വായിക്കുകയും മറ്റുള്ളവരെ വായിച്ചുകേൾപ്പിക്കുകയും വേണമെന്നത് കർത്താവിന്റെ കൽപ്പനയാണ് (എഫെ.3:4,വെളി.1:3). എന്നാൽ "വായിക്കുന്നത് ഗ്രഹിക്കുന്നുവോ?"(അപ്പ.8:30) എന്നത് പരമ പ്രധാനമാണ്. ആത്മാവിൽ വ്യാഖ്യാനിച്ചു തരുവാൻ കർത്താവ് സഭയിൽ ശുശ്രൂഷകന്മാരെ നിയമിച്ചിരിക്കുന്നു. ആത്മീയ മനുഷ്യൻ അനുദിനം ദൈവശബ്ദം കേൾക്കാൻ വചനത്തെ രാപ്പകൽ ധ്യാനിക്കുന്നവരായിരിക്കുകയും വേണം (യോശു.1:8,സങ്കീ.1:2/119:148);"ധ്യാനത്തിങ്കൽ ഉള്ളിൽ തീകത്തവെയാണ് വചനം പ്രഘോഷിക്കപ്പെടുക" (സങ്കീ.39:3). വചനത്തിന്റെ അർത്ഥതലങ്ങളെ ഗ്രഹിക്കുവാനുള്ള, പ്രഘോഷിക്കുവാനുള്ള ഏറ്റവും നല്ലൊരു മാർഗ്ഗം പ്രാർത്ഥനയുമാണ്. (അപ്പ.4:31/എഫെ.6:19-20).

"വചനത്തിൽ വിശ്വസിക്കേണമെന്ന്"(യോഹ.17:20) യേശു പറയുകയും അതിനായി ശിഷ്യന്മാർക്കു വേണ്ടി അവരിലൂടെ വചനം പടരുവാൻ പ്രാർത്ഥിക്കുന്നതായും സുവിശേഷത്തിൽ കാണാം. " വചനം ദൈവമാണ്"(യോഹ.1:2), അത് ജഢരൂപിയായി തീർന്ന, കൃപയും സത്യവും നിറഞ്ഞവനായ"(യോഹ.1:14) യേശുക്രിസ്തുവല്ലാതെ ആരാണ്. "അവന് ദൈവവചനം എന്ന് പേര് പറയുന്നു"(വെളി.19:13). ക്രിസ്തുവിന്റെ ആത്മാവിലാണ് പഴയനിയമത്തിലെ സകല വചനവും ഉണ്ടായത്(1 പത്രോ.1:10) പുതിയ നിയമത്തിലുടനീളവും, ഇനിയുള്ളതും സകലവും സമ്പൂർത്തി വരുത്തുന്നതും ക്രിസ്തു തന്നെ. യഹോവയുടെ ആത്മാവ് തന്നെയാണ് ക്രിസ്തുവിന്റെ ആത്മാവും (നെഹെ.9:30,സെഖ.7:12= 1പത്രോ.1:1011). പരിശുദ്ധാത്മാവും ക്രിസ്തുവിന്റെയാത്മാവ് തന്നെ (യോഹ.14:26/തീത്തോ.3:6/റോമ.8:9/യോഹ.14:6,16:13/ഗലാ.4:6/അപ്പ.16:6-7).

ദൈവാത്മാവിന്റെ ഏകത്വത്തെക്കുറിച്ച് ഞാൻ മുകളിൽ എഴുതി ഫലിപ്പിക്കാൻ ശ്രമിച്ചതെന്തിനാണെന്നത് വചനവും ത്രീയേക ദൈവത്തിന്റേതാണെന്ന് എഴുതുന്നതിനാണ്. ദൈവത്തിന്റെ വചനം വെളിപ്പെട്ടുവന്നവനായ യേശുവിന്റെ വചനമായ്, ശേഷമത് പരിശുദ്ധാത്മാ

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

പാ. രാധാകൃഷ്ണൻ

വിന്റെ വചനമായും ആരിൽ ത്രീയേക ദൈവത്തിന്റെ ആത്മാവ് ഉൾവസിച്ചുവോ അവർക്കത് "എന്റെ സുവിശേഷം " (റോമ,2:16/16:25/2 തിമോ.2:8) എന്ന് പറയുവാനും കൃപലഭിച്ചു.

"ദൈവം അരുളിചെയ്തിരിക്കുന്നു (2.കൊരി.6:16) എന്നതുതന്നെയാണ്". പരിശുദ്ധാത്മാവ് ദാവീദ് മുഖാന്തിരം പറഞ്ഞ തിരുവെഴുത്ത് നിവർത്തി വരേണ്ടതിന്........."(അപ്പൊ.1:16)എന്നതിലും കാണുക. റോമ.9:17 ൽ "തിരുവെഴുത്ത് എന്തു പറയുന്നു എന്നതും "ദൈവം ആത്മാവാകുന്നു (ഗലാ.3:8) എന്നതും ഒന്നു തന്നെ. കാരണം,"ദൈവം ആത്മാവാകുന്നു" (യോഹ.4:24). ശേഷം "ഞാനീ പറയുന്ന വാക്കുകൾ ആത്മാവും ജീവനും ആകുന്നു" (യോഹ.6:63) എന്നും യേശു സ്ഥിരീകരിക്കുന്നു. ദൈവം നിത്യനാകയാൽ (യെശ.40:28) അവിടുത്തെ വചനവും നിത്യമാണ്. (സങ്കീ.119:89,1 പത്രോ.1:25, യെശ.40:8,ലൂക്ക.21:33) "തിരുവെഴുത്തിനു നീക്കം വന്നുകൂടല്ലോ" (യോഹ.10:35) ആകയാൽ പരിശുദ്ധാത്മാവാം ദൈവം, ദൈവം തന്നെയാകുന്ന ദൈവവചനത്തേ - വചനം പ്രവർത്തിയിലൂടെ സമ്പൂർത്തി വരുത്തിയ വചന സ്വരൂപനായ യേശുവിനെ ഈ കൃപായുഗത്തിൽ വിശ്വസിക്കുന്നവരിലേക്ക് പകർന്ന് നൽകൂന്നു (1 കൊരി.2:13, ഹെബ്രാ.3:17) തിരുവെഴുത്തിന്റെ വിമോചനോദ്ദേശ്യം നമ്മിൽ നിത്യജീവനാകുന്ന യേശുവിനെ പകർന്നു നിറയ്ക്കുക എന്നതാണ്. അഥവാ വിശ്വസിക്കുന്നവരായ ഏവർക്കും നിത്യജീവൻ-ജീവിതം നൽകുക എന്നതാണ് (യോഹ.20:31). വീണ്ടും, ത്രീയേകദൈവം ഈ സഭായുഗത്തിൽ അല്ലെങ്കിൽ പരിശുദ്ധാത്മ യുഗത്തിൽ സഭയാകുന്ന യേശുവിന്റെ ശരീരത്തിലൂടെ അഭിഷിക്തന്മാരിലൂടെ സംസാരിക്കുന്നു, അനേകർക്ക് കൃപയുടെ രക്ഷാവചനങ്ങൾ അതു വഴി പകർന്നു നൽകുകയും ചെയ്യുന്നു (1തെസ്സ.2:13,എഫെ.4:29,കൊള.4:6).

പഴയനിയമ തിരുവെഴുത്തുകളെല്ലാം തന്നെ യഹോവയായ ദൈവം "തന്റെ പ്രവാചകന്മാരിലൂടെ സംസാരിച്ചു" (യെര.20:3,യെര.37:2/50:1/ഹഗ്ഗാ.1:1,3/2:1/സെഖ.7:7/മലാ.1:1) എന്നുള്ളതാണ്. ആമോസ് പ്രവാചകൻ "ദർശിച്ച വചന (കണ്ടത്) മാണത്. (ആമോ.1:1)അപ്പൊസ്തലന്മാർ കണ്ടതും, കേട്ടതും കൈകൊണ്ട് തൊട്ടതുമായ നിത്യജീവന്റെ വചനമാണ് യേശു (1യോഹ.1:2). യിരമ്യാവിനും യെഹസ്കേലിനും ദൈവം വായിൽ നിക്ഷേപിച്ച വചനമായിരുന്നു അത്. (യെര.1:9/യെഹ.3:17).യഹോവയുടെ വായിൽ നിന്നു വന്ന അരുളപ്പാടുകൾ തന്നെയാണ് (യെര.37:17/23:16/യെര.30:2/യെര.23:37,35) പ്രവാചകന്മാരുടെ അധരങ്ങളിലൂടെ വിളിച്ചു പറഞ്ഞതും.

## അന്യോപദേശങ്ങളും ദുരുപദ്രേഷ്ടാക്കളും

"അവനോ (യേശു) തിരിഞ്ഞ് പത്രോസിനോട്," സാത്താനേ, എന്നെ വിട്ട് പോകൂ; നീ എനിക്ക് ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതാണ് കരുതുന്നത്" എന്ന് പറഞ്ഞു (മത്താ.16:23). യേശുവിന്റെ ക്രൂശിത മരണം അനാദിയിലേ ദൈവത്തിനറിയാവുന്നതും ആദിയിൽ ദൈവം നിശ്ചയിച്ചതുമാണ് (ഉൽ.3:15/വെളി.13:8). പാപത്തിൽ വീണുപോയ മനുഷ്യന്റെ വീണ്ടെടുപ്പും സമ്പൂർണ്ണ രക്ഷയും യേശുവിന്റെ കാൽവരി ക്രൂശിലെ പരമയാഗത്തിലൂടെയാണ് സാധ്യമാകുന്നത് (കൊലൊ.1:20). "തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കാ.9:23) എന്ന നിയോഗം യേശു തന്നെ അനുഗമിക്കുന്നവർക്ക് നൽകിയതാണ്. ലോകം,ജഢം,പിശാച് ഇവ മൂന്നുമാണ് ദൈവത്തിന്റെയും ആത്മീയന്റെയും ശത്രുക്കൾ. എന്നാൽ, പാപത്തിന്മേലും ശാപത്തിന്മേലും മരണത്തിന്മേലും യേശു ക്രൂശിൽ നമുക്കായി ജയം വരിച്ചു (കൊലോ.2:14,15/1 കൊരി.15:57). സുവിശേഷത്താൽ വീണ്ടും ജനിച്ച ഏതൊരു മനുഷ്യനിലും വീണ്ടും ജനിക്കാത്ത ശരീരമെന്ന ഘടകം അവശേഷിക്കുന്നു. ശരീരത്തിന്റെ പൂർണ്ണമായ വീണ്ടെടുപ്പ് പുനരുത്ഥാനത്തിലൂടെയാണ് സംലബ്ധമാകുന്നത് (റോമ.8:23/1കൊരി.15:52-54).

"പാപസംബന്ധമായി മരിച്ചവരായ നാം ഇനി മുതൽ ജീവിക്കുന്നത് എങ്ങനെ?" (റോമ.6:2) എന്ന വചനം സംബന്ധമായി വെളിപ്പാടു ലഭിച്ച്, ക്രിസ്തുവിന്റെ മരണ അടക്ക ഉത്ഥാനത്തിന്റെ സാദൃശ്യത്തോട് സ്നാനത്തിലൂടെ ക്രിസ്തുവിൽ ഒന്നായാലും, വഴിയാകുന്ന ക്രിസ്തുവിൽ ക്രിസ്ത്വാനുഭവത്തിലൂടെ അനുദിനം യാത്ര ചെയ്യേണ്ടതുണ്ട് (ഗലാ.2:20/5:24). "ശിഷ്യൻ ഗുരുവിനെപ്പോലെയാകണം" (മത്താ.10:24) അതിന് "അവന്റെ കാൽച്ചുവട് പിന്തുടരുവാൻ വച്ചേച്ചുപോയ മാതൃക പിൻതുടരണം" (1 പത്രോ.2:21). ഇതിന് വിരോധമുള്ള ഒരു പോരാട്ടം വിശ്വാസഗോളത്തിൽ പിശാച് അഴിച്ചു വിട്ടി

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

## പാ. രാധാകൃഷ്ണൻ

ട്ടുണ്ട്; ജഢരക്തങ്ങളോടല്ല, അവനോട് ശിഷ്യന് ഒരു പ്രതിരോധത്തിന്റെയും യുദ്ധത്തിന്റെയും മണ്ഡലങ്ങളുണ്ട്. അവ, 1. "അവയാൽ സങ്കൽപ്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ്, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുകയും" (2കൊരി.10:5) വേണമെന്നുള്ളതിനും. 2. "ജഢത്തിൽ സുമുഖം കാണിക്കാൻ ഇച്ഛിക്കുന്നവർ എല്ലാം ക്രിസ്തുവിന്റെ ക്രൂശു നിമിത്തം ഉപദ്രവം സഹിക്കാതിരിക്കേണ്ടുന്നതിന്" (ഗലാ.6:12) ആചാര അനുഷ്ഠാനങ്ങളിലേക്ക് ഭക്തനെ വലിച്ചിഴച്ചു കൊണ്ടു പോയി ക്രൂശിന് ഇടർച്ച വരുത്തുന്നതുമെല്ലാം പിശാചിന്റെ ശക്തമായ ഇടപെടലിനാലാണ്. ആത്മീയന്റെ ചിന്ത ഉന്നതത്തിലുള്ളതായിരിക്കണം (കൊലോ.3:1,2) അവന്റെ പാത ക്രിസ്തുവിന്റേതായിരിക്കണം (മത്താ.16:24,25/1യോഹ.2:6).

ശത്രു അന്നും ഇന്നും മനുഷ്യനെക്കൊണ്ട് വചനത്തെ ദുർവ്യാഖ്യാനം ചെയ്യിപ്പിച്ചുകൊണ്ട് അവന്റെതായ മതപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ലക്ഷ്യം മനുഷ്യനെ പാപത്തിന്റെ വിശാലവഴിയിലൂടെ നടത്തിക്കൊണ്ട് നാശത്തിന്റെ അഗാതകൂപത്തിലേക്ക് തള്ളിയിടുക എന്നതാണ് (മത്താ.7:13). ക്രിസ്തുവിന്റെ പേരിൽ അനാത്മീകമായ മതപ്രസ്ഥാനങ്ങൾ ഉടലെടുക്കാൻ കാരണമായത്, ജാതീയമായ ആചാരാനുഷ്ഠാനങ്ങൾ ഉപേക്ഷിക്കാത്ത, രക്ഷാനുഭവത്തിൽ വരാത്ത, വീണ്ടും ജനിക്കാത്ത അനവധിപേർ സഭയ്ക്കകത്തേക്ക് തള്ളിക്കയറിയതുകൊണ്ടാണ്. സത്യാത്മാവില്ലാത്തവൻ അഥവാ അനഭിഷിക്തൻ വചനത്തെ വ്യാഖ്യാനം ചെയ്താൽ തീർത്തും തെറ്റ് പറയും. ലോക ക്രിസ്തീയ മതങ്ങളിൽ ജാതീയമതങ്ങളിലേതുപോൽ പുരോഹിതന്മാരും, വിഗ്രഹാരാധനയും അന്യദൈവാരാധനയും പിന്നെയും നിരവധിയായ വചന വിരുദ്ധമായ രീതീകളും കടന്നുവരാൻ കാരണം, അത് ആത്മീയമായി വിവേചിക്കേണ്ടതാകയാൽ അത്, അവന് ഗ്രഹിപ്പാൻ കഴിയുന്നതല്ല (1 കൊരി.2:14) എന്നതുകൊണ്ടാണ്.

ക്രിസ്തുവിന്റെ ഉപദേശത്തെ കൈക്കൊള്ളാത്ത, രക്ഷാമാർഗ്ഗത്തെ തിരിച്ചറിയാത്ത രണ്ട് വൻ ലോകമതങ്ങളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ എഴുതിയത് നിങ്ങൾ വായിച്ചിരിക്കുമല്ലോ. "ലോകമോ അതിലുള്ളതിനെയൊ സ്നേഹിക്കരുത്" (1 യോഹ.2:15) എന്ന പരിശുദ്ധാത്മാവിന്റെ ഉപദേശത്തിന്റെ അർത്ഥം ലോകത്തിലുള്ളവരെ, മനുഷ്യരെ സ്നേഹിക്കരുത് എന്നല്ല, ലോകത്തിലുള്ള യാതൊരു മതസിദ്ധാന്തങ്ങളെയും രീതികളെയും സ്വീകരിച്ചാൽ ആത്മരക്ഷ ലഭിക്കാതെ പോകും എന്നുള്ളതാണ്. ജ്ഞാനവാദികൾ, നെസ്തോറിയർ, യൂത്തിക്കെയർ, എബിയോന്യർ, അറിയോന്യർ, അപ്പൊള്ളിനാറിയർ, യേശുനാമക്കാർ തുടങ്ങിയ ദുരുപദേഷ്ട പ്രസ്ഥാനങ്ങളെ മാത്രം പേരെടുത്തെഴുതി എന്നേയുള്ളു; ഇനിയും എത്രയോ തെറ്റായ ഉപദേശങ്ങൾ ലോകത്തിലുണ്ട്! അവയിൽ ഏറ്റവും അപകടകാരികളായ കൾട്ടുകളാണ് യഹോവസാക്ഷികൾ.

വേദപുസ്തകത്തിനെതിരെ ഏറ്റവുമധികം ദുരുപദേശവും ദുർവ്യാഖ്യാനവുമായി കടന്നുവന്ന മതമാണ് യഹോവസാക്ഷികൾ. കള്ളപ്രവാചകന്മാരുടെ കടന്നുകയറ്റത്തെക്കുറിച്ച് സത്യസഭയ്ക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (അപ്പൊ.20:29-30, 1 യോഹ.4:2-3, 2 യോഹ.7, 1 യോഹ.2:22, മത്താ.7:15, 1 യോഹ.2:18, 2 പത്രൊ.2:12, 1 യോഹ.4:1). അമേരിക്കക്കാരനായ ചാൾസ് പെയ്സ് റെസ്സൽ സ്ഥാപിച്ച വീക്ഷാഗോപുരസംഘം (Watch tower society) എന്ന റെസ്സൽ മതത്തിൽ നിന്നുമാണ് യഹോവ സാക്ഷികൾ എന്ന സംഘടന 1931-ൽ രൂപീകരിക്കപ്പെടുന്നത്. അനേകം തെറ്റായ വ്യാഖ്യാനങ്ങൾ തിരുവെഴുത്തുകൾക്ക് നൽകുകയും എണ്ണമറ്റ ദുരുപദേശങ്ങളുടെ പ്രചാരകനായിത്തീരുകയും ചെയ്തു റെസ്സൽ. 1950-ൽ യഹോവാസാക്ഷികൾ പുതിയനിയമത്തിന് അവരുടേതായ ഒരു പരിഭാഷ, New world Transalation എന്ന പേരിൽ ഇറക്കുകയും അതിനെ തങ്ങളുടെ ഉപദേശത്തെ സ്ഥാപിക്കുവാനുള്ള ഉപകരണമാക്കി മാറ്റുകയും ചെയ്തു. 16-ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥറിലൂടെ ആരംഭിച്ച ആത്മീയ നവീകരണം 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ കെട്ടടങ്ങുകയും വ്യത്യസ്ത മതങ്ങൾക്ക് ജന്മം നൽകുന്ന നാടായി യൂറോപ്പ് മാറുകയും ചെയ്തു. യഹോവാസാക്ഷികൾ ഇന്നും ലോകത്തിൽ പകർച്ചവ്യാധിപോലെ പടർന്നുകൊണ്ടേയിരിക്കുന്നു.

യഹോവസാക്ഷികൾ, ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുക എന്നതാണ് അവരുടെ ഉദ്ദേശം. അതിനായി അവർ വചനത്തെ കോട്ടിക്കളയുന്നവരുമാണ്. യഹോവസാക്ഷികൾ തിരുവെഴുത്തുകളെ അവരുടേതായ

(ശേഷം 22-ാം പേജിൽ)

# 16 വർഷത്തിനു ശേഷം കുഞ്ഞിനെ ലഭിച്ചു

ഞാൻ കിഷോർ, ഭാര്യ ബിന്ദു. എറണാകുളം ജില്ലയിൽ വടക്കൻ പറവൂരാണ് ഞങ്ങൾ താമസിക്കുന്നത്. 16 വർഷമായി ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട്. പക്ഷെ ഒരു കുഞ്ഞിനെ താലോലിക്കാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായില്ല. ധാരാളം മരുന്നുകൾ കഴിച്ചു. അമ്പലങ്ങളിലും മറ്റ് വിശുദ്ധസ്ഥലങ്ങൾ എന്ന് പറയപ്പെടുന്നയിടങ്ങളിലുമെല്ലാം പോയി പോയി ഞങ്ങളുടെ പണമെല്ലാം തീർന്നു. അവസാനം IVF ചെയ്തുനോക്കാം എന്ന് തീരുനമാനിച്ചു.എറണാകുളം ലക്ഷ്മി ആശുപത്രിയിലെ IVF ട്രീറ്റ്മെന്റിന്റെ പ്രധാനിയായ ടിറ്റി ചാക്കോയുടെ മേൽനോട്ടത്തിൽ ഒന്നരലക്ഷം മുടക്കി IVF ചെയ്തു. ആ കുഞ്ഞ് അബോർഷനായി. പിന്നെ മൂന്ന് പ്രാവശ്യംകൂടി ചെയ്തു. കിട്ടിയില്ല. അങ്ങനെ ഞങ്ങൾ വോദനയിലും നിരാശയിലുമായി.


നഥാൻ

ദേവസ്യാ മുല്ലക്കരസാറിന്റെ ചേർത്തല സഭയിൽ ശുശ്രൂഷ ചെയ്യുന്ന ആന്റണി പാസ്റ്ററുടെ വീടിനടുത്ത് എന്റെ ഒരു മാമന്റെ മകൾ കവിത താമസിക്കുന്നുണ്ട്. അവളുടെ വിവാഹം കഴിഞ്ഞിട്ട് ആറ് വർഷമായി കുഞ്ഞുങ്ങളില്ലാതെ വിഷമിച്ചിട്ട് ദേവസ്യാസാറിന്റെ ധ്യാനത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതും ആറാം മാസം ഗർഭം ധരിക്കുമെന്ന് സാർ പ്രവചിച്ചതുപോലെ തന്നെ കൃത്യം ആറാം മാസം ഗർഭിണി ആയതും ഒരു പെൺകുഞ്ഞിനെ അവൾക്ക് കിട്ടിയതുമൊക്കെ പലപ്രാവശ്യം എന്നോട് പറഞ്ഞിരുന്നെങ്കിലും, ആത്മാഭിഷേകം മാസികയിൽ അവളുടെ സാക്ഷ്യം ഞാൻ വായിച്ചതാണെങ്കിലും എനിക്കതിലൊന്നും വലിയ വിശ്വാസമുണ്ടായിരുന്നില്ല.

അങ്ങനെയിരിക്കെയാണ് 2017 ജൂൺ മാസത്തിൽ കവിതയുടെ അച്ഛന് രോഗം വന്നത്. മാമനെ കാണാൻ ഞാനവിടെ പോയി. അപ്പോഴും കവിത എന്നോട് പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞു. ജൂലൈ മാസത്തിൽ ദേവസ്യാ സാർ പാലാരിവട്ടത്ത് സാറിന്റെ തന്നെ സഭയിൽ പ്രാർത്ഥനയ്ക്ക് വരുന്നുണ്ടെന്നുള്ള വിവരവും പറഞ്ഞു. ഒന്ന് പോയി നോക്കാമെന്ന് ഞാൻ തീരുമാനിച്ചു. അങ്ങനെ ജൂലൈ മാസത്തിൽ ആദ്യഞായറാഴ്ച ഞങ്ങൾ രാവിലെ തന്നെ സഭയിലെത്തി. സാർ എത്തിയയിട്ടില്ല.അവിടെ നടന്നുകൊണ്ടിരിക്കുന്ന പാട്ടുകളിലും ശുശ്രൂഷകളിലും പങ്കെടുത്തപ്പോൾ തന്നെ എന്തോ വലിയ ഒരു സമാധാനം എനിക്കനുഭവപ്പെട്ടു. ദൈവവചനം പ്രസംഗിച്ചതിനുശേഷം ഞങ്ങൾക്കുവേണ്ടി സാർ പ്രാർത്ഥിച്ചു. അടുത്ത മാസം തന്നെ ഇവൾ ഗർഭിണി ആയ സാക്ഷ്യം നിങ്ങൾ ഈ സഭയിൽ വന്ന് സാക്ഷ്യം പറയും എന്ന് സാർ പറഞ്ഞു. ഞങ്ങൾ തിരിച്ചുപോന്നു. ബിന്ദുവിന്റെ യൂട്രസ്സിൽ ചെറിയൊരു മുഴയുണ്ടായിരുന്നു. അതിന് ഞങ്ങൾ ട്രീറ്റ്മെന്റ് എടുക്കുന്നുണ്ടായിരുന്നു. പതിവുപോലെ ആഗസ്റ്റ് മാസത്തിൽ അതിന്റെ ചെക്കപ്പിനുവേണ്ടി ഞങ്ങൾ ലക്ഷ്മി ആശുപത്രിയിൽ ഡോക്ടർ ടിറ്റി ചാക്കോയുടെ അടുക്കൽ ചെന്നു. പതിവിനു വിപരീതമായ ചെക്കപ്പിനിടയിൽ ഡോക്ടർ എന്നെ അകത്തേക്ക് വിളിച്ചു. അങ്ങനെ പതിവില്ല. ഞാൻ ഭയത്തോടെ ഡോക്ടറുടെ മുറിയിലേക്ക് കയറിച്ചെന്നു. ബിന്ദുവിനെ അവിടെ ടേബിളിൽ കിടത്തിയിരിക്കുകയാണ്. തൊട്ടടുത്ത കമ്പ്യൂട്ടർ സ്ക്രീനിൽ ചൂണ്ടി ഡോക്ടർ ചോദിച്ചു. ഇതെന്താണെന്ന് അറിയാമോ? മുഴ വലുതായതാണെന്ന് കരുതി ഞാനൊന്നും മിണ്ടിയില്ല. അപ്പോൾ ഡോക്ടർ പറഞ്ഞു ബിന്ദു ഒന്നരമാസം ഗർഭിണിയാണ്. എന്റെ സന്തോഷം എങ്ങനെ നിങ്ങളോട് പങ്കുവെയ്ക്കും. യേശു തന്നെ സത്യദൈവം. ജീവിച്ചിരിക്കുന്ന മനുഷ്യരിലൂടെ ഇത്തരം അത്ഭുതങ്ങൽ പ്രവർത്തിക്കാൻ യേശുവിനല്ലാതെ മറ്റാർക്കാണ് സാധിക്കുക. യേശുവേ നന്ദി.


**കിഷോർ& ബിന്ദു, നോർത്ത് പറവൂർ**
**9847339356**

**In everything give thanks; for this is the will of God in Christ Jesus for you.**
**(1 Thessalonians 5 : 18 )**

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

പാ. രാധാകൃഷ്ണൻ

(20-ാം പേജിൽ നിന്നും തുടർച്ച)

എഴുത്തുകളാക്കി മാറ്റവെ അവരറിഞ്ഞൊ അറിയാതെയൊ സത്യദൈവമായ യഹോവയുടെ എതിരാളികളായി മാറുകയാണ്. യോഹാവസാക്ഷികൾ ത്രീത്വോപദേശത്തിൽ വിശ്വസിക്കുന്നില്ല. വചനബോധ്യമില്ലാത്ത അനേകം ക്രിസ്ത്യാനികളും ഇവരുടെ വലയിൽ വീണ് പോകുന്നുണ്ട്. സ്ഥലവിസ്താരത്തെ ഭയന്നും ഇവരെക്കുറിച്ചെഴുതുവാൻ ഏറെ പേജുകൾ ഇനിയും വേണമെന്നതിനാലും ഇത്രമാത്രം എഴുതിനിർത്തട്ടെ. "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിരുകടന്നുപോകുന്ന ഒരുവനും ദൈവമില്ല; ഉപദേശത്തിൽ നിലനിൽക്കുന്നവനൊ പിതാവും പുത്രനുമുണ്ട്. ഒരുവൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെയടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവനോട് കുശലം പറയുകയുമരുത്. അവനോട് കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയല്ലയോ" (2 യോഹ.9-11).

## ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും

മനുഷ്യൻ തന്റെ അബദ്ധസഞ്ചാരം വിട്ട് ദൈവമാർഗ്ഗത്തിലേക്ക് തിരിയുവാൻ സത്യദൈവം യേശുവായി വന്ന് വേണ്ടതെല്ലാം ചെയ്തുവെച്ചിരിക്കുന്നു; വിശുദ്ധവേദപുസ്തകത്തിൽ ഇവയെക്കുറിച്ചുള്ള പരിജ്ഞാനമുണ്ട്; ഇതിലേക്കായി ദൈവം തന്റെ സമൃദ്ധമായ കൃപ വർഷിക്കുന്ന കൃപായുഗത്തിലാണ് നാമെല്ലാവരും ജീവിക്കുന്നത്. ലോകം വർണ്ണാഭകാഴ്ചകളുമായി മാടിവിളിക്കുമ്പോൾ ദൈവകൃപ മനുഷ്യനെ ദൈവോന്മുഖനാക്കുന്നു. മനുഷ്യന് സ്വപ്നത്തിൽകൂടിയെങ്കിലും കാണാൻ സാധിക്കാത്ത, സങ്കല്പിക്കാൻ സാധിക്കാത്ത അവർണ്ണനീയമായതും അളവറ്റതുമായ നിത്യസൗഭാഗ്യമാണ് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു മനുഷ്യനുമായി സൗജന്യമായി ഒരുക്കിവെച്ചിരിക്കുന്നത് (എഫേ.1:3, 17-19). ഒരുവേള ഇവയൊന്നും തിരിച്ചറിയാതെ സകലത്തിന്റെയും ഉടയവനായ ക്രിസ്തുവിനെതിരായി പോയിരുന്ന ശൗൽ എന്ന പൗലൊസിന്റെയുള്ളിലേക്ക് പരിശുദ്ധാത്മാവിന്റെ അഗ്നി കടന്നുവന്നപ്പോൾ സകല ആത്മീയരഹസ്യങ്ങളും മർമ്മങ്ങളും വെളിവാക്കപ്പെട്ടു. അദ്ദേഹത്തിലൂടെയും നിഗൂഢമായിരുന്ന തിരുവെഴുത്തുകൾക്ക് അനവധി വ്യാഖ്യാനങ്ങൾ ഒരുക്കപ്പെട്ടു. ഉല്പത്തി മുതൽ വെളിപാട് പുസ്തകം വരെയുള്ള തിരുവെഴുത്തുകളിൽ നിന്നും അഥവാ ദൈവവചനത്തിൽ നിന്നും വെളിപ്പെട്ട് കിട്ടുന്നതായ സത്യം ദൈവരാജ്യത്തെക്കുറിച്ചും വിശുദ്ധ സഭയേക്കുറിച്ചുമുള്ളതാണ്. "തിരുവെഴുത്തുകൾക്ക് നിവൃത്തി വന്നിരിക്കുന്നു" (ലൂക്ക.4:18) എന്ന യേശുവിന്റെ പ്രഖ്യാപനം, ദൈവത്താൽ സാധ്യമാക്കപ്പെട്ടതും, അത് മനുഷ്യനിലും മനുഷ്യാധിവാസകേന്ദ്രമായ ഭൂമിയിലും ആവിഷ്ക്കരിക്കുന്നതിനേക്കുറിച്ചുമാണ്. ആത്മഹർഷത്തിന്റെ നിർവൃതിയിൽ തിരുവെഴുത്തുകൾ പൂവിട്ട് ഫലം കായ്ച്ചു നിൽക്കുകയാണ്; മനുഷ്യനവയെ കൈനീട്ടി സ്വീകരിച്ചാസ്വദിച്ചാൽ മതി.

"തിരുവെഴുത്തുകളെയൊ ദൈവത്തിന്റെ ശക്തിയെയൊ അറിയായ്കകൊണ്ട് തെറ്റുപറ്റിപ്പോകുന്നു" (ലൂക്ക.12:24). മനുഷ്യന്റെ വാദഗതികളാൽ, വേദപുസ്തകത്തെ രണ്ടായി വേർതിരിച്ച് മാറ്റിവെയ്ക്കുന്ന ഉദ്യമങ്ങളിലൂടെ അവന്, പഴയനിയമ-പുതിയനിയമ സംയോജനത്തിന്റെ പൂർണ്ണത കിട്ടാതെ പോകുകയാണ്. നിലമില്ലാതെ വഴിയൊരുക്കുന്നത് എങ്ങനെ? വിത്തില്ലാതെ മുളപൊട്ടുന്നതെങ്ങനെ? മൊട്ടില്ലാതെ പൂ വിരിയുന്നതെങ്ങനെ? (റോമ.2:19).

തിരുവെഴുത്തുകളിലാദ്യന്തം ത്രീയേകദൈവം നിറഞ്ഞ് നിൽക്കുന്നു. ത്രീയേകദൈവത്തിന്റെ വിശുദ്ധ ആലോചനയിൽ രൂപപ്പെട്ട പദ്ധതിയുടെ രൂപരേഖയാണ് പഴയനിയമതിരുവെഴുത്തുകൾ. അതിന്റെ പൂർണ്ണരൂപം നിത്യനായ ദൈവത്തിലുണ്ട്. ദൈവപദ്ധതിയുടെ സാക്ഷാത്ക്കാരമാണ് പുതിയനിയമപുസ്തകത്തിൽ പരിശുദ്ധാത്മാവ് വരച്ചുവെച്ചിരിക്കുന്നതെല്ലാം തന്നെ.

"നിഗൂഢതയാണ് ദൈവത്തിന്റെ മഹത്വം. കാര്യം ആരാഞ്ഞറിയുന്നതോ രാജാക്കന്മാരുടെ മഹത്വം" (സദൃ ശ.25:2). ആരാണീ രാജാക്കന്മാർ? അങ്ങനെയെങ്കിൽ ഈ ദൈവം ആരാണ്? യേശുക്രിസ്തുവിൽ വെളിപ്പെട്ട ത്രീയേകദൈവം സർവ്വാധിപതിയും രാജാധിരാജാവുമാണ് (1 തിമൊ.6:15, വളി.1:5, 17:4,14, 19:16, ആവ.10:17, സങ്കീ.136:3, യേശ.9:7, 33:22, യിര.23:5). ക്രിസ്തുവിൽ മുൻ നിയമിക്കുകയും ഈ കൃപായുഗത്തിൽ അവൻ വിളിക്കുകയും തിരഞ്ഞെടുക്കുകയും അയയ്ക്കപ്പെടുവാനും സാക്ഷിയാകുവാനും നിയോഗം ലഭിച്ച വിശുദ്ധന്മാരല്ലാതെ ആരാണ് ക്രിസ്തുവിന്റെ സ്ഥാനപതികൾ, ഭാവിയിൽ സഹസ്രാബ്ദത്തിൽ അവനോടുകൂടെ വാഴേണ്ടുന്നവരും (2 കൊരി.5:20,

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

പാ. രാധാകൃഷ്ണൻ

വെളി.1:5, 2:27, 3:21, 20:4-6, 22:5, 5:9,10, 2 തിമൊ.2:11, യിര.30:90). രാജാവ് തന്റെ നിയുക്തർക്ക് സകലതും വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു (1 കൊരി.2:10, മത്താ.5:2, അപ്പൊ.20:27, 1 പത്രൊ.2:9, പുറ.19:6).

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മനുഷ്യനിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുവാനും സൃഷ്ടിക്കപ്പെട്ട സകലത്തിന്മേലും ഭരിക്കുവാനുമാണ്. വേദപുസ്തകത്തിന്റെ ആരംഭത്തിൽ തന്നെയുള്ള ഈ തിരുവെഴുത്തുകൾക്കിടയിൽ ദൈവരാജ്യചിന്തകൾ ഒളിഞ്ഞിരിപ്പുണ്ട്. നമുക്ക് നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്കാം (ഉല്പ.1:26). മനുഷ്യനിൽ ദൈവത്തിന്റെ സ്വരൂപം അദൃശ്യമായ അവന്റെ ആത്മാവും മനസ്സുമാണ്. സദൃശ്യത മനുഷ്യന്റെ ബാഹ്യരൂപവുമാണ്. ആത്മസ്വരൂപനായ ദൈവം പാപജഡത്തിന്റ സാദൃശ്യത്തിൽ വെളിപ്പെട്ടവനായ യേശുവിൽ (റോമ.8:3, 2 തിമൊ.3:16, ഫിലി.2:5,6). ദൈവം ആരാണെന്നും മനുഷ്യൻ എന്തിനായി സൃഷ്ടിക്കപ്പെട്ടെന്നുമുള്ള ഉത്തരവുമുണ്ട്. തിരുവെഴുത്തുകളിൽ സകലത്തിന്റെയും ഉത്തരമുണ്ട്. കർത്താവിൽ നിന്നും നാം അത് സ്വീകരിച്ചാൽ മതി (യേശ.34:16).

**1. തിരുവെഴുത്തുകളും അവയുടെ വ്യാഖ്യാനവും**

വചനത്തിന്റെ എഴുതപ്പെട്ട രൂപമാണ് ബൈബിൾ അഥവാ തിരുവെഴുത്തുകൾ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ വെളിപ്പാടുകൾ മാനുഷികഭാഷയിൽ, ദൈവാത്മാവിനാൽ എഴുതപ്പെട്ടതാണ് തിരുവെഴുത്തുകൾ. നിത്യനും കാലാതീതനുമായ ദൈവം, കാലത്തിന്റെ പരിമിത വൃത്തത്തിലേക്ക് മനുഷ്യാവതാരം പൂണ്ട് യേശുവായി ഇറങ്ങിവന്ന് സംസാരിച്ചപ്പോൾ ക്രിസ്തു ജീവിക്കുന്ന വചനവും ജീവിപ്പിക്കുന്ന വചനവുമായി തീർന്നു (യോഹ.1:14, 6:63,1 യോഹ.1:1-2).

എഴുതപ്പെട്ട വചനമായ (Written word) തിരുവെഴുത്തുകൾ, ജീവിക്കുന്ന വചനമായ (Living word) ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു (വെളി.19:13, 1 യോഹ.1:1-2). ക്രിസ്തുവാണ് തിരുവെഴുത്തുകളുടെ ജീവൻ. തിരുവെഴുത്തുകളുടെ സ്വയം വ്യാഖ്യാതാക്കളായി മാറിപ്പോയിരുന്ന പരീശന്മാരോട് യേശു പറഞ്ഞു: "നിങ്ങൾ തിരുവെഴുത്തുകൾ ശോധന ചെയ്യുന്നു, അവയിൽ നിത്യജീവനുണ്ടെന്ന് നിങ്ങൾ നിരൂപിക്കുന്നുവല്ലൊ; അവ എനിക്ക് സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെയടുക്കൽ വരുവാൻ നിങ്ങൾക്ക് മനസ്സില്ല" (യോഹ.5:39-40).

വചനവ്യാഖ്യാനത്തിൽ തെളിഞ്ഞുവരുന്ന കേന്ദ്ര വ്യക്തി ക്രിസ്തുവാണ്. ക്രിസ്തുവിലാണ് സകലതും കേന്ദ്രീകരിച്ചിരിക്കുന്നത്. യുഗങ്ങളിലൂടെ ദൈവം ക്രിസ്തുവിലത് കേന്ദ്രീകരിച്ച് സകല പരിപൂർത്തിയും വരുത്തുകയാണ്.

1. തിരുവെഴുത്തുകളുടെ വ്യാഖ്യാനം എന്നതുകൊണ്ട് എന്താണ് മനസ്സിലാക്കുക?

തിരുവെഴുത്തുകൾ ദൈവവചനമാകയാലും, ദൈവത്തിലുള്ളത് ദൈവാത്മാവിന് മാത്രമേ അറിയാവൂ (1 കൊരി.2:11) എന്നതിനാലും അവയുടെ പൊരുൾ പരിശുദ്ധാത്മാവ് തിരിച്ചുതരാതിരുന്നാൽ ആർക്കും ഗ്രഹിക്കാനാവുകയില്ല (അപ്പൊ.8:26-39). തിരുവെഴുത്തുകളിലുള്ള തൊക്കെയും പ്രത്യേകിച്ചും ന്യായപ്രമാണത്തിലുള്ളതൊക്കെയും ഒരു വള്ളിയും പുള്ളിയും തെറ്റാതെ മനുഷ്യരക്ഷയ്ക്കായി നിവൃത്തീകരിച്ചവൻ യേശുക്രിസ്തു മാത്രമാണ് (യോഹ.19:30, റോമ.10:4). ആയതിനാലാണ് യേശുവാണ് പഴയനിയമതിരുവെഴുത്തുകളുടെ സാക്ഷാൽ വ്യാഖ്യാതാവ്. ദൈവം തന്നെയായ അവിടുന്നാണ് എല്ലാ തിരുവെഴുത്തുകളുടെയും ഗ്രന്ഥകർത്താവ് (1 പത്രൊ.1:10, 2 തിമൊ.3:15-16, യേശ.40:8, 2 ശമു.23:2, അപ്പൊ.1:16). യേശുക്രിസ്തു ത്രീയേകദൈവത്തിന്റെ സമ്പൂർണ്ണവെളിപ്പാടാണ്. സകല സൃഷ്ടിക്കുംമുമ്പേ ഉള്ളവനായ നിത്യനായ ദൈവം തന്നെയാകുന്ന ദൈവപുത്രൻ സൃഷ്ടിപ്പിൻ കല്പനയിലൂടെ വചനമായി വെളിപ്പെടുന്നു; ശേഷം വിശുദ്ധ കല്പനകളുടെയും ന്യായപ്രമാണത്തിന്റെ രൂപത്തിൽ ദൂതന്മാർ മുഖാന്തരം തന്റെ തിരെഞ്ഞെടുപ്പ് ജനത്തിന് നൽകപ്പെടുന്നു. ഒടുവിൽ പാപത്തിൽ വീണുപോയ, "തന്റെ ഛായയിലും സദൃശ്യത്തിലും" സൃഷ്ടിക്കപ്പെട്ട മനുഷ്യനെ തേടി രക്ഷണ്യ പ്രവൃത്തിക്കായി വചനം ജഡം ധരിച്ചുവന്ന് രക്ഷാനിവൃത്തി വരുത്തുന്നു. ക്രിസ്തുവിലേക്ക് വളരുന്ന ദൈവവചനമാണ് പഴയനിയമം. അവിടുന്നാണ് പഴയനിയമത്തിന്റെ സജീവവ്യാഖ്യാനവും വ്യാഖ്യാതാവും.

**2. വചനവ്യാഖ്യാനത്തിന്റെ അടിസ്ഥാനതത്വമെന്താണ്?**

നിത്യവചനമായ യേശു അത് നമ്മെ പഠിപ്പിക്കുന്നുണ്ട്. യേശു ഉയിർത്തെഴുന്നേറ്റ ശേഷം എമ്മാവൂസി

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

## പാ. രാധാകൃഷ്ണൻ

ലേക്ക് പോയ ചില ശിഷ്യന്മാർക്കും, വീണ്ടും പതിനൊന്ന് പേർക്കും പ്രത്യക്ഷപ്പെട്ട് പറഞ്ഞത്, "ഇതാകുന്നു നിങ്ങളോടുകൂടെയിരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്, മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും 'എന്നെക്കുറിച്ച്' എഴുതിയിരിക്കുന്നതെല്ലാം നിവർത്തിയാകേണമെന്നുള്ളതു തന്നെ" (ലൂക്ക.24:44). വീണ്ടും, "അവൻ അവരോട്: അയ്യോ ബുദ്ധിഹീനരെ, പ്രവാചകന്മാർപറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളെ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു; മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു"(ലൂക്ക.24:27). യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞ വചനങ്ങൾ തിരുവെഴുത്തിന്റെ പ്രസക്തിയും മൂലതത്വവും എന്താണെന്ന് വെളിവാക്കുന്നു. വളരെ നിന്ദ്യവും ദാരുണവുമായ, കർത്താവിന്റെ പീഡാസഹനങ്ങളും ക്രൂശിതമരണവും ശിഷ്യന്മാരെ നിരാശയിലാഴ്ത്തിയിരുന്നു. നിരാശയിലാണ്ട ശിഷ്യന്മാർക്ക് തന്റെ സഹനമരണത്തിന്റെ അർത്ഥം തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ വിശദീകരിച്ചു കൊടുക്കുകയാണ് യേശു. തന്റെ സഹനസന്ദർഭത്തിൽ നിന്നാരംഭിച്ച് തന്റെ സഹനം മുൻകൂട്ടി ചിത്രീകരിച്ച പഴയനിയമ എഴുത്തുകളിലേക്ക് തിരിയുന്നു. ന്യായപ്രമാണം, പ്രവാചകന്മാർ, സങ്കീർത്തനങ്ങൾ എന്നിവയിൽ തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതെല്ലാം പൂർത്തീകരിച്ചിരിക്കുന്നതായി കാണിച്ചുകൊടുത്തു. ശിഷ്യൻമാരുടെ ഹൃദയകവാടങ്ങൾ തുറന്നു; തിരുവെഴുത്തുകളുടെ അർത്ഥം അവർക്ക് വ്യക്തമായി (ലൂക്ക.24:45).

### 3. വേദപുസ്തകവ്യാഖ്യാനം എങ്ങനെ, എവിടെമുതൽ ആരംഭിച്ച് പൂർത്തീകരിക്കേണ്ടതുണ്ട്?

ദൈവം, രൂപരഹിതവും ഇരുൾ നിറഞ്ഞതുമായ ഭൂമിയെ നോക്കി സൃഷ്ടലോകത്തിനായി ദൈവത്തിന്റെ ആദ്യവചനം കല്പിച്ചു "വെളിച്ചം ഉണ്ടാകട്ടെ .......... വെളിച്ചം ഉണ്ടായി" (ഉല്പ.1:3) എന്ന് ആദിയിൽ ആരംഭിച്ച് യുഗാന്ത്യത്തോളം വളർന്നു, കൊടി കുത്തി വാഴുന്ന ഇരുട്ടിന്റെ സാമ്രാജ്യത്തെ സർവ്വം തകർത്തുകൊണ്ട് പര്യവസാനിക്കുകയാണ് വേദപുസ്തകം. ഇരുട്ടിന്റെ അധികാരത്തിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടു പോയവനാണ് മനുഷ്യൻ (2 കൊരി.4:4, 1 യോഹ.5:19); ദൈവസാരൂപ്യം നഷ്ടപ്പെട്ടുപോയവനാണ് അവൻ (റോമ.3:23, ഉല്പ.5:3). ദൈവത്തിന് മനുഷ്യന്റെ മേലുള്ള പരമോദ്ദേശ്യം, വിശ്വസിക്കുന്ന ഏവരെയും തന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാക്കുക എന്നതാണ് (എഫേ.4:22-24, റോമ.8:29-30).

തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ സകല മനുഷ്യർക്കുമായി ക്രിസ്തു രക്ഷാപൂർത്തി വരുത്തിയ സത്യാനുഭവത്തിലേക്ക് വിശ്വസിക്കുന്ന ഏവരെയും കൂട്ടിച്ചെല്ലേണ്ടതുണ്ട്. "പിതാവ് നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിച്ച് തന്റെ സ്നേഹസ്വരൂപനാകുന്ന പുത്രന്റെ രാജ്യത്തിൽ ആക്കിവെയ്ക്കുകയും ചെയ്തത്" (കൊലൊ.1:13, എഫേ.5:8), വിശ്വസിക്കുന്ന ഏവരും ഉൾക്കണ്ണ് തുറന്ന് കാണേണ്ടതുണ്ട്. അമ്മയുടെ ഗർഭപാത്രത്തിന്റെ ഇരുളറയിൽ നിന്നും പുറത്ത് വന്ന കുഞ്ഞ് ബാഹ്യപ്രകൃതിയുടെ വിസ്മയക്കാഴ്ചകളിൽ ഒന്നും ഗ്രഹിക്കാതെ കൺതുറന്നിരിക്കുകയാണ്. വീണ്ടും ജനിച്ച ഒരു ദൈവപൈതൽ "ബാല്യം മുതലേ തിരുവെഴുത്തുകളെ പഠിച്ചറിഞ്ഞ് നിശ്ചയം പ്രാപിക്കുകയും അതിൽ നിലനിൽക്കുകയും ചെയ്യേണ്ടതുണ്ട് (2 തിമൊ.3:14-15). തിരുവെഴുത്തുകൾ എന്നാൽ തിരുവചനം എന്നുകൂടിയാണർത്ഥം. നിത്യരക്ഷയ്ക്കാവശ്യമായ വചനങ്ങൾ പുതിയനിയമത്തിന്റെ താളുകളിലാണ് വ്യാഖ്യാനിച്ചൊരുക്കിവെച്ചിരിക്കുന്നത്. നാം പഠിക്കുന്ന വിഷയം യേശുക്രിസ്തു എന്നതാണ്. "ആദിയിൽ" (ഉല്പ.1:1) എന്നാരംഭിക്കുന്നു അത്. വിഷയത്തെ കീറിമുറിച്ച് പഠിക്കുന്ന ഉന്നത പഠനങ്ങൾ ശേഷമുണ്ടാകാം; അടിസ്ഥാനവും പരിജ്ഞാനപൂർത്തിയും. എല്ലാ തിരുവെഴുത്തും പഠിക്കണം (2 തിമൊ.3:16, ലൂക്ക.24:27). പുതിയനിയമത്തിന്റെ സർവ്വകലാശാലയിൽ പരിശുദ്ധാത്മനിറവും ജ്ഞാനവും പ്രാപിച്ച നിയോഗം ലഭിച്ച ശുശ്രൂഷവൃന്ദങ്ങളെ കർത്താവ് നിയമിച്ചാക്കിയിട്ടുണ്ട് (എഫേ.4:11-15). എന്നാൽ, വീണ്ടുമൊരിക്കൽകൂടി പറയട്ടെ വീണ്ടുംജനനത്തിനായുള്ള ദിവ്യപ്രേമപ്രകൃതി ഒരുക്കിയിരിക്കുന്നത് പുതിയനിയമസുവിശേഷങ്ങളിലാണ്. വീണ്ടുംജനനാനുഭവത്തിൽ വരാത്ത ഒരുവൻ, 'ആദിയിൽ' ആരംഭിച്ചാൽ വേദപുസ്തകത്തെക്കുറിച്ചുള്ള ബാഹ്യമായ അറിവ് മാത്രമേ ലഭിക്കുകയുള്ളൂ. ഇവ്വിധമുള്ള വേദപഠനം "സകല സത്യത്തിലും വഴി നടത്തുന്ന" തല്ല. നിങ്ങൾ എല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെടും എന്ന വചന

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

## പാ. രാധാകൃഷ്ണൻ

പ്രകാരം പുതിയനിയമത്തിൽ കർത്താവ് ആവിഷ്ക്കരിച്ചിരിക്കുന്ന വ്യവസ്ഥക്കനുസരിച്ചുവേണം പഠിക്കുവാൻ (1 കൊരി.2:13) അവ്വിധമെങ്കിൽ ദിവ്യപ്രകൃതിയും വളർന്ന് പൂവിടുവാനും ഫലം കായ്ക്കുവാനും ശേഖരിക്കപ്പെടുവാനും സാധിക്കും (മർക്കോ.4:28-29).

4. 'അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യമില്ല എന്ന വചനത്തെ ഞാൻ അനുസരിക്കവെ എന്നെ വിമർശിക്കുവാനൊ വിധിക്കുവാനൊ ആർക്കു കഴിയും?

മുകളിലെ ചോദ്യത്തിലെ വചന (1 യോഹ.2:27) സാഹചര്യം അപ്പൊസ്തലന്റെയൊ നിയുക്തരായ ശുശ്രൂഷകരുടെയോ അഭാവത്തിൽ ദുരുപദേഷ്ടാക്കളിൽ നിന്നുള്ള സമീപനത്തിനെതിരെയുള്ള മുന്നറിയിപ്പായിട്ടാണ് എഴുതിയിരിക്കുന്നത്. എന്നാൽ, എന്നെ ആരും പഠിപ്പിക്കണ്ട എനിക്കറിയാം എന്നുള്ള ചിന്ത വചനവ്യവസ്ഥക്കെതിരാണ് (എഫേ.4:11-16). ലോകവിദ്യാഭ്യാസക്രമം പോലും എങ്ങനെയാണ്!? സഭയിൽ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും ഇടയപരിപാലനത്താലുമാണ് ശിഷ്യന്റെ പഠനവും വളർച്ചയും; അവൻ വചനത്തെ ധ്യാനിക്കുകയും പഠിക്കുകയും വേണ്ട എന്നതുമല്ല ഉദ്ദേശിക്കുന്നത് (അപ്പൊ.2:42, 20:27-28, യോഹ.21:15-17, എബ്രാ.13:17, 2 തിമൊ.3:14, യോശു.1:8). അവനാൽ പ്രാപിക്കുന്ന അഭിഷേകം വചനാഭിഷേകം കൂടിയാണ് (യോഹ.6:63). വചനം കേൾക്കുന്നവരിലേക്കാണ് പരിശുദ്ധാത്മാഭിഷേകം ലഭിക്കുക (അപ്പൊ.10:44, ഗലാ.3:2). വചനം കേട്ടനുസരിക്കുന്നവർക്കാണ് അഭിഷേകം പകരപ്പെടുക (അപ്പൊ.2:38, 19:5-6). വചനസ്വരൂപനായ ക്രിസ്തുവാണ് അഭിഷേകം നൽകുന്നത് (വെളി.19:13, യോഹ.1:33). വചനം പഠിപ്പിക്കുക എന്നത് ഗുരുവിൽ നിന്നും ശിഷ്യർക്ക് ലഭിച്ച നിയോഗമാണ് (മത്താ.28:20). പരിശുദ്ധാത്മാവ്, ചുമ്മാ 'ഊതുകയൊ തള്ളുകയൊ ചെയ്യുമ്പോൾ വന്ന് പതിക്കുകയൊ ഉൾപ്രവേശിക്കുകയൊ ചെയ്യുന്ന ആത്മാവല്ല; ഇത് വചനവ്യവസ്ഥയ്ക്കെതിരാണ്. യേശു തന്നെയും ഉയിർത്തെഴുന്നേറ്റ ശേഷവും നാല്പത് നാൾ ശിഷ്യന്മാരോട് ചേർന്ന് ദൈവരാജ്യം സംബന്ധിച്ച് പറഞ്ഞുകൊടുത്തതിനുശേഷം പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ച ശേഷമാണ് വചനത്തിന്റെ പൊരുൾ വെളിപാടായി അപ്പൊസ്തലന്മാർക്ക് ലഭിക്കുവാനും ഇറങ്ങിത്തിരിക്കുവാനും സാധിച്ചത് (അപ്പൊ.1:2,4,8, 14-40). ന്യായപ്രമാണ പുസ്തകങ്ങളെ മുഴുവൻ ഹൃദിസ്ഥമാക്കി, അനുഷ്ഠാനങ്ങളിൽ അനിന്ദ്യനായിരുന്ന ശൗൽ എന്ന പൗലൊസിന്മേൽ പരിശുദ്ധാത്മാവ് വന്നപ്പോഴാണ് അവൻ ക്രിസ്തു പരിജ്ഞാനത്താൽ നിറഞ്ഞത്. എല്ലാം പഠിച്ചു കഴിയുമ്പോൾ ശിഷ്യൻ ഗുരുവിനെപ്പോലെയാകും (മത്താ.10:24).

5. വേദപുസ്തകത്തെ അഥവാ തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുവാനായി മാനദണ്ഡങ്ങൾ വല്ലതുമുണ്ടോ?

നാം കണ്ടു, ക്രിസ്തുവിൽ തിരുവെഴുത്തുകൾ നിവർത്തിയായത് ഒരു വ്യാഖ്യാന നിവൃത്തിയാണെന്ന്; ഇത് ദൈവാത്മാവിനാലാണ് സാധ്യമാകുന്നത് (1 തിമൊ.3:16). വീണ്ടും, ഒരു ആത്മീയ മനുഷ്യന് തന്നിലുള്ള പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാത്രമേ അഗ്രാഹ്യമായ വചനങ്ങളെ വ്യാഖ്യാനിക്കാൻ സാധിക്കുകയുള്ളു. കാരണം, "ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല" (1 കൊരി.2:11, 13-15). പാടത്ത് വിതച്ച വിത്തിന്മേൽ മഴ പെയ്തിറങ്ങി കുതിർന്ന് വിത്തുകൾ പൊട്ടി വിരിയുന്നതുപോലൊരു കൃഷിപാഠം ഇതിലുണ്ട്. വചനവ്യാഖ്യാനത്തിന് വേദപുസ്തകപ്രകാരമുള്ള മാനദണ്ഡങ്ങളെ പാലിക്കാതിരുന്നാൽ വചനത്തെ തെറ്റായി വ്യാഖ്യാനിക്കപ്പെടും. മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന നിഷേധാത്മകസ്വഭാവ വിശേഷങ്ങൾ മൂലവും വ്യാഖ്യാനം വഴിപിഴയ്ക്കാം. മുൻവിധിയും പക്ഷപാതവുമുള്ള ഒരു വ്യക്തി, തനിക്കറിവില്ലാത്ത ഒരു വിഷയത്തെപ്പറ്റി എഴുതുവാനൊ പ്രസംഗിക്കുവാനൊ തുനിഞ്ഞാൽ തെറ്റ് പറ്റാനുള്ള സാധ്യതകൾ കൂടുതലാണ്. ദൈവത്തിന്റെ വഴികൾക്കെതിരെ പ്രവർത്തിക്കാനുള്ള ഒരു പ്രവണത മനുഷ്യനിലുണ്ട്; ലോകം, ജഡം, പിശാച് എന്നീ മൂന്ന് മണ്ഡലങ്ങളിലുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. എന്താണ് ഇതിന് പരിഹാരം? ദൈവവചനം വ്യാഖ്യാനിക്കേണ്ടത് എങ്ങനെയെന്ന് മുൻപറഞ്ഞ വസ്തുതകളിൽ നിന്ന് നന്നായി പഠിക്കുക. മാനുഷികമായ പരിമിതികൾ ദൈവത്തിനില്ലെന്ന് നാം മനസ്സിലാക്കുക; സകല സത്യവും ഉപദേശിച്ചു തരികയും സകല സത്യത്തിലും വഴി നടത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന് ഏൽപ്പിച്ചുകൊടുക്കുക (യോഹ.15:26, 16:13). അവിശ്വാസത്തിന്റെ ആത്മാവ് എല്ലാ മനുഷ്യരിലുമുണ്ട്; എന്നാൽ, സത്യദൈവത്തിലും ദൈവവചനത്തിലുമുള്ള അചഞ്ചലമായ

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

## പാ. രാധാകൃഷ്ണൻ

വിശ്വാസം ഒരു വചനവ്യാഖ്യാതാവിനുണ്ടായിരിക്കണം. പഴയനിയമവും പുതിയനിയമവും വചനങ്ങൾ പരസ്പര പൂരകങ്ങളാകയാൽ വചനാടിസ്ഥാനത്തിൽ മാത്രമേ വചനം വ്യാഖ്യാനിക്കാവൂ; കൂടാതെ, മനുഷ്യബുദ്ധിക്ക് അസ്വീകാര്യമായി വേദപുസ്തകത്തിലെ ചില വിഷയങ്ങളെക്കുറിച്ച് തോന്നിയേക്കാമെങ്കിലും ചോദ്യം ചെയ്യാതെ അതിൽ വിശ്വസിക്കേണ്ടതുണ്ട്, ദൈവാത്മാവിന് വിട്ടു കൊടുക്കേണ്ടതുണ്ട്. ഗുളിക ആരും ചവച്ചരച്ച് കഴിക്കാറില്ല. വിഴുങ്ങുകയാണ് ഉചിതം. അഗ്രാഹ്യമായതിനെ ആത്മാവിനാൽ മാത്രമേ വ്യാഖ്യാനിക്കാൻ സാധിക്കൂ.

6. വചന വ്യാഖ്യാനം ഒരുവന്റെ ജീവിതത്തിൽ പകർത്തപ്പെട്ട് അനുഗ്രഹദായകമായി തീരുന്നത് എങ്ങനെയാണ്?

ഒന്ന്, ദൈവം ലോകത്തിൽ മനുഷ്യന്റെ മുമ്പിൽ യേശുവായി വെളിപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് ഭാഷ്യം; ഇതാണ് വ്യാഖ്യാനത്തിന്റെ ഉറവിടം. പാടത്തിൽ നിന്നും വിള കൊയ്ത്, ധാന്യം ശേഖരിച്ച് പൊടിച്ച് നേർത്ത മാവാക്കി ആവശ്യത്തിന് ഉപ്പും എണ്ണയും വെള്ളവും ചേർത്ത് കുഴച്ച് അപ്പം ചൂടോടെ ചുട്ടെടുക്കുന്നതുപോലെ, നിത്യജീവനായുള്ള ജീവന്റെ അപ്പമായ യേശുവിനെ കാൽവരിയനുഭവത്തിലൂടെ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നു. എന്നാൽ, ലോകാഭിരുചികളിൽ കുടുങ്ങി സ്വർഗ്ഗനരകങ്ങൾ ഇവിടെത്തന്നെയാണെന്ന് വാദിക്കുന്ന താർക്കിക മനുഷ്യനും, യുക്തിയാൽ മുക്തിയെ എതിർക്കുന്ന സത്യനിഷേധികളും വചനസത്യങ്ങളുടെ മുന്നിൽ വാതിൽ കൊട്ടിയടച്ച് കളയുകയാണ് ചെയ്യുന്നത്. വേദപുസ്തകം സാക്ഷ്യം നൽകുന്നു: "അവൻ സ്വന്തമായതിലേക്ക് വന്നു; സ്വന്തമായവരൊ അവനെ കൈക്കൊണ്ടില്ല (യോഹ.1:11). തങ്ങളുടെ രക്ഷയ്ക്കായ് പ്രവചനപ്രകാരം വെളിപ്പെട്ട മശിഹായെ അവർക്ക് തിരിച്ചറിയാൻ സാധിക്കാത്ത വിധം അവരുടെ ഹൃദയം കഠിനമായിരുന്നു. "എന്റെ വാക്കിൽ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ എന്റെ പ്രവൃത്തിയിലെങ്കിലും നിങ്ങൾ വിശ്വസിക്കുവിൻ എന്ന് യേശു യഹൂദന്മാരോട് പറഞ്ഞു" (യോഹ.10:25, 37-38). ക്രിസ്തുവിന്റെ വാക്കും പ്രവൃത്തിയും തിരുവെഴുത്തുകളുടെ വെളിപാടായിരുന്നു; എന്നാൽ ചെവികൊണ്ട് കേട്ടിട്ട് ഗ്രഹിക്കുവാനൊ കണ്ണുകൊണ്ട് കണ്ടിട്ടും മനസ്സിലാക്കുവാനൊ അവർക്ക് സാധിച്ചില്ല; അവർ മശിഹായെ തള്ളിക്കളഞ്ഞു. യുക്തിവാദികളായിരുന്ന സദൂക്യരും പുറമെ നീതിയുടെ വേഷം ധരിച്ച പരീശന്മാരും ഉള്ളിൽ ദുഷ്ടത നിറഞ്ഞവരും കപടഭക്തിക്കാരുമായിരുന്നു (മത്താ.23:13-32, 1 തെസ്സ.2:15-16). അവർ വേദപുസ്തകത്തെ സ്വയം വ്യാഖ്യാനം ചെയ്യുന്നവരായിരുന്നു (മത്താ.15:8-9); അവരുടേതായ ചിന്തകളിലും കാഴ്ചപ്പാടുകളിലും അവർ കുടുങ്ങിപ്പോയിരുന്നു (യോഹ.9:40). സത്യവെളിച്ചമായ യേശുവിനെ കണ്ട് തിരിച്ചറിഞ്ഞ് വിശ്വസിക്കുവാനും ഏറ്റെടുക്കുവാനും അവർക്ക് സാധിച്ചില്ല. ഇത് തങ്ങളുടേതായ മുൻവിധിയും ദൈവീകപരിജ്ഞാനത്തിന്റെ അഭാവവും മൂലമായിരുന്നു. ഇവ്വിധമുള്ള ഒരു സമൂഹം ഇന്നുമുണ്ട്.

തിരുവെഴുത്തുകളിൽ അഗാധ പാണ്ഡിത്യവും ന്യായപ്രമാണ അനുഷ്ഠാനങ്ങളിൽ അനിന്ദ്യനുമായിരുന്ന ശൗൽ എന്ന പൗലൊസ് (അപ്പൊ.26:5, ഫിലി.3:5) ക്രിസ്തുവിനെതിരെ അഥവാ സഭയ്ക്കെതിരെ അഴിച്ചുവിട്ട ഉപദ്രവങ്ങളെ നാം വേദപുസ്തകത്തിൽ നിന്നും വായിച്ചെടുക്കുന്നുണ്ട് (അപ്പൊ.8:3, 26:9-11). എന്നാൽ ക്രിസ്തുവിനാൽ പിടിക്കപ്പെട്ട് പരിശുദ്ധാത്മപൂർണ്ണനായപ്പോൾ, താൻ ബാല്യം മുതൽ പഠിച്ചിരുന്നതും വിശ്രുതനായ ഗമാലിയേലിന്റെ പാദപീഠത്തിലിരുന്ന് പഠിച്ചതുമായ തിരുവെഴുത്തുകളെയെല്ലാം പരിശുദ്ധാത്മാവിനാൽ വ്യഖ്യാനിക്കുവാനും പതിനാലോളം ലേഖനങ്ങളെഴുതുവാനും സാധിച്ചു. വിശുദ്ധപൗലൊസിന്റെ ജീവിതം തന്നെയും മറ്റൊരു യേശുവായി മാറത്തക്കവിധം യേശുവിനെ ആത്മാവിനാൽ, വള്ളി പുള്ളി തെറ്റാതെ തന്റെ ജീവിതത്തിലൂടെ വ്യാഖ്യാനിച്ചെടുക്കുകയായിരുന്നു; സാക്ഷിക്കുകയായിരുന്നു. എത്യോപ്യാ രാജ്ഞിയുടെ ഭണ്ഡാര വിചാരിപ്പുകാരനായ ഷണ്ഡനും ദൈവാത്മാവ് പീലിപ്പോസിലൂടെ തിരുവെഴുത്തുകൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ അവന്റെ ജീവിതം ധന്യമായത് എത്ര നല്ല മറ്റൊരുദാഹരണമാണ് (അപ്പൊ.8:26-39). ഓരോ ശുശ്രൂഷകനും അഥവാ ആത്മീയമനുഷ്യനും സകല തിരുവെഴുത്തുകളുടെയും പൊരുൾ തിരിച്ചറിഞ്ഞില്ലെങ്കിൽ തെറ്റുപറ്റിപ്പോകും. മറ്റുള്ളവരെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നവന് വചനസത്യങ്ങളിൽ വ്യക്തമായ അറിവില്ലാതെ പോയാൽ അപകടമാണ്. വാക്കിൽ പിഴയ്ക്കുന്നവൻ പ്രവൃത്തിയിലും പിഴയ്ക്കും, ശിക്ഷാവിധിക്ക് യോഗ്യമാണത് (യാക്കോ.3:12). ഒരു ആത്മീയ മ

(ശേഷം 28-ാം പേജിൽ)




കരുണാസമ്പന്നനായ ദൈവം സൗജന്യമായി നൽകുന്ന ജീവശ്വാസത്തിന്റെ ഔദാര്യത്തിലാണ് നാമെല്ലാം മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. വലിയവനും ചെറിവനും പ്രശസ്തരും അപ്രശസ്തരും സമ്പന്നനും ദരിദ്രനും മരണത്തിൽ നിന്ന് തെല്ലുമാത്രം ഇപ്പുറത്തു ജീവിക്കുന്നവരാണ്; ഒരു വിളിപ്പാടകലെ മരണാനന്തരമുള്ള ജീവിതം കാത്തുനിൽക്കുന്നു. അതുകൊണ്ടുതന്നെ ആത്മരക്ഷയെക്കുറിച്ച് അവർ കേൾക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്. ''അവൻ (യഹോവ) സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു'' (1 തിമൊ.2:4). ''ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ (യഹോവ) ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു'' (2 പത്രൊ.3:9).

സുവിശേഷം എന്ന നല്ല വാർത്ത (Good News) യിലൂടെ യഹോവയായ ദൈവം വിഭാവനം ചെയ്യുന്നത് '' നമ്മുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുനിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ' (1 തെസ്സ 5.23) എന്നതാണ്. നമുക്ക് ദൈവം നൽകിയ രക്ഷാകരമായ പദ്ധതി സർവ്വജ്ഞാനിയായ ദൈവത്തിന്റെ ഹൃദയത്തിൽനിന്ന് ഉടലെടുത്തതായതുകൊണ്ട് പൂർണ്ണതയുടെ പൂർണ്ണതയാണ്. പണ്ഡിതനും പാമരനും സമ്പന്നനും ദരിദ്രനും ആരോഗ്യമുള്ളവനും രോഗിക്കും നീതിമാനും പാപിക്കും അന്ധനും ചെകിടനും അംഗഹീനനും ആർക്കും പ്രാപിക്കുവാൻ കഴിയുന്ന വിധത്തിലുള്ള വളരെ ലളിതമായ രക്ഷണ്യ പദ്ധതിയാണ് പിതാവായ ദൈവം ആവിഷ്കരിച്ചിരിക്കുന്നത്. അത് മറ്റൊന്നുമല്ല, '' തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന

ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു''(യോഹ.3:16). കർമ്മ മാർഗ്ഗം കൊണ്ട് രക്ഷനേടുവാൻ സാധ്യമല്ല, വിശ്വാസത്താലാണ് രക്ഷ എന്ന് വ്യക്തമായി ഇതിലൂടെ പ്രതിപാദിക്കുകയാണ്. പ ഴയനിയമത്തിൽ, സർപ്പദംശനമേറ്റ യിസ്രായേൽ ജനം, മോശെ ഉയർത്തിയ പിത്തളസർപ്പത്തിലേക്ക് വിശ്വാസത്തോടെ നോക്കി രക്ഷപ്പെട്ടതുപോലെ നാമും ദൈവത്താൽ ഉയർത്തപ്പെട്ട യേശുക്രിസ്തുവിനെ നോക്കി രക്ഷപ്രാപിക്കണം എന്നതാണ് ദൈവഹിതം (യോഹ.3:14 15).

ലോകത്തിലെ വാർത്താമാധ്യമങ്ങൾ എല്ലാം പടച്ചുവിടുന്നത് പാപങ്ങളും പാപത്തിന്റെ അവസാനഭാഗങ്ങളും ഉൾപ്പെടുന്ന പാപപ്രവർത്തികളെക്കുറിച്ചാണ്. ഇത് കാണുവാനും കേൾക്കുവാനും ആഗ്രഹിക്കുന്നവരാണ് ലോകജനതയിൽ ഭൂരിഭാഗവും. കാരണമുണ്ട്, അവർ ദൈവത്തിൽ നിന്നും വചനത്തിൽ നിന്നും വീണ്ടും ജനിച്ചവരല്ല. കേട്ടിട്ടും കേട്ടിട്ടും എന്നാൽ ജനങ്ങളുടെ ഉള്ളം യഥാർത്ഥ സന്തോഷവും സമാധാനവും നിറയുന്നില്ല താനും. ഇവിടെയാണ് ദൈവവചനത്തിന്റെ യഥാർത്ഥ പ്രസക്തി. സദ്വചനങ്ങൾ മാത്രമുള്ളതാണ് ദൈവത്തിന്റെ വചനം. അവയിൽ യാതോരു വ്യാജവും ഇല്ല. തേനിലും മാധുര്യമേറിയതും പാതയിൽ പ്രകാശവും കാലിനു ദീപവുമാണ് ദൈവത്തിന്റെ വചനം. സങ്കീർത്തകൻ പറയുന്നു: ''നിന്റെ ന്യായപ്രമാണത്തോടു പ്രിയമുള്ളവർക്ക് മഹാ സമാധാനം ഉണ്ട്; അവർക്ക് വീഴ്ച്ചയ്ക്കു സംഗതി ഏതുമില്ല'' (സങ്കീ.119:165).

രക്ഷിക്കപ്പെടാത്തവർക്ക്, അതായത് യേശുക്രിസ്തുവിന് സ്വന്തം ജീവിതങ്ങളെ സമർപ്പിച്ച് അവിടുത്തെ കർത്താവും രക്ഷിതാവുമെന്ന് ഏറ്റ് പറയാത്തവർക്ക്, അടിയന്തിരമായി കൊടുക്കേണ്ട സദ്വാർത്ത (Good News) യേശുക്രിസ്തു അവരുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ച് , അടക്കപ്പെട്ട്,

(ശേഷം 29-ാം പേജിൽ)

# തിരുവെഴുത്തുകളുടെ വ്യാഖ്യാനം

## പാ. രാധാകൃഷ്ണൻ

(26-ാം പേജിൽ നിന്നും തുടർച്ച)

നുഷ്യൻ ശുശ്രൂഷാമണ്ഡലത്തിൽ അഥവാ വിശ്വാസജീവിതത്തിൽ യേശുവിനെപ്പോലെ മാതൃകാപുരുഷനായിരിക്കണം. ആത്മാക്കളുടെ കണക്ക് ബോധിപ്പിക്കേണ്ടവനാണവൻ (എബ്രാ.13:17). ക്രിസ്തുവിന്റെ ആത്മാവിനാൽ നമ്മിൽ വരച്ചെടുത്ത് ജീവിതസാക്ഷ്യത്തിലൂടെ മറ്റുള്ളവരിലേക്ക് പകർത്തേണ്ടുന്നവരാണ് നാം (യോഹ.15:26 -27, 2 കൊരി.2:14-15, 3:2-3). തിരുമേശമേൽനിന്ന് അപ്പം മുറിച്ചെടുത്ത് ഭക്ഷിക്കുകയും വീഞ്ഞ് പകർന്ന് കുടിക്കുകയും ചെയ്യുന്ന ഓരോ വിശ്വാസിയും, യേശുവിന്റെ വിശുദ്ധമരണത്താലും രക്തമൊഴുക്കിനാലും വിശുദ്ധരായി, കണ്ണിൽ സ്നേഹാശ്രുക്കൾ നിറഞ്ഞുകൊണ്ടാണൊ അവയെ സ്വീകരിക്കുന്നത്? 'വന്നാട്ടെ, തിന്നാട്ടെ' എന്ന അലംഭാവത്തോടെയാണ് തിരുമേശക്കരികിലെത്തുന്നതെങ്കിൽ എങ്ങനെയാണ്, സത്യദൈവത്തിന്റെ സാരസർവ്വസ്വവും സത്തയുമാകുന്ന വിശുദ്ധകലപ്നയെ പാലിക്കുവാൻ സാധിക്കുക? (യോഹ.3:16, യോഹ.13:34, 1 യോഹ.3:16). 'ഈ കപടലോകത്തൊരു ആത്മാർത്ഥഹൃദയമുണ്ടായതാണെൻ തെറ്റ്' എന്ന കവിവാക്യത്തെ ഏറ്റെടുക്കുന്നവരല്ല നമ്മൾ. ഈ കപടലോകത്തിൽ ഒരു ഹൃദയമുണ്ടായതാണെൻ ഭാഗ്യം എന്നതായിരിക്കണം നമ്മുടെ ഭാവം.

7. തിരുവെഴുത്തുകളൊ ദൈവത്തിന്റെ ശക്തിയൊ അറിയായ്കകൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകളെന്തൊക്കെയാണ്?

പഴയനിയമതിരുവെഴുത്തുകളുടെ വ്യാഖ്യാനമായ സുവിശേഷം സകല മനുഷ്യർക്കുമുള്ള രക്ഷയ്ക്കായുള്ള സത്യപരിജ്ഞാനമാണ്. തിരുവെഴുത്തുകളെ ഗ്രഹിക്കാത്തവർക്ക് സത്യത്തിൽനിന്നും അകന്ന് ആത്മനാശം വന്നു ഭവിക്കും. ''ജ്ഞാനവും വിവേകവും ജീവവൃക്ഷമാണ്, പ്രബോധനം ജീവനാണ്'' (സദൃശ.3:13,18, 4:13); ''ഇത് ദൈവഭക്തിക്ക് നിദാനവും ദോഷം വിട്ടകലാൻ അനുഗ്രഹദായകവുമാണ്'' (സദൃശ.9:10, 8:13). ഭക്തിയുടെ വേഷം ധരിച്ച് ശക്തിയെ ത്യജിക്കുന്നവരെ (2 തിമൊ.3:5, മത്താ.15:8,9). പഴയനിമയകാലത്തും സുവിശേഷങ്ങളിലും ആത്മീയഗോളത്തിൽ ഇന്നും എങ്ങുമായി കണ്ടുമുട്ടുവാൻ സാധിക്കും. കാത്തിരുന്ന് അഭിഷേകശക്തിയും വെളിപാടും പ്രാപിക്കാത്ത ഒരു മനുഷ്യനെയും കർത്താവ് ഒരിക്കലും ശശ്രൂഷയ്ക്കായി നിയോഗിച്ചയച്ചിട്ടില്ല (അപ്പൊ.1:4,8, 2:3,4, 14-37). ഇങ്ങനെയല്ലാത്തവർ 'ലോകവും അതിലുള്ളതിനെയൊ സ്നേഹിക്കുന്നവരും മതമത്സരികളുമാണ്. മത്സരസ്വഭാവം മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ഒരു വൈരുദ്ധ്യമാണ്. ധനമോഹവും സ്ഥാനമോഹവും മനുഷ്യനെ വഴി പിഴപ്പിച്ചുകളയുന്നു. രക്ഷിക്കപ്പെട്ടു എന്നു പറയുന്നവർ പോലും പലപ്പോഴും ആത്മാവിന് കീഴടങ്ങുന്നതിനു പകരം ജഡത്തിനും ലോകത്തിനും പിശാചിനും തങ്ങളെത്തന്നെ വിധേയപ്പെടുത്തുന്നു. ഇതുമൂലം ആത്മീയ വിഷയങ്ങൾ ഗ്രഹിക്കുന്നതിന് ഇത്തരക്കാർക്ക് ശക്തിയില്ലാതെ പോകുന്നു. കാലത്തിന്റെ എല്ലാ ലക്ഷണങ്ങളും വിളിച്ചോതുന്നു, യേശു വരുവാൻ സമയമായി; നമുക്ക് "വചനത്തിൽ വിശ്വസിക്കാം'' (യോഹ.17:20), വചനം ദൈവമാണ് അതിന്റെ ആകമാന മൂർത്തരൂപം യേശുവാണ്. തിരുവെഴുത്തുകൾക്കു മുന്നിൽ ധ്യാനനിരതരാകാം, കർത്താവിൽ നിന്നും വചനം കേൾക്കാം, ജീവിതസാക്ഷ്യത്തിലൂടെ അനുഭവമാക്കിയെടുക്കാം, അവന്റെ ലാവണ്യവാക്കുകൾ നമ്മെ നിത്യതയിലേക്ക് ആനയിക്കട്ടെ.

സത്യദൈവം ഒരുക്കിയിരിക്കന്ന സകലമാന നന്മകളും, നിത്യസൗഭാഗ്യങ്ങളും ഒരുവൻ സ്വായത്തമാക്കാൻ ശ്രമിക്കുന്നത് തിരുവചനത്തിലൂടെ മാത്രമാണ്. ദൈവം ആരുടെമേലും സമ്മർദ്ദം ചെലുത്തുകയില്ല; അവന്റെ കൃപയാൽ തന്നെയും അവന്റെ വചനത്തിനായി വരുന്നവനോട് ദൈവം സംസാരിക്കുകയും അവന്റെ ഹൃദയത്തെ ദിവ്യപ്രകാശം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു (സങ്കീ.119:130). വാക്കുകൾക്കതീതവും അവർണ്ണനീയവുമായ അവിടുത്തെ കൃപയുടെ മഹത്വത്തെ വരും കാലങ്ങളിൽ അതിന്റെ പൂർണ്ണതയിൽ ദർശിക്കുവാനായി (എഫേ.1:17 -19) രാപ്പകൽ നമുക്ക് അവിടുത്തെ വചനത്തെ- തിരുവെഴുത്തുകളെ ധ്യാനിക്കാം; വിശുദ്ധന്മാരിലൂടെ സത്യമായ വ്യാഖ്യാനങ്ങൾ കേൾക്കാം; വായിക്കാം; സകല അശുദ്ധികളിൽ നിന്നുമകന്നുകൊണ്ട് നമുക്ക് വിശുദ്ധിയെ തികയ്ക്കാം. നിത്യതയിൽ ദൈവത്തോടുകൂടെ എന്നുമായിരിക്കുവാൻ വചനസ്വരൂപനായ ദൈവപുത്രനിൽ വഴിയൊരുക്കപ്പെട്ടിരിക്കുന്നു. "അവന്റെ നാമം ദൈവവചനം എന്നാകുന്നു'' (വെളി.19:13).

# സമ്പൂർണ്ണസുവിശേഷം

## പാ.ടോമിച്ചൻ

(27-ാം പേജിൽ നിന്നും തുടർച്ച)

ഉയർത്തെഴുന്നേറ്റു എന്നതാണ്. തനിക്ക് പകരക്കാരനായിട്ട് യേശുക്രിസ്തു മരിച്ചു എന്ന് ഹൃദയം കൊണ്ടംഗീകരിച്ച് അധരം കൊണ്ട് യേശുവിനെ കർത്താവായും രക്ഷിതാവായും അംഗീകരിച്ചേറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ ഒരുവൻ രക്ഷിക്കപ്പെടും. (രക്ഷപ്പെടും എന്നല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്) (റോമർ.10:9-10). രക്ഷപ്രാപിക്കേണം എന്ന ആവശ്യബോധത്തോടെ ''ഞങ്ങൾ എന്തു ചെയ്യേണ്ടു?'' എന്ന് ചോദിച്ച പുരുഷാരത്തോട് അപ്പൊസ്തലനായ പത്രോസ് പറഞ്ഞത്: '' നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു''(അപ്പൊ.2:38-39).

**സമ്പൂർണ്ണ സുവിശേഷം**

അപ്പൊസ്തലനായ പൗലോസ് മൂന്നു വർഷക്കാലം രാപ്പകൽ ശുശ്രൂഷ ചെയ്ത ശേഷം എഫേസോസിലേക്ക് മറ്റു സഭകളിലെ മൂപ്പന്മാരെ ആളയച്ചു വരുത്തി അവരോട് നടത്തുന്ന ദീർഘമായ പ്രഭാഷണം ഒന്ന് ശ്രദ്ധിക്കുക: ''ഞാൻ ആസ്യയിൽ വന്ന ഒന്നാം നാൾ മുതൽ എല്ലായ്പ്പോഴും നിങ്ങളോടുകൂടെ എങ്ങനെയിരുന്നു എന്നും വളരെ താഴ്മയോടും കണ്ണുനീരോടും യഹൂദന്മാരുടെ കൂട്ടുകെട്ടുകളാൽ എനിക്കുണ്ടായ കഷ്ടങ്ങളോടും കൂടെ കർത്താവിനെ സേവിച്ചു വന്നു എന്നും പ്രയോജനമുള്ളത് ഒന്നും മറച്ചുവയ്ക്കാതെ പരസ്യമായും വീടുതോറും നിങ്ങളോട് അറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു എന്നും ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും യഹൂദന്മാർക്കും യവനന്മാർക്കും സാക്ഷീകരിച്ചു എന്നും നിങ്ങൾ അറിയുന്നുവല്ലോ'' (അപ്പൊ.20:19-21). മൂപ്പന്മാരോട് ദൈവത്തിന്റെ മുഴു ആലോചന അറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു. എന്നുവെച്ചാൽ സമ്പൂർണ്ണ സുവിശേഷത്തിന്റെ എല്ലാ വശങ്ങളും അവരെ പഠിപ്പിച്ചു. എന്നാൽ മാനസാന്തരപ്പെടാത്ത യഹൂദന്മാ രോടും യവനന്മാരോടും മാനസാന്തരവും (എല്ലാ വിശദാംശങ്ങളോടെ) യേശുക്രിസ്തുവിലുള്ള വിശ്വാസവും ആണ് പ്രസംഗിച്ചത് (പ്രാരംഭ സുവിശേഷം). നാമും പ്രാരംഭ സുവിശേഷസത്യങ്ങൾ കേട്ടതാണെങ്കിൽ സമ്പൂർണ്ണ സുവിശേഷത്തിലേക്ക് (കടന്നിട്ടില്ലെങ്കിൽ) വേഗം കടക്കണം. നാം എത്രയധികം അളവിൽ ഭക്ഷണം കഴിച്ചാലും ശരീരത്തിന് ആവശ്യമായ പോഷകാഹാരം അതിൽനിന്ന് ലഭ്യമല്ലാതെ പോയാൽ അപകടകരമായിരിക്കുമെന്നതുപോലെ നമുക്ക് ആവശ്യമായത് ലഭിക്കുന്നുണ്ടെന്ന് നാം ഉറപ്പു വരുത്തണം.

സുവിശേഷം കേട്ട് രക്ഷിക്കപ്പെട്ടവരോടും മാനസാന്തരപ്പെട്ടവരോടും പൗലൊസ് ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെയ്ക്കാതെ നൽകണമെന്ന് തീവ്രമായി അഭിലഷിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു (അപ്പൊ.20:27). പൗലൊസ് അവരോട് ഇപ്രകാരം പറഞ്ഞു: ''എങ്കിലും എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശുക്രിസ്തു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളു'' (അപ്പൊ.20:24). ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങൾ വിട്ട് കട്ടിയായുള്ള ആഹാരം കൊടുക്കണമെന്ന ആഗ്രഹത്താലാണ് അപ്പൊസ്തലനായ പൗലൊസ് മൂന്ന് സംവത്സരം രാപ്പകൽ എഫേസോസിൽവെച്ച് മൂപ്പന്മാരെ പഠിപ്പിച്ചത്.

ക്രിസ്തീയഗോളത്തിൽ പലരും ആദ്യപാഠങ്ങൾ (ഹെബ്രം.6.1-2) വിട്ട് ഉയരുന്നതിൽ വലിയ താൽപര്യമെടുക്കാറില്ല. കാരണം അവ അൽപ്പംകൂടി കട്ടിയായ ആഹാരമാണ്. പാൽ കുടിക്കുവാനാണിഷ്ടം എന്നർത്ഥം. വചനം പറയുന്നു ''പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രെ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു'' (എബ്രാ.5:13-14). എബ്രായ ക്രിസ്ത്യാനികൾക്കും കൊരിന്ത്യവിശ്വാസികൾക്കും ഈ പ്രശ്നമുണ്ടായിരുന്നു; അതായത് പാൽ കുടിക്കുന്നതിൽ നിന്ന് ഉയരുവാൻ കഴിയാത്ത അവസ്ഥ. എബ്രാ.5:11-14: ''കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ട നിങ്ങൾക്ക് ദൈവത്തി

# സമ്പൂർണ്ണസുവിശേഷം

## പാ.ടോമിച്ചൻ

ന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെതന്നെ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു: കട്ടിയായുള്ള ആഹാരമല്ല, പാൽ അത്രേ നിങ്ങൾക്ക് ആവശ്യമെന്ന് വന്നിരിക്കുന്നു. പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ.''

എബ്രാ.6:1-2 – "അതുകൊണ്ടു നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളേക്കുറിച്ചുള്ള ഉപദേശം, കൈവെയ്പ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം, പിന്നെയും ഇടാതെ നാം ക്രിസ്തുവിനേക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക.''

1 കൊരി.2:2,6,7 – "ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെയല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെയിടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു.'' "എന്നാൽ തികഞ്ഞവരുടെയിടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ഈ ലോകത്തിന്റെ ജ്ഞാനമല്ല, നശിച്ചുപോകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല; ദൈവം ലോകസൃഷ്ടിക്കു മുമ്പേ നമ്മുടെ തേജസ്സിനായി മുൻ നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു.''

1 കൊരി.3:1-2 – "എന്നാൽ സഹോദരന്മാരേ നിങ്ങളോട് എനിക്ക്, ആത്മികന്മാരോട് എന്ന പോലയെല്ല, ജഡികന്മാരോട് എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളായവരോട് എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളൂ. ഭക്ഷണമല്ല പാൽ അത്രേ ഞാൻ നിങ്ങൾക്ക് തന്നത്; ഭക്ഷിപ്പാൻ നിങ്ങൾക്ക് കഴിവില്ലായിരുന്നു; ഇപ്പോഴും കഴിവായിട്ടില്ല; ഇന്നും നിങ്ങൾ ജഡികന്മാരല്ലോ.''

എബ്രായ കൊരിന്ത്യ വിശ്വാസികൾ ആദ്യ വചനം കിട്ടിയിട്ടും ജഡികന്മാരായി തുടർന്നപ്പോൾ എഫേസ്യ സഭ ദൈവത്തിന്റെ എല്ലാ ആലോചനകളും ലഭിച്ച് ആത്മീയസഭയായി മുന്നേറി. എഫേസ്യ ലേഖനത്തിൽ പൗലൊസിന് അവിടെയുള്ള വിശ്വാസികളെ ശാസിച്ചുകൊണ്ട് ഒന്നുംതന്നെ എഴുതേണ്ടതായി വന്നില്ല. കാരണം, അവൻ അവരോടുകൂടെ പാർത്ത് ദൈവത്തിന്റെ എല്ലാ ആലോചനയും പഠിപ്പിച്ചു, കണ്ണുനീരോടുകൂടെ.

സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളുടെയും അവകാശികളായിരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവർ പ്രായംകൊണ്ട് മുതിർന്നാലും ആത്മീയ അറിവിൽ ശിശുവാണെങ്കിൽ എന്ത് ഫലം! ആകയാൽ നാം ചെയ്യേണ്ടത്: "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു'' (2 തിമൊ.3:16).

കാൽവരിക്രൂശിൽ എന്തു സംഭവിച്ചുവെന്നതാണ് യഥാർത്ഥത്തിൽ സുവിശേഷത്തിന്റെ കാതലായ സന്ദേശം. "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴു


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# സമ്പൂർണ്ണസുവിശേഷം

**പാ.ടോമിച്ചൻ**

ന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക: അത് ആകുന്നു എന്റെ സുവിശേഷം" (2 തിമൊ.2:8). "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്തവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു" (1 കൊരി.1:18). പ്രാരംഭനിലയിൽ എല്ലാ മനുഷ്യരും അറിയേണ്ട സുവിശേഷം (Good news) താഴെ കൊടുക്കുന്നു.

1. 2 കൊരി.5:21 – "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി"

2. 1 പത്രൊ.2:24 – "നാം പാപം സംബന്ധിച്ച് മരിച്ചു നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു."

3. 2 കൊരി.8:9 – "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രർ ആയിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ."

4. ഗലാ.3:13–14 – "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ"എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലയ്ക്കു വാങ്ങി. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ."

അപ്പൊസത്ലനായ പൗലൊസ് എബ്രായലേഖനത്തിൽ എഴുതിയ (എബ്രാ.6:1–2) അടിസ്ഥാന വേദോപദേശസത്യങ്ങൾ താഴെ കാണുന്നവയാണ്:-

1. മാനസാന്തരം
2. ദൈവത്തിങ്കലുള്ള വിശ്വാസം
3. സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം (ജലസ്നാനം, ആത്മസ്നാനം)
4. കൈവെയ്പ്പ്
5. മരിച്ചവരുടെ പുനരുത്ഥാനം
6. നിത്യശിക്ഷാവിധി

വളർച്ചയുടെ പടവുകളിൽ പൗലൊസിന്റെ ശുശ്രൂഷയിലും വളർച്ചയെ കാണുവാൻ കഴിയും. ഉദാഹരണമായി റോമാലേഖനം 15–ാം അദ്ധ്യായം 18,19,20 വാക്യങ്ങൾ ശ്രദ്ധിക്കുക.

"ക്രിസ്തു ഞാൻ മുഖാന്തരം ജാതികളുടെ അനുസരണത്തിനായിട്ട് വചനത്താലും പ്രവൃത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ശക്തി കൊണ്ടും പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടും പ്രവർത്തിച്ചത് അല്ലാതെ മറ്റൊന്നും മിണ്ടുവാൻ ഞാൻ തുനിയുകയില്ല. അങ്ങനെ ഞാൻ യെരുശലേം മുതൽ ഇല്ലൂര്യ ദേശത്തോളം ചുറ്റിസഞ്ചരിച്ചു ക്രിസ്തുവിന്റെ സുവിശേഷഘോഷണം പൂരിപ്പിച്ചിരിക്കുന്നു. ഞാൻ മറ്റൊരുവന്റെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിനു ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല."

അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും അകമ്പടി പൗലൊസിന്റെ ശുശ്രൂഷയിൽ ഉടനീളം ഉണ്ടായിരുന്നതിന്റെ കാരണം ദൈവത്തിന്റെ മുഴു ആലോചനയും അറിയിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നതു കൊണ്ടാണ്. സുവിശേഷം എന്നത് സത്യത്തിൽ യേശുക്രിസ്തുവിന്റെ ജീവിതം, മരണം, അടക്ക്, ഉയിർപ്പ്, ഉത്ഥാനം, മടങ്ങിവരവ് എന്നിവയോടുള്ള ബന്ധത്തിലെ സദ്വർത്തമാനങ്ങളാണ്. "എന്നാൽ സഹോദരന്മാര, ഞാൻ നിങ്ങളോടു സുവിശേഷം അറിയിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാ അല്ലെന്നുവരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഈ വിധം നിങ്ങളോട് സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകൾ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതുന്നെ നിങ്ങൾക്ക് ആദ്യമായി ഏൽപ്പിച്ചുതന്നുവല്ലോ" (1 കൊരി.15:1–4).

സുവിശഷം കേട്ട് വിശ്വസിക്കുന്നവർ രക്ഷയുടെ ബഹുമുഖങ്ങളായ അനുഗ്രഹങ്ങളിലേക്കാണ് കടക്കുന്നത്. രോഗസൗഖ്യം, പൈശാചികശക്തികളിൽ നിന്നുള്ള വിടുതൽ, പാപമോചനം, പരിശുദ്ധാത്മസ്നാനം, ആത്മരക്ഷ, മന:ശാന്തി തുടങ്ങി നിരവധി

# സമ്പൂർണ്ണസുവിശേഷം

പാ.ടോമിച്ചൻ

അനുഗ്രഹങ്ങളുടെ ലോകത്തേക്കുള്ള വഴിയാണ് സുവിശേഷം. എണ്ണിയാൽ തീരാത്ത നന്മകളാണ് ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ഒരുക്കിയിട്ടുള്ളത്. അതുകൊണ്ടാണ് പൗലൊസ് ഇപ്രകാരം എഴുതിയത്;

1. 1 കൊരി.2:9 – "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല."

2. ഹെബ്രാ.2:3,4 – "കർത്താവു താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിയൊഴിയും?"

യേശുക്രിസ്തുവിന്റെ സുവിശേഷം കേവലം ആത്മാവിന്റെ മാത്രം രക്ഷയല്ല. ആത്മാവിന്റെയും മനസ്സിന്റെയും ശരീരത്തിന്റെയും രക്ഷയാണ് (യേശ.61:1–3, 1 തെസ്സ.5:23, എബ്രാ.4:12). നിർഭാഗ്യവശാൽ നാമിന്ന് ആത്മലോകത്തിൽ ഭാഗികമായ സുവിശേഷം പലയിടത്തും കാണുന്നു. യേശുക്രിസ്തു വിഭാവനം ചെയ്ത സമ്പൂർണ്ണസുവിശേഷം അവതരിപ്പിക്കുവാനാണ് തന്റെ ശിഷ്യരെ നിയോഗിച്ചയച്ചത് നമുക്കിനിയെങ്കിലും ഒരു തിരിച്ചറിവുണ്ടാകട്ടെ. ആത്മാവിന്റെ രക്ഷയ്ക്ക് മാത്രമല്ല ദേഹിയുടെയും ദേഹത്തിന്റെയും രക്ഷയ്ക്കായി നാം പ്രവൃത്തിക്കേണ്ടതുണ്ട്; നൽകുവാൻ ദൈവം തയ്യാറാണല്ലോ! "പ്രിയനേ, നിന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും സുഖമായും ശുഭമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു" (3 യോഹ.2). ("Beloved I wish above all things that thou mayest prosper and be in health, even as thy soul prospereth'' (3john.2 kjv). കേവലം ആത്മരക്ഷയ്ക്കായി മാത്രം സുവിശേഷം പറയുന്നത് സമ്പൂർണ്ണ സുവിശേഷമല്ല. തന്റെ ശിഷ്യന്മാരെ യേശുക്രിസ്തു ദൈവരാജ്യം പ്രസംഗിക്കുവാൻ പറഞ്ഞുവിട്ടപ്പോൾ "അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു സകല ഭൂതങ്ങളുടെ മേലും വ്യാധികളെ സൗഖ്യമാക്കുവാനും അവർക്ക് ശക്തിയും അധികാരവും കൊടുത്തു" (ലൂക്ക.9:1–2). താഴെ കൊടുത്തിരിക്കുന്ന ദൈവവചനഭാഗങ്ങൾ ശാന്തമായി അപഗ്രഥനം ചെയ്താൽ സമ്പൂർണ്ണ സുവിശേഷം കൊടുക്കേണ്ടത് എങ്ങനെ എന്ന് വ്യക്തമാകും.

1. യെശ.61:1–3 – "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവ് എന്റെ മേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസം പ്രസിദ്ധമാകുവാനും ദു:ഖിതന്മാരെയൊക്കെ ആശ്വസിപ്പിപ്പാനും സീയോനിലെ ദു:ഖിതന്മാർക്ക് വെണ്ണീറിന് പകരം അലങ്കാരമാലയും ദു:ഖത്തിന്നു പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു."

2. മർക്കോ. 3:13–14 – "പിന്നെ അവൻ മലയിൽ കയറി തനിക്ക് ബോധിച്ചവരെ അടുക്കൽ വിളിച്ചു; അവർ അവന്റെ അരികെ വന്നു. അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിനു അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു."

3.ലൂക്കാ 10.1 – "അനന്തരം കർത്താവ് വേറേ എഴുപതുപേരേ നിയമിച്ചു, താൻ ചെല്ലുവാനുള്ള ഒരോ പട്ടണത്തിലേക്കും സ്ഥലത്തേക്കും അവരെ തനിക്കു മുമ്പായി ഈരണ്ടായി അയച്ചു, അവരോടു പറഞ്ഞു: കൊയ്ത്തു വളരെ ഉണ്ട് സത്യം; വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിനു വേലക്കാരെ അയക്കേണ്ടതിന് അപേക്ഷിപ്പിൻ".

4.മർക്കോസ്.16:15–18 – "പിന്നെ അവൻ അവരോട്: നിങ്ങൾ പോയി സകല സൃഷ്ടിയോടും സുവിശേഷം

# സമ്പൂർണ്ണസുവിശേഷം

## പാ.ടോമിച്ചൻ

പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനമേൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതു ഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നും കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെമേൽ കൈവച്ചാൽ അവർക്ക് സൗഖ്യം വരും എന്ന് പറഞ്ഞു''.

5.മത്തായി.28:18-20 – ''യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു''.

അപ്പൊസ്തലന്മാർ പ്രഘോഷിച്ചത് സമ്പൂർണ്ണ സുവിശേഷം ആയിരുന്നു. (റൊമർ.15:18-19) ദൈവീക ആലോചനയ്ക്ക് ചെവി കൊടുക്കാത്ത യാതൊരു സുവിശേഷവും പൂർണ്ണമല്ല. ക്രിസ്തീയജീവിതത്തിന്റെ മാഹാത്മ്യം തിരിച്ചറിയുവാൻ നമുക്ക് കഴിയണമെങ്കിൽ സമ്പൂർണ്ണസുവിശേഷത്തിന്റെ പ്രയോക്താക്കളായി നാം മാറണം. പഴയനിയമഭക്തനായ ദാവീദുപോലും "തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്തശേഷം നിദ്ര പ്രാപിച്ച് തന്റെ പിതാക്കന്മാരോട് ചേർന്ന് ദ്രവത്വം കണ്ടു'' (അപ്പൊ.13:36) എന്ന് നാം വായിക്കുന്നുണ്ടല്ലൊ.

യോഹ.15:15 പറയുന്നു: "യജമാനൻ ചെയ്യുന്നത് ദാസൻ അറിയായ്കകൊണ്ട് ഞാൻ നിങ്ങളെ ദാസന്മാർ എന്ന് ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോട് കേട്ടതെല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്ന് പറഞ്ഞിരിക്കുന്നു." അതെ നമുക്ക് യേശുക്രിസ്തുവിന്റെ നല്ല സ്നേഹിതന്മാരാകാം. ''ആരംഭത്തിൽ തന്നെ അവസാനവും പൂർവ്വകാലത്തു തന്നെ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാകും, ഞാൻ എന്റെ താല്പര്യമൊക്കെയും അനുഷ്ഠിക്കും എന്നു ഞാൻ പറയുന്നു. ഞാൻ കിഴക്കുനിന്ന് ഒരു റാഞ്ചൻപക്ഷിയെ, ദൂരദേശത്തു നിന്ന് എന്റെ ആലോചനയെ അനുഷ്ഠിക്കുന്ന പുരുഷനെ തന്നെ വിളിക്കുന്നു. ഞാൻ പ്രസ്താവിച്ചിരിക്കുന്നു; ഞാൻ നിവർത്തിക്കും; ഞാൻ നിരൂപിച്ചിരിക്കുന്നു ഞാൻ അനുഷ്ഠിക്കും'' (യേശ.46:10-11).

കേവലം വാക്കുകളുടെ കസർത്തല്ല സുവിശേഷപ്രസംഗം. പൗലൊസപ്പൊസ്തലൻ പറയുന്നത് ശ്രദ്ധിക്കുമല്ലൊ:

''എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാലല്ല. ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്'' (1 കൊരി.2:5).

''സ്നാനം കഴിപ്പിപ്പാൻ അല്ല സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചത്; ക്രിസ്തുവിന്റെ ക്രൂശ് വ്യർത്ഥമാകാതിരിക്കേണ്ടതിന് വാക്ചാതുര്യത്തോടെയല്ല താനും'' (1 കൊരി.1:17).

"ഞാനും, സഹോദരന്മാരേ, നിങ്ങളുടെയടുക്കൽ വന്നപ്പോൾ വചനത്തിന്റെയൊ ജ്ഞാനത്തിന്റെയൊ വൈഭവംകൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോട് പ്രസ്താവിപ്പാൻ വന്നത്'' (1 കൊരി.2:1).

"അത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായത് തെളിയിക്കുന്നു'' (1 കൊരി.2:13).

"ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ച് ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ കൂട്ടു ചേർക്കാതെയും സത്യം വെളിപ്പെടുത്തുന്നതിനാൽ ദൈവസന്നിധിയിൽ സകല മനുഷ്യരുടെയും മന:സ്സാക്ഷിക്ക് നിങ്ങളെതന്നെ ബോധ്യമാക്കുന്നു'' (2 കൊരി.4:2).

## 44-കാരന്റെ സാക്ഷ്യം: 25 വർഷം മുമ്പ് നടത്തിയ കൊലപാതകം ഏറ്റ് പറയുവാൻ യേശു പ്രേരിപ്പിച്ചു

കാലിഫോർണിയ: 25 വർഷം മുമ്പ് സംഘം ചേർന്ന് യുവാവിനെ കൊലപ്പെടുത്തിയ കേസിൽ കുറ്റം ഏറ്റ് പറയുവാനും അനുതപിക്കുവാനും യേശുക്രിസ്തു നിരന്തരം പ്രേരിപ്പിച്ചതായി കൊലയാളിയുടെ കുറ്റസമ്മതം.

അമേരിക്കയിലെ കാലിഫോർണിയയിലെ ശാസ്ത കൌണ്ടിയിലെ ബ്രയൺ കെയ്ത്ത് ഹോക്കിൻസ് (44) എന്ന കൊലയാളിയുടെ സാക്ഷ്യമാണ് വാർത്തയായിരിക്കുന്നത്. 1993-ലാണ് കൊലപാതകം നടന്നത്. ബ്രയണും അന്നത്തെ കൂട്ടുപ്രതികളുമായ ഷന്നാ കൾവറും (46), ഇവരുടെ സഹോദരൻ കർട്ടിസ് കൾവും (45) ഇപ്പോൾ അറസ്റ്റ് ചെയ്യപ്പെട്ട് ശാസ്ത കൌണ്ടി ജയിലിൽ കഴിയുകയാണ്. മൂവരും ചേർന്ന് അന്ന് ഇരുപതുകാരനായ ഫ്രാങ്ക് വെസ്ളി മക്അലാസ്റ്റർ എന്ന യുവാവിനെ കൊലപ്പെടുത്തി പണം അപഹരിച്ച കേസിനറെ ചുരുളാണ് ഇപ്പോൾ അഴിഞ്ഞിരിക്കുന്നത്.

ബ്രയൺ 2018 ജനുവരി 9-ന് റെഡ്ഡിംഗിലെ ഒരു പ്രാദേശിക ടിവി ചാനലിലാണ് തന്റെ പഴയ അനുഭവസാക്ഷ്യം വിവരിച്ചത്. കെ.ആർ.സി.ആർ. ടിവി സ്റ്റുഡിയോയിൽ താൻ ചെയ്ത കുറ്റവും അതിന് ശേഷം കർത്താവ് തന്റെ ജീവിതത്തിൽ വരുത്തിയ മാറ്റവും വിവരിച്ചു. പ്രതികൾ മൂവരും ചേർന്ന് പണം അപഹരിക്കാനായി ഫ്രാങ്ക് വെസ്ളിയെ കുത്തിക്കൊലപ്പെടുത്തി കാറിൽ കയറ്റിക്കൊണ്ട് പോയി കോസ്റ്റ്കോ പാർക്കിലെ മരങ്ങൾക്കിടയിൽ തള്ളി. വർഷങ്ങൾ കഴിഞ്ഞിട്ടും തങ്ങൾ പിടിക്കപ്പെട്ടില്ല. പക്ഷേ കർത്താവ് ഇടപെടുകയുണ്ടായി. തന്നോട് കുറ്റം ഏറ്റു പറയുവാനും അനുതപിക്കുവാനും യേശു നിരന്തരം പ്രേരണ തന്നുകൊണ്ടിരുന്നു.

കഴിഞ്ഞ വർഷം താൻ മറ്റ് പ്രതികളോട് ഈ വിവരം പറയുകയുണ്ടായി. ഫ്രാങ്കിന്റെ വീട്ടിലെത്തി കുറ്റസമ്മതം നടത്തുവാൻ തീരുമാനിച്ചെന്ന് പറഞ്ഞപ്പോൾ അവർ തിരസ്ക്കരിച്ചു. പക്ഷേ 2017 ആഗസ്റ്റിൽ ഫ്രാങ്കിന്റെ പിതാവ് മരിച്ചതായും അറിഞ്ഞു. താൻ യേശുക്രിസ്തുവിനോട് കൂടുതൽ അടുക്കുവാനിടയായി. ടെലിവിഷൻ സ്റ്റുഡിയോയിൽ ക്യാമറക്കു മുന്നിൽ ബ്രയൺ കണ്ണുനീരോടെ തന്റെ പഴയ കുറ്റങ്ങൾ വിവരിച്ചു.

തുടർന്ന് ഈ വിവരം ടെലികാസ്റ്റ് ചെയ്തപ്പോൾ നാട് ഞെട്ടുവാനിടയായി. റെഡ്ഡിംഗ് പോലീസ് ഡിപ്പാർട്ട്മെന്റ് കൂടുതൽ അന്വേഷിക്കുകയും ബ്രയണെ ചോദ്യം ചെയ്തപ്പോൾ താൻ കുറ്റം ഏറ്റു പറയുകയും ചെയ്തു. പിന്നീട് മറ്റ് പ്രതികളെയും ബന്ധപ്പെട്ട് അവരെയും കസ്റ്റഡിയിലെടുത്തു. കേസ് നിയമപരമായി നടക്കേണ്ടതിനാൽ ബ്രയണും മറ്റ് പ്രതികളും ഇപ്പോൾ ജയിലിലാണ്.

എന്നാലും ബ്രയൺ കർത്താവിനെ സ്തുതിക്കുകയാണിപ്പോൾ. ദൈവത്തിനു മുമ്പിൽ വർഷങ്ങൾ കഴിഞ്ഞാണെങ്കിലും തന്റെ കുറ്റം ഏറ്റ് പറഞ്ഞ് ക്ഷമ ലഭിച്ചതിനാൽ തന്റെ മനസ്സ് ഇപ്പോൾ സന്തോഷിക്കുകയാണെന്നും താൻ മുമ്പ് പാപിയും അന്ധനും ആയിരുന്നെന്നും ബ്രയൺ സാക്ഷീകരിക്കുന്നു.

കടപ്പാട്: Disciples news


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara



2018 മെയ് 21 മുതൽ 26 വരെ
പുളിങ്ങോം ആത്മാഭിഷേകം
വചനാശ്രമത്തിൽ വച്ചു നടന്ന
ആന്തരികസൗഖ്യധ്യാനത്തിൽ
സ്നാനമേറ്റവരിൽ ചിലർ

ATHMABHISHEKAM MONTHLY
2018 JUNE
RNI NO. KER - MAL/2003/12060

Rs.20.00

Registration No.KL/KNR/41/2016-18
Licence to post without pre payment
LICENCE NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th JUNE 2018

*'Assuredly, I say to you, inasmuch as you did it to one of the least of these My brethren, you did it to Me.' (Matthew 25:40)*



ചൈതന്യ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ
പ്രവർത്തിക്കുന്ന അച്ഛൻകിളിക്കൂട്ടിലെ ആശ്രിതർ

lives changing

# CHAITHANYA OLD AGE HOME

(REG. No. 384/2004, A UNIT OF CHAITHANYA SOCIAL SERVICE SOCIETY)

**PULINGOME, KANNUR, KERALA, INDIA**



## അച്ഛൻകിളിക്കൂട്

സാമ്പത്തികമായി
സഹായിക്കാനാഗ്രഹിക്കുന്നവർ
ബന്ധപ്പെടുക

**9947267701, 04985213999**




Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).